## കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

# പ്രവർത്തന റിപ്പോർട്ട്

**2021 ആഗസ്റ്റ് 2 മുതൽ 2022 നവംബർ 30 വരെ**

# വരവ് ചെലവ് കണക്ക്

**2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ**

## 33-ാം ജനറൽബോഡി

## 2022 ഡിസംബർ 28

പഞ്ചായത്ത് ഭവൻ
തിരുവനന്തപുരം

# ആമുഖം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പിൻതുണ നൽകുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് വേണ്ട പരിഹാരം കാണുന്നതിനും പഞ്ചായത്തുകളുടെ ശാക്തീകരണവും ലക്ഷ്യം വച്ച് 1966 ൽ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ഔദ്യോഗിക സംഘടനാ സംവിധാനമാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളേയും അംഗങ്ങളാക്കി രൂപീകരിച്ച ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിലവിലെ ഭരണ സമിതി (2021 – 2026) ചുമതലയേറ്റത് 2021 ആഗസ്റ്റ് രണ്ടിനാണ്.

ഈ ഭരണ സമിതി അധികാരത്തിൽ വന്നശേഷം പഞ്ചായത്തുകളുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെട്ട് പരിഹരിക്കന്നതിൽ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് ദ്വിദിന പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, വിവിധ വിഷയങ്ങളിൽ മാതൃകാപരമായി പ്രവർത്തിക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകളെ സഹായിക്കാനുള്ള പ്രവർത്തനങ്ങൾ ചില പഠന പ്രവർത്തനങ്ങൾ ഇത്തരത്തിൽ ഒട്ടനവധി അക്കാഡമിക് പ്രവർത്തനങ്ങളും കിലയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. കില കൂടാതെ കൃഷി വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, പ്ലാനിംഗ് ബോർഡ് എന്നിവരുമായി ചേർന്നും പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി അധികാരവികേന്ദ്രീകരണത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാന്നതിനും അതിന്റെ സാധ്യതകൾ പരമാവധി ഉപയോഗിക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നതിന് ജാഗ്രതയോടെ നമ്മൾ കൂട്ടായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കൂട്ടായ്മയും, കൂട്ടായി നടത്തുന്ന ആശയ വിനിമയവുമാണ് നമ്മുടെ കരുത്ത്.

ജില്ലാതലത്തിലും അതിന് താഴെ ബ്ലോക്ക് തലത്തിലും പ്രവർത്തനങ്ങൾ കൂടുതൽ കരുത്തുറ്റതാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത് പൂർത്തിയാക്കാൻ കഴിയണം. എല്ലാതിരക്കുകൾക്കിടയിലും പരമാവധി പ്രശ്നങ്ങൾ ഏറ്റെടുക്കാനും, ഇടപെട്ട് പരിഹരിക്കാനും നമുക്ക് കഴിയണം. സർക്കാർ വിഭാവനം ചെയ്യുന്ന പരിപാടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യുന്ന പരിപാടികളും നൂറ് ശതമാനം വിജയത്തിലെത്തിക്കാനും വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും പ്രചരണവും നൽകാനും പരിപാടികൾ ഉണ്ടാവണം. മറ്റ് സംസ്ഥാനങ്ങളിലും ഇൻഡ്യക്ക് പുറത്തും പ്രവർത്തിക്കുന്ന ലോക്കൽ ബോഡി അസോസിയേഷനുകളുമായി ബന്ധം സ്ഥാപിക്കാൻ നമുക്ക് കഴിയണം.

ഇത്തരത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളുടേയും അസോസിയേഷൻ എന്ന നിലയിൽ എല്ലാ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും തുല്യ അവകാശവും ഉത്തരവാദിത്വവുമാണ് ഈ സംവിധാനത്തോടുള്ളത്. അത് ഉൾക്കൊണ്ട് പ്രവർത്തിക്കുവാനും, അധികം വികേന്ദ്രീകരണത്തേയും വികേന്ദ്രീകൃത ആസൂത്രണത്തേയും ശക്തിപ്പെടുത്താനും സംരക്ഷിക്കുവാനും നമുക്ക് കഴിയണം.

ഈ ഭരണസമിതി അധികാരത്തിൽ വന്നതുമുൽ 2022 നവംബർ 30 വരെയുള്ള പ്രവർത്തനറിപ്പോർട്ടും 2022 മാർച്ച് 31 വരെയുള്ള വാർഷിക വരവ് ചെലവ് കണക്കുകളും ഈ ജനറൽബോഡിയുടെ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

കെ.എം ഉഷ
പ്രസിഡന്റ്

കെ. സുരേഷ്
ജനറൽ സെക്രട്ടറി

28.12.2022
തിരുവനന്തപുരം

33-ാം ജനറൽബോഡി നടക്കുന്ന ഈ വേളയിൽ നമ്മെ വിട്ട് പിരിഞ്ഞ നമ്മുടെ സഹപ്രവർത്തകരെ, വഴികാട്ടികളെ അനുസ്മരിച്ച് കൊണ്ട് നമുക്ക് ആരംഭിക്കാം. - കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും 1988 മുതൽ 1995 ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുമായിരുന്ന ശ്രീ. ഡി.ബാലചന്ദ്രൻ, തൃശൂർ ജില്ലയിലെ കടങ്ങോട് ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡ് മെമ്പറായിരുന്ന കെ.പി സുനിൽ, ആലപ്പുഴ പഞ്ചായത്ത് എടത്വ ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന ശ്രീമതി മോളി സിമി, കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് മെമ്പറായിരുന്ന എസ്. അമൃത, ചവറ വാഹന അപകടത്തിൽ മരണപ്പെട്ട ചവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തുളസീധരൻ പിള്ള, കോട്ടയം ജില്ലാ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗവും കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ശ്രീ. ജോയ് കല്ലൂപ്പുര, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ മെമ്പർ വേണുഗോപാലൻ നായർ, കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ മെമ്പർ കെ.പി ബാലൻ, കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി. ഇ.ടി രാധ, കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്ത് മെമ്പറായിരുന്ന കെ.പി മാധവി ടീച്ചർ, പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് മെമ്പർ ശങ്കു ഇല്ല്യാൻ കുറിശ്ശി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റംല തുടങ്ങിയവരും സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രവർത്തകർ, പഞ്ചായത്ത് ജീവനക്കാരായിരുന്നവർ തുടങ്ങിയവരുടെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തികൊണ്ട് നമ്മുടെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും ആരംഭിക്കാം.

## സംഘടന

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏകദേശം ആറ് മാസത്തോളം വൈകിയാണ് നിലവിലെ ഭരണ സമിതി തെരഞ്ഞെടുത്ത് ചുമതലയേറ്റത്. ജനറൽബോഡിയോഗം ചേർന്ന് ഭരണസമിതി രൂപീകരിക്കാൻ കഴിയാത്തതിനാൽ കഴിഞ്ഞ ഭരണസമിതിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലയിലും ഓൺലൈനായി യോഗം ചേർന്ന് സംസ്ഥാനഎക്സിക്യൂട്ടീവിലേക്കുള്ള മൂന്ന് പേരേയും, ജില്ലാകമ്മറ്റിയിലേക്കുള്ളവരേയും തെരഞ്ഞെടുക്കുകയാണുണ്ടായത്.

എല്ലാ ജില്ലാജനറൽബോഡിയോഗവും ഓൺലൈൻ വഴി ഉത്ഘാടനകർമ്മം നിർവ്വഹിച്ചത് അന്നത്തെ ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്ററായിരുന്നു. പ്രധാനപ്പെട്ട ജനപ്രതിനിധികളും മുൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും ജില്ലാതലത്തിൽ കേന്ദ്രീകരിച്ചാണ് ഓരോ ജില്ലയുടേയും ജില്ലാജനറൽബോഡിയേഗങ്ങൾ ഓൺലൈനായി ചേർന്നത്. എല്ലാ ജില്ലയിലേയും ജനറൽബോഡിയോഗത്തിന് നേതൃത്വം നൽകിയത് അന്നത്തെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും പ്രത്യേകിച്ച് ജനറൽ സെക്രട്ടറി അഡ്വ: പി.വിശ്വംഭര പണിക്കരായിരുന്നു. ചുവടെ കൊടുത്തിട്ടുള്ള തീയതികളിലാണ് ജില്ലാ ജനറൽബോഡിയോഗങ്ങൾ ചേർന്നത്.

| ജില്ല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം | 23.07.2021 | പഞ്ചായത്ത് ഭവൻ |
| കൊല്ലം | 22.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| പത്തനംതിട്ട | 02.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| ആലപ്പുഴ | 16.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| കോട്ടയം | 09.07.2021 | കടുത്തുരുത്തി ബ്ലോക്ക് |
| ഇടുക്കി | 12.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| എറണാകുളം | 15.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| തൃശൂർ | 19.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| പാലക്കാട് | 29.06.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| മലപ്പുറം | 28.06.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| വയനാട് | 05.07.2021 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് |
| കോഴിക്കോട് | 06.07.2021 | ജില്ലാപഞ്ചായത്ത് ഹാൾ |
| കണ്ണൂർ | 21.06.2021 | ജില്ലാപഞ്ചായത്ത് ഹാൾ |

| | | |
|---|---|---|
| കാസർകോഡ് | 22.06.2021 | ജില്ലാപഞ്ചായത്ത് ഹാൾ |

2021 ആഗസ്റ്റ് 2-ാം തീയതി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 43 പേരും മുൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും അസോസിയേഷൻ സംസ്ഥാന പ്രസിഡന്റായിരുന്ന അഡ്വ: കെ. തുളസിടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന അഡ്വ: പി. വിശ്വംഭരപണിക്കർ പുതിയ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പാനൽ അവതരിപ്പിച്ച് അംഗീകരിച്ചതോടെ നിലവിലെ എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു. തുടർന്ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റിയോഗം 8 പേരടങ്ങുന്ന ഭാരവാഹികളേയും തെരഞ്ഞെടുത്തു. ഭാരവാഹികളുടേയും എക്സിക്യൂട്ടീവ് കമ്മറ്റികളുടേയും വിവരം ചുവടെ ചേർക്കുന്നു.

## ഭാരവാഹികൾ

| പേര് | ജില്ല | പഞ്ചായത്ത് | ഔദ്യോഗിക സ്ഥാനം |
|---|---|---|---|
| **കെ.എം ഉഷ** | **ഇടുക്കി** | **വണ്ടിപ്പെരിയാർ** | **പ്രസിഡന്റ്** |
| **കെ. സുരേഷ്** | **പാലക്കാട്** | **ലക്കിടി പേരൂർ** | **ജനറൽ സെക്രട്ടറി** |
| പുഷ്പലത മധു | ആലപ്പുഴ | ബുധനൂർ | വൈസ് പ്രസിഡന്റ് |
| രാജുകട്ടക്കയം | കാസർകോഡ് | ബളാൽ | വൈസ് പ്രസിഡന്റ് |
| വി.വി മുഹമ്മദ് അലി | കോഴിക്കോട് | നാദാപുരം | വൈസ് പ്രസിഡന്റ് |
| കെ.കെ രാജീവൻ | കണ്ണൂർ | പിണറായി | സെക്രട്ടറി |
| കെ.ആർ ജയകുമാർ | എറണാകുളം | എടക്കാട്ടുവയൽ | സെക്രട്ടറി |
| തങ്കമ്മ ജോർജ് കുട്ടി | കോട്ടയം | എരുമേലി | സെക്രട്ടറി |

# എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ

| പേര് | ജില്ല | പഞ്ചായത്ത് |
|---|---|---|
| റ്റി.കെ രവി | കാസർകോട് | കിനാനൂർ കരിന്തളം |
| പി.പി പ്രസന്നകുമാരി | കാസർകോട് | പീലിക്കോട് |
| കെ.പി രമണി | കണ്ണൂർ | മലപ്പട്ടം |
| പി. സി ഷാജി | കണ്ണൂർ | ഉളിക്കൽ |
| മുഹമ്മദ് ഇസ്മൈൽ | മലപ്പുറം | പൂക്കോട്ടൂർ |
| ശ്രീനിവാസൻ സി.ഒ | മലപ്പുറം | പുറത്തൂർ |
| വത്സമ്മ | മലപ്പുറം | ചുങ്കത്തറ |
| പി.ജി. ജോർജ്ജ് മാസ്റ്റർ | കോഴിക്കോട് | കാവിലുംപാറ |
| പി. ശാരുതി | കോഴിക്കോട് | ഒളവണ്ണ |
| കെ.ഇ വിനയൻ | വയനാട് | മീനങ്ങാടി |
| പി. ബാലൻ | വയനാട് | പടിഞ്ഞാറത്തറ |
| എം. വി വിജേഷ് | വയനാട് | വൈത്തിരി |
| ഉണ്ണികൃഷ്ണൻ | പാലക്കാട് | മരുതറോഡ് |
| പി.എസ് ശിവദാസ് | പാലക്കാട് | പട്ടഞ്ചേരി |
| എസ്. ബസന്ത് ലാൽ | തൃശൂർ | എരുമപ്പെട്ടി |
| വി. തങ്കമ്മ | തൃശൂർ | പാഞ്ഞാൾ |
| വി.കെ ഫസലുൽ അലി | തൃശൂർ | വടക്കേക്കാട് |
| റെഞ്ചി കുര്യൻ കൊള്ളിനാൻ | എറണാകുളം | മുളംതുരുത്തി |
| കെ.എസ് രാധാകൃഷ്ണൻ | എറണാകുളം | കുമ്പളം |
| വി. സജീവൻ | ആലപ്പുഴ | ആറാട്ടുപുഴ |
| വിനോദ് | ആലപ്പുഴ | തൃക്കുന്നപുഴ |
| സിബി എബ്രഹാം | ഇടുക്കി | വണ്ടൻമേട് |
| സുരേഷ് ബാബു | ഇടുക്കി | കോടിക്കുളം |
| അഡ്വ. സി ആർ ശ്രീകുമാർ | കോട്ടയം | ചിറക്കടവ് |
| ജോണിക്കുട്ടി മഠത്തിലകം | കോട്ടയം | പാറത്തോട് |
| കെ.സി ജയിംസ് | കോട്ടയം | തീക്കോയി |
| രാജഗോപാലൻ നായർ പി | പത്തനംതിട്ട | ഏനാദിമംഗലം |

| | | |
|---|---|---|
| പിങ്കി ശ്രീധർ | പത്തനംതിട്ട | മെഴുവേലി |
| അഡ്വ: ജോൺസൺ വിളവിനാൽ | പത്തനംതിട്ട | ഓമല്ലൂർ |
| ഡോ. രാജശേഖരൻ | കൊല്ലം | പനയം |
| ബിനോജ് | കൊല്ലം | വെളിയം |
| അനീഷ് പടപ്പക്കര | കൊല്ലം | പേരയം |
| പി.വി രാജേഷ് | തിരുവനന്തപുരം | പുല്ലമ്പാറ |
| മഞ്ജു സ്മിത | തിരുവനന്തപുരം | പാറശ്ശാല |
| എം.എം ഷാഫി | തിരുവനന്തപുരം | പാങ്ങോട് |

## ജില്ല പ്രസിഡന്റ്, സെക്രട്ടറിമാർ

| ജില്ല | പേര് | ഔദ്യോഗിക സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| തിരുവനന്തപുരം | വി. വിജുമോഹൻ | പ്രസിഡന്റ് | ആര്യനാട് |
| ,, | എൻ. എസ് നവനീത് കുമാർ | സെക്രട്ടറി | കൊല്ലയിൽ |
| കൊല്ലം | ഷാഹിത | പ്രസിഡന്റ് | മയ്യനാട് |
| ,, | ഉണ്ണികൃഷ്ണൻ | സെക്രട്ടറി | പടിഞ്ഞാറെ കല്ലട |
| പത്തനംതിട്ട | പി.എസ് മോഹനൻ | പ്രസിഡന്റ് | പെരിനാട് |
| ,, | കെ.കെ.ശ്രീധരൻ | സെക്രട്ടറി | കൊടുമൺ |
| കോട്ടയം | കെ.സി ബിജു | പ്രസിഡന്റ് | മണർകാട് |
| ,, | അജയൻ കെ മേനോൻ | സെക്രട്ടറി | തിരുവാർപ്പ് |
| ആലപ്പുഴ | പി.സി സംഗീത | പ്രസിഡന്റ് | മാരാരികുളം തെക്ക് |
| ,, | എൻ. സജീവൻ | സെക്രട്ടറി | ആറാട്ട്പുഴ |
| ഇടുക്കി | എം ലതീഷ് | പ്രസിഡന്റ് | ഉടുമന്നൂർ |
| ,, | വക്കച്ചൻ വയലിൽ | സെക്രട്ടറി | കഞ്ഞികുഴി |
| എറണാകുളം | പി.കെ ചന്ദ്രശേഖരൻ നായർ | പ്രസിഡന്റ് | വാരപ്പെട്ടി |
| ,, | മാത്യൂസ് വർക്കി | സെക്രട്ടറി | പായിപ്ര |
| തൃശൂർ | എസ്. ബസന്ത് ലാൽ | പ്രസിഡന്റ് | എരുമപ്പെട്ടി |
| ,, | ടി.വി സുരേന്ദ്രൻ | സെക്രട്ടറി | പുന്നയൂർ |
| പാലക്കാട് | പ്രേംകുമാർ | പ്രസിഡന്റ് | എരിമയൂർ |
| ,, | ഇ. ചന്ദ്രബാബു | സെക്രട്ടറി | ചളവറ |
| മലപ്പുറം | കലാം മാസ്റ്റർ | പ്രസിഡന്റ് | പെരുവള്ളൂർ |
| ,, | പി. ഉസ്മാൻ | സെക്രട്ടറി | മൂത്തേടം |
| വയനാട് | എച്ച് ബി പ്രദീപ് | പ്രസിഡന്റ് | എടവക |
| ,, | എ.കെ റഫീഖ് | സെക്രട്ടറി | മുപ്പൈനാട് |
| കോഴിക്കോട് | പി.ജി ജോർജ്ജ് | പ്രസിഡന്റ് | കാവിലുംപാറ |
| ,, | പി.ശാരുതി | സെക്രട്ടറി | ഒളവണ്ണ |
| കണ്ണൂർ | എം. ശ്രീധരൻ | പ്രസിഡന്റ് | ചെറുതാഴം |
| ,, | പി.സി ഗംഗാധരൻ | സെക്രട്ടറി | മാങ്ങാട്ടിടം |
| കാസർകോഡ് | കെ.പി വത്സലൻ | പ്രസിഡന്റ് | കയ്യൂർ ചീമേനി |
| ,, | അഡ്വ: എ.പി ഉഷ | സെക്രട്ടറി | ദേലംപാടി |

# അറ്റൻഡൻസ്

ഈ ഭരണസമിതി അധികാരത്തിൽ വന്നതുമുതൽ 2022 നവംബർ 30 വരെ 14 ഭരണ സമിതിയോഗവും 6 എക്സിക്യൂട്ടീവ് കമ്മറ്റി യോഗവും 4 സംയുക്ത യോഗവും ചേരുകയുണ്ടായി. ഇതിലെ അംഗങ്ങളുടെ പങ്കാളിത്തം നിങ്ങളുടെ അറിവിലേക്കും ചർച്ചക്കുമായി സമർപ്പിക്കുന്നു.

| പേര് | ഔദ്യോഗിക സ്ഥാനം | ഭാര വാഹി യോഗം (14) | എക്സി ക്യൂട്ടീവ് കമ്മറ്റി (6) | സംയു ക്ത യോഗം (4) |
|---|---|---|---|---|
| കെ.എം ഉഷ | പ്രസിഡന്റ് | 9 | 3 | 3 |
| പുഷ്പലത മധു | വൈസ് പ്രസിഡന്റ് | 7 | 2 | 0 |
| രാജുകട്ടക്കയം | വൈസ് പ്രസിഡന്റ് | 9 | 3 | 3 |
| വി.വി മുഹമ്മദ് അലി | വൈസ് പ്രസിഡന്റ് | 7 | 3 | 4 |

| | | | | |
|---|---|---|---|---|
| കെ. സുരേഷ് | ജനറൽ സെക്രട്ടറി | 13 | 6 | 4 |
| കെ.കെ രാജീവൻ | സെക്രട്ടറി | 7 | 4 | 1 |
| കെ.ആർ ജയകുമാർ | സെക്രട്ടറി | 11 | 4 | 4 |
| തങ്കമ്മ ജോർജ്ജ് കുട്ടി | സെക്രട്ടറി | 9 | 3 | 2 |
| റ്റി.കെ രവി | എക്സിക്യൂട്ടിവ് കമ്മറ്റി മെമ്പർ | | 4 | 2 |
| പി.പി പ്രസന്നകുമാരി | ,, | | 3 | 1 |
| കെ.പി രമണി | ,, | | 2 | 0 |
| പി.സി ഷാജി | ,, | | 0 | 0 |
| മുഹമ്മദ് ഇസ്മൈൽ | ,, | | 5 | 4 |
| ശ്രീനിവാസൻ ഒ | ,, | | 5 | 2 |
| വത്സമ്മ | ,, | | 0 | 0 |
| വാഹിദ | ,, | | 2 | 1 |
| പി.ജി ജോർജ്ജ് മാസ്റ്റർ | ,, | | 4 | 2 |
| പി.ശാരുതി | ,, | | 1 | 1 |
| കെ.ഇ വിനയൻ | ,, | | 0 | 0 |
| പി. ബാലൻ | ,, | | 2 | 2 |
| എം.വി വിജേഷ് | ,, | | 0 | 0 |
| ഉണ്ണികൃഷ്ണൻ | ,, | | 4 | 3 |
| പി.എസ് ശിവദാസ് | ,, | | 4 | 2 |
| എസ്. ബസന്ത് ലാൽ | ,, | | 2 | 1 |
| വി. തങ്കമ്മ | ,, | | 2 | 0 |
| വി.കെ ഫസലുൽ അലി | ,, | | 2 | 2 |
| രഞ്ജി കുര്യൻ കൊള്ളിനാൻ | ,, | | 2 | 4 |
| കെ.എസ് രാധാകൃഷ്ണൻ | ,, | | 2 | 0 |
| വി. സജീവൻ | ,, | | 1 | 0 |
| വിനോദ് | ,, | | 5 | 3 |
| സിബി എബ്രഹാം | ,, | | 3 | 2 |
| സുരേഷ് ബാബു | ,, | | 1 | 2 |
| അഡ്വ: സി.ആർ ശ്രീകുമാർ | ,, | | 1 | 1 |
| ജോണികുട്ടി എബ്രഹാം | ,, | | 0 | 0 |
| ജോണികുട്ടി മഠത്തിലകം | ,, | | 0 | 1 |
| കെ.സി ജയിംസ് | ,, | | 2 | 1 |
| രാജഗോപാലൻ നായർ പി | ,, | | 5 | 4 |
| പിങ്കി ശ്രീധരൻ | ,, | | 2 | 0 |
| അഡ്വ. ജോൺസൺ വിളവിനാൽ | ,, | | 4 | 3 |
| ഡോ.രാജശേഖരൻ | ,, | | 4 | 3 |
| ബിനോജ് | ,, | | 3 | 1 |
| അനീഷ് പടപ്പക്കര | ,, | | 5 | 3 |
| റ്റി.വി രാജേഷ് | ,, | | 1 | 0 |
| മഞ്ജു സ്മിത | ,, | | 2 | 0 |
| എം.എം ഷാഫി | ,, | | 2 | 2 |
| വി.വിജു മോഹൻ | ജില്ലാ പ്രസിഡന്റ് | | | 2 |
| എൻ.എസ് നവനീത് കുമാർ | ജില്ലാ സെക്രട്ടറി | | | 3 |
| ഷാഹിത | ജില്ലാ പ്രസിഡന്റ് | | | 0 |
| ഡോ.ഉണ്ണി കൃഷ്ണൻ | ജില്ലാ സെക്രട്ടറി | | | 2 |
| വി.എസ് മോഹനൻ | ജില്ലാ പ്രസിഡന്റ് | | | 2 |
| കെ.കെ ശ്രീധരൻ | ജില്ലാ സെക്രട്ടറി | | | 1 |
| കെ.സി ബിജു | ജില്ലാ പ്രസിഡന്റ് | | | 1 |
| അജയൻ കെ മേനോൻ | ജില്ലാ സെക്രട്ടറി | | | 1 |
| എം.ലതീഷ് | ജില്ലാ പ്രസിഡന്റ് | | | 2 |
| വക്കച്ചൻ വയലിൽ | ജില്ലാ സെക്രട്ടറി | | | 0 |
| പി.സി സംഗീത | ജില്ലാ പ്രസിഡന്റ് | | | 0 |
| പി.കെ ചന്ദ്രശേഖരൻ നായർ | ജില്ലാ സെക്രട്ടറി | | | 2 |
| മാത്യൂസ് വർക്കി | ജില്ലാ പ്രസിഡന്റ് | | | 0 |
| ടി.വി സുരേന്ദ്രൻ | ജില്ലാ സെക്രട്ടറി | | | 1 |

| | | | | |
|---|---|---|---|---|
| പ്രേം കുമാർ | ജില്ലാ പ്രസിഡന്റ് | | | 1 |
| ഇ. ചന്ദ്രബാബു | ജില്ലാ സെക്രട്ടറി | | | 3 |
| എച്ച്.ബി പ്രദീപ് | ജില്ലാ പ്രസിഡന്റ് | | | 1 |
| എ.കെ റഫീഖ് | ജില്ലാ സെക്രട്ടറി | | | 1 |
| കലാം മാസ്റ്റർ | ജില്ലാ പ്രസിഡന്റ് | | | 3 |
| അബ്ദുൾ നാസർ | ജില്ലാ സെക്രട്ടറി | | | 1 |
| ഉസ്മാൻ | ജില്ലാ സെക്രട്ടറി | | | 0 |
| എം.ശ്രീധരൻ | ജില്ലാ പ്രസിഡന്റ് | | | 1 |
| പി.സി ഗംഗാധരൻ | ജില്ലാ സെക്രട്ടറി | | | 1 |
| കെ.പി വത്സലൻ | ജില്ലാ പ്രസിഡന്റ് | | | 1 |
| അഡ്വ: എ.പി ഉഷ | ജില്ലാ സെക്രട്ടറി | | | 2 |

2022 ജൂൺ മാസത്തിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള എക്സിക്യൂട്ടീവ് കമ്മറ്റി അംഗം വത്സമ്മ സബാസ്റ്റ്യനെ തൽസ്ഥാനത്ത് നിന്നും മാറ്റി പകരം കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി വാഹിദയെ ഉൾപ്പെടുത്തി. കൂടാതെ മലപ്പുറം ജില്ലാ സെക്രട്ടറിയായിരുന്ന നാസർ എടരികോടിനെ മാറ്റി പകരം ജില്ലാ സെക്രട്ടറിയായി മൂത്തേടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഉസ്മാനെ നിയോഗിച്ചു. കോട്ടയം ജില്ലയിൽ നിന്നുള്ള സംസ്ഥാന എക്സിക്യൂട്ടീവ് അംഗമായിരുന്ന ജോണി കുട്ടി എബ്രഹാമിനെ മാറ്റി പകരം ജോണിമഠത്തിലകത്തെ തെരഞ്ഞെടുത്തു.

## വാട്സ് ആപ്പ് ഗ്രൂപ്പ്

എല്ലാ ജില്ലയിലേയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരെ ഉൾപ്പെടുത്തി 14 വാട്സ് ആപ്പ് ഗ്രൂപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭരണം, ആസൂത്രണം നിർവ്വഹണം, വിഭവ സമാഹരണം തുടങ്ങിയവയിലുള്ള സംശയ നിവാരണം ആശയ വിനിമയം, അനുഭവങ്ങൾ പങ്ക് വയ്ക്കൽ എന്നിവയ്ക്കാണ് ഈ ഗ്രൂപ്പിന് രൂപം നൽകിയിട്ടുള്ളത്. വളരെ ഫലപ്രദമായ ആശയ വിനിമയം നടത്തുന്നതിന് നമുക്ക് ഇത് ഏറെ സഹായകമായിട്ടുണ്ട്. എന്നാൽ ഫലപ്രദമായി പഞ്ചായത്തുകൾ ഈ ഗ്രൂപ്പിനെ ഉപയോഗിക്കുന്നില്ലായെന്ന വിമർശനവുമുണ്ട്. ഓരോ ജില്ലയിലേയും പകുതിയോളം പഞ്ചായത്തുകളും ഇത് നോക്കാറെയില്ല എന്നതും വസ്തുതയാണ്.

## ആസ്ഥാന മന്ദിരം/ഓഫീസ്സ് കാര്യങ്ങൾ

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആസ്ഥാന മന്ദിരം തിരുവനന്തപുരത്താണ്. കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് ഈ സ്ഥാപനത്തിന്റെ ഓഡിറ്റോറിയങ്ങൾ പുതുക്കി പണിത് എയർകണ്ടീഷണർ സൗകര്യമൊരുക്കി. കൂടാതെ റൂമുകൾ വരാന്തയുടെ മേൽകൂര എന്നിവ പുതിക്കി പണിതു. ഇതിന്റെ ഭാഗമായി വർക്ക് ചെയ്ത കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കാനുണ്ടായിരുന്ന 49,00,000 രൂപ ഈ ഭരണ സമിതി വന്നതിന് ശേഷമാണ് കൊടുത്ത് വരുന്നത്. ഇനിയും 5 ലക്ഷത്തോളം രൂപ കൊടുത്ത് തീർക്കാനുണ്ട്. കഴിഞ്ഞ ഒരു വർഷകാലം മറ്റ് എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നതിനോടൊപ്പം 44 ലക്ഷം രൂപയുടെ ബാധ്യത തീർക്കാനും നമുക്ക് കഴിഞ്ഞു.

പഞ്ചായത്തുകൾ തിരുവനന്തപുരത്തെ വിവിധ സ്ഥാപനങ്ങളിൽ, സെക്രട്ടറിയേറ്റിൽ ഒക്കെ നൽകിയിട്ടുള്ള അപേക്ഷകൾ ഫയലുകൾ, പരാതികൾ എന്നിവയുടെ ഒരു കോപ്പി അവ നൽകുമ്പോൾ തന്നെ പഞ്ചായത്ത് ഭവനിൽ കൂടി അയച്ചാൽ അവയുടെ ഫോളോ അപ്പ് നടത്താൻ വേണ്ട പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അതിനായി ചുവടെ കൊടുത്തിട്ടുള്ളവർക്ക് ജില്ലയുടെ ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്.

1. ആർ. ബാബു 9446849482- കോഴിക്കോട്, വയനാട്, കാസർകോഡ്, കണ്ണൂർ
2. സിജു. വി.എസ്- 9074606083- തൃശൂർ, കോട്ടയം, എറണാകുളം, പാലക്കാട്

3. ദീപു മോൻ എ- 9567711571- ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം

4. സൂര്യ. ജെ - 9447242182- തിരുവനന്തപുരം, കൊല്ലം

- പഞ്ചായത്ത് ഭവൻ ഫണ്ട് ഇതുവരെയായി 315പഞ്ചായത്തുകളാണ് മാത്രമേ തന്നിട്ടുള്ളൂ.
- വാർഷിക വരിസംഖ്യ കുടിശ്ശികയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | | കുടിശ്ശികയുള്ള പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| 2017-18 | : | 491 |
| 2018-19 | : | 491 |
| 2019-20 | : | 489 |
| 2020-21 | : | 490 |
| 2021-22 | : | 487 |

- തെരുവ് നായ ശല്യം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സുപ്രീം കോടതിയിൽ നൽകിയ പരാതിയുടെ നടത്തിപ്പിനായിട്ടുള്ള വിഭവ സമാഹരണത്തിന് 3000 രൂപ വച്ച് നാളിതുവരെ 48 ഗ്രാമപഞ്ചായത്തുകൾ മാത്രമേ അടച്ചിട്ടുള്ളൂ.

ഗ്രാമപഞ്ചായത്ത് അസോസിയേഷനിലേക്ക് ഓൺലൈനായി തുക അടയ്ക്കുമ്പോൾ പഞ്ചായത്തിന്റെ പേര് ഉൾപ്പെടുത്തുകയോ, യു.ടി.ആർ നമ്പർ അടക്കം വച്ച് കത്ത് അയക്കുകയോ ചെയ്യാത്തതിനാൽ പലപ്പോഴും അടച്ച പഞ്ചായത്ത് ഏത് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ്.

ഈ ഓഫീസ്സിൽ ടെക്നിക്കൽ സൂപ്പർവൈസറായി ജോലി ചെയ്ത് വന്നിരുന്ന ജി.ജയധരൻ ഈ സ്ഥാപനത്തിൽ നിന്നും വിരമിച്ചു. അദ്ദേഹത്തിന് ആനുകൂല്യമായി 6,00,000 രൂപ നൽകുകയും ചെയ്തു. കൂടാതെ സെക്യൂരിറ്റി തസ്തികയിൽ 14000 രൂപ കൺസോലിഡേറ്റഡ് വേതനത്തിൽ താൽകാലിക ജീവനക്കാരനായ പേരൂർക്കട നിവാസിയായ ദീപുമോൻ എ യെ നിയമിച്ചു. വിഴിഞ്ഞം ചപ്പാത്ത് നിവാസിയായ സിജു.വി.എസിനെ 17000 രൂപ കൺസോലിഡേറ്റഡ് വേതനത്തിൽ ടെക്നിക്കൽ കം ഡ്രൈവർ തസ്തികയിൽ താൽകാലിക ജീവനക്കാരനായി നിയമിച്ചു. കൂടാതെ താൽകാലിക ജിവനക്കാരനായി ഡ്രൈവർ തസ്തികയിൽ ജോലിനോക്കി വന്ന വി.എ വൈശാഖിനെ നടപടിക്ക് വിധേയമായി ഈ സ്ഥാപനത്തിൽ നിന്നും ഒഴിവാക്കുകയും ചെയ്തു.

# അക്കാഡമിക് പ്രവർത്തനങ്ങൾ

പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അക്കാഡമിക്കലി പഞ്ചായത്തുകളെ സഹായിക്കുക, അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് കൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെ അടുത്തഘട്ടത്തിലേക്കുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുക ഇതിനായി വിവിധ അക്കാഡമിക് സാങ്കേതിക സ്ഥാപനങ്ങളെ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്കായി കൂട്ടിയിണക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഈ അക്കാഡമിക് പ്രവർത്തനങ്ങളിൽ വിഭാവനം ചെയ്യുന്നു.

## ദ്വിദിന പരിശീലനം

ഗ്രാമപഞ്ചായതത് അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാർ എന്നിവരെ ചേർത്ത് 2021 സെപ്റ്റം 16, 17 തീയ്യതികളിൽ ദ്വിദിന പരിശീലനം സംഘ

ടിപ്പിച്ചു. ഇതിൽ ബഹു. മുൻ ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ്സ് ഐസക്, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ, ആറാം ധനകാര്യ കമ്മീഷൻ ചെയർമാൻ ശ്രീ. എസ്.എം വിജയാനന്ദ് ഐ.എ.എസ്, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ കേശവൻ നായർ, MGNREGS പ്രോഗ്രാം ഓഫീസർ ബാലചന്ദ്രൻ നായർ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ശ്രീ. എം.കെ അജിത്ത് കുമാർ എന്നിവർ ക്ലാസ്സ് നയിക്കുകയും ചെയ്തു. ഇതോടൊപ്പം നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അസോസിയേഷൻ തുടർ പ്രവർത്തനത്തിന് ദിശാബോധം ഉണ്ടാക്കി. ഈ ക്യാമ്പിൽ ആകെ 68 പേരാണ് പങ്കെടുക്കേണ്ടിയിരുന്നത്. തങ്കമ്മജോർജ്, കെ.പി. രമണി, പി. സി.ഷാജി, വൽസമ്മ, എം.വി.വിജേഷ്, കെ.എസ്.രാധാകൃഷ്ണൻ, വി. സജീവൻ, വി.തങ്കമ്മ എന്നിർ ലീവ് അറിയിച്ചു.

ക്യാമ്പ് ആദ്യദിവസം 9.50ന് ആരംഭിച്ചു. മുൻ ബഹു. ധനകാര്യവകുപ്പ് മന്ത്രി **ഡോ.തോമസ്സ് ഐസക്ക്** ക്ലാസ്സ് നയിച്ചു. അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി .കെ.ഉഷയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ക്ലാസ്സിന് ജനറൽ സെക്രട്ടറി കെ.സുരേഷ് സ്വാഗതം പറയുകയും ദ്വിദിന ക്യാമ്പിന്റെ കാര്യപരിപാടി വിശദീകരിക്കുകയും ചെയ്തു. ഈ സെഷന്റെ കൃതജ്ഞത സെക്രട്ടറിമാരിൽ ഒരാളായ കെ.ആർ ജയകുമാർ നിർവ്വഹിച്ചു.

കേരളത്തിലെ ഏറ്റവും വലിയ പ്രത്യേകതയാണ് വിവിധ തട്ടിലെ അസോസിയേഷനുകൾ. പലസംസ്ഥാനങ്ങളും ഇത് അനുകരിക്കാൻ ശ്രമിക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് ഇന്ന് കൂടുതൽ അധികാരവും പണവുമുണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്തുകൾക്ക് നന്നാവണമെങ്കിൽ നന്നാവാം, നേരത്തെ നിങ്ങൾ വിചാരിച്ചാൽ പോലും അതിന് കഴിയില്ലായിരുന്നു. നന്നായി പ്രവർത്തിക്കാനുള്ള പ്രേരണ പഞ്ചായത്തുകൾക്ക് ഉണ്ടാക്കുകയാണ് അസോസിയേഷന്റെ ഉത്തരവാദിത്വം. ഇത് നല്ല മാതൃകകളുണ്ടാക്കാൻ സഹായിക്കുന്നത് വഴിയാകാം, നല്ല പ്രോജക്റ്റുകളെ പ്രോത്സാഹിപ്പിക്കുന്നത് വഴിയുമാവാം. അഞ്ച്വർഷം കഴിയുമ്പോൾ അഭിമാനത്തോടെ ഓർക്കാൻ പറ്റിയ ഏതെങ്കിലും ഒന്നോ രണ്ടോ കാര്യമെങ്കിലും ഓരോ പഞ്ചായത്തും ചെയ്തിരിക്കണം. ഇതിന് വേണ്ട സഹായം നൽകലും, അതിനായി ചിന്തിപ്പിക്കലുമാണ് അസോസിയേഷന്റെ റോൾ. ഒളവണ്ണ ഗ്രാമപഞ്ചായത്ത് ചെയ്ത ജനകീയ കുടിവെള്ള പദ്ധതിയാണ് പിൽക്കാലത്ത് ജലനിധി പദ്ധതിയായി മാറിയത്. നഷ്ടപ്പെട്ട കാർഷിക സംസ്കാരം തിരിച്ച് പിടിക്കാനായി നടത്തിയ കാർഷിക ക്യാമ്പയിന് ഉദാഹരണമാണ് ആലപ്പുഴയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്. ആശ്രയപദ്ധതിക്ക് തുടക്കം കുറിച്ചത് നെടുമ്പാശ്ശേരിയും, ബഡ്സ് സ്കൂളിന് തുടക്കം കുറിച്ചത് വെങ്ങാനൂർ ഗ്രാമപഞ്ചായത്തുമായിരുന്നല്ലോ.

കഴിഞ്ഞ 25 വർഷത്തിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും കൃഷിയിലും, മറ്റ് ഉത്പാദനമേഖലയിലും വേണ്ടത്രമുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വരുന്ന പദ്ധതിയിൽ ഇതിന് മുൻഗണന നൽകാൻ കഴിയണം. കാട്ടാക്കട നിയോജക മണ്ഡലത്തിലെ വാട്ടർഷെഡ്ഡ് വികസനത്തിന്റെ പ്രവർത്തനം കണ്ട് മനസ്സിലാക്കണം. ഭൂഗർഭജലത്തിൽ വന്ന മാറ്റം നമുക്ക് നേരിട്ട് കാണാൻ കഴിയും. ആളുകളെ കാർഷിക സംരംഭകരാക്കി മാറ്റാൻ കഴിയുമോ? 1000 പേരിൽ 5 പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് അടുത്ത പരിപാടി. വീടുകളിൽ പഠനാന്തരീക്ഷം ഉണ്ടാക്കണം. ഇനി സ്കൂൾ തുറക്കുമ്പോൾ ഏത് ക്ലാസ്സിലാണോ പഠിക്കുന്നത് ആ ക്ലാസ്സിൽ ആർജ്ജിക്കേണ്ട ശേഷി ആർജ്ജിച്ചു എന്ന് ഉറപ്പ് വരുത്താൻ പരിപാടി തയ്യാറാക്കാൻ പറ്റുമോയെന്ന് ആലോചിക്കണം. നമുക്ക് PHC ഉണ്ട്, ആരോഗ്യ പ്രവർത്തകരുണ്ട്, സാംക്രമിക രോഗങ്ങൾ മാത്രമല്ല ജീവിതശൈലി രോഗങ്ങൾ അടക്കം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കണം. സ്ത്രീകൾക്ക് എതിരെ ഉണ്ടാകുന്ന അതിക്രമം കേരളത്തിന് നാണക്കേടാണ്. മുകൾ തലത്തിൽ നിയമം ഉണ്ടാക്കിയത് കൊണ്ട് മാത്രം നമുക്കിത് പരിഹരിക്കാൻ കഴിയില്ല. നമ്മൾ ആദ്യം അതിക്ര

മത്തെ കുറിച്ചും അതിന്റെ കാരണങ്ങളെ കുറിച്ചും അവബോധമുണ്ടാക്കണം. മാരാരിക്കുളം ഗ്രാമപഞ്ചായത്ത്, സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന അതിക്രമം Map ചെയ്തു. കോവിഡാനന്തര വിദ്യാഭ്യാസപരിപാടി പഞ്ചായത്തുകളിൽ എങ്ങനെ ആയിരിക്കണം എന്നത് അസോസിയേഷൻ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് തയ്യാറാക്കണം. മികവുറ്റ പ്രവർത്തനങ്ങൾ നടത്തിയ പഞ്ചായത്തുകളെ അംഗീകരിക്കാനും, അനുഭവം പങ്ക് വയ്ക്കാനും അവസരം നൽകണം. ജലജീവൻ മിഷൻ സംബന്ധിച്ച് പഠിക്കണം. മാലിന്യസംസ്കരണത്തിന് കൃത്യമായ പരിപാടി ഉണ്ടാവണം. തോട്, കുളങ്ങൾ, നീർച്ചാലുകൾ എന്നിവ വൃത്തിയാക്കി, മനോഹരമാക്കി സൂക്ഷിക്കണം. നല്ലത് ചെയ്യണമെങ്കിൽ ചെയ്യാൻ ഇപ്പോൾ അവസരമുണ്ട്. അത് പരമാവധി വിനിയോഗിക്കാൻ നമുക്ക് കഴിയണം. എന്ന് പറഞ്ഞ് ഡോ. തോമസ് ഐസക് അവതരണം അവസാനിപ്പിച്ചു.

അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി .കെ.ഉഷയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ക്ലാസ്സിന് ജനറൽ സെക്രട്ടറി കെ.സുരേഷ് സ്വാഗതം പറഞ്ഞു. ഈ സെഷനിൽ വിഷയം അവതരിപ്പിച്ചുകൊണ്ട് ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി **ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ** സംസാരിച്ചു. കഴിഞ്ഞ 25 വർഷക്കാലം വ്യക്തമായ കാഴ്ചപ്പാടോടെ അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നേറാൻ നമുക്ക് കഴിഞ്ഞു. ഇതര സംസ്ഥനങ്ങളിൽനിന്നും വ്യത്യസ്തമായി സമൂഹത്തിൽ പിന്നിൽ നില്ക്കുന്ന വിഭാഗങ്ങളെ മുൻനിരയിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. ഏറ്റവും കഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിന് നാം ഏറ്റെടുത്ത പ്രധാന പ്രവർത്തനമാണ് അതിദരിദ്രരെ കണ്ടെത്തൽ. ദരിദ്രർ നമ്മുടെ മുന്നിലുണ്ട്, എന്നാൽ അതിദരിദ്രരെ നാം കാണുന്നുമില്ല, അവരുടെ പ്രശ്നങ്ങൾ നാം അറിയുന്നുമില്ല. അതു കൊണ്ടാണ് അതിദരിദ്രരെ കണ്ടെത്താനുള്ള ഈ പരിപാടി സർക്കാർ വിഭാവനം ചെയ്തത്. 50 പഞ്ചായത്തുകൾ ഇതിന് ആവശ്യമായ പൈലറ്റ് സർവ്വെ ആരംഭിച്ചു. ഇതിൽ ദരിദ്രരെയല്ല, അതിദരിദ്രരെയാണ് കണ്ടെത്തേണ്ടത്. കണ്ടെത്തുന്നവരുടെ ലിസ്റ്റ് ജനകീയ ആഡിറ്റിന് വിധേയമാക്കി യഥാർത്ഥ ഗുണഭോതാക്കളെ നിശ്ചയിക്കണം. രാഷ്ട്രീയവും വ്യക്തിപരവുമായ താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ ഒരാളെയും മാറ്റിനിർത്താൻ പാടില്ല.

വാതിൽപ്പടി സേവനമാണ് നമ്മുടെ അടുത്ത ഏറ്റവും പ്രധാനപ്പെട്ട പരിപാടി. പല കാര്യത്തിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരികയും, എന്നാൽ ആശ്രയിക്കാൻ കഴിയാതെ പോകേണ്ടിവരുന്ന മുതിർന്ന ജനങ്ങൾക്ക് വീട്ടുപടിക്കൽ സഹായം എത്തിക്കാനാണ് ഈ പരിപാടി വഴി വിഭാവനം ചെയ്യുന്നത്. സാമൂഹ്യ, സാമ്പത്തിക, പിന്നോക്ക പരിഗണനകളില്ലാതെ ഗുണഭോക്താക്കൾക്ക് സന്നദ്ധാടിസ്ഥാനത്തിലാണ് ഇത് വഴി സേവനം നൽകാൻ ആലോചിക്കുന്നത്. 2022 ജനുവരി ഒന്നോടെ കേരളത്തിലെ എല്ലാപഞ്ചായത്തിലും ഇത് പ്രാവർത്തികമാക്കാൻ കഴിയണം.

പുരുഷമേധാവിത്വം, പുരുഷകേന്ദ്രീകൃതമായ ഒരു സമൂഹമാണ് നമ്മുടേത്. ഇവിടെ സ്ത്രീകൾക്ക് എതിരെ അതിക്രമം, ചൂഷണം, സ്ത്രീധനം തുടങ്ങീ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇതിനെതിരെ ഫലപ്രദമായി ഇടപെടാൻ കഴിയുന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. അതിനായി പഞ്ചായത്ത് വാർഡ്തല ജാഗ്രതസമിതികൾ ശക്തമാവണം. മദ്യനിരോധനമല്ല മദ്യവർജ്ജനം, മദ്യാസക്തികുറയ്ക്കുക എന്നതാണ് നമ്മൾ ഏറ്റെടുക്കേണ്ട മറ്റൊരു പ്രധാന പ്രവർത്തനം. അതിനായി വിമുക്തിയുടെ പ്രവർത്തനങ്ങൾ പ്രധാനപരിപാടിയാക്കി ഏറ്റെടുക്കാൻ നമുക്ക് കഴിയണം.

ശുചിത്വമാണ് നമ്മൾ ഏറ്റെടുക്കേണ്ട മറ്റൊരു പ്രധാനപരിപാടി. കേരളത്തെ ശുചിത്വ കേരളമാക്കിമാറ്റുന്നതിൽ നാം ഒട്ടും ചിന്തിതരല്ല. ഇതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ വലിയ പങ്ക് വഹിക്കാൻ കഴിയും. ഉറവിടമാലിന്യ സംസ്കരണവും, ചെറുതും വലുതുമായ ഖരമാലിന്യസംസ്കരണ പ്ലാന്റുമാണ് പ്രധാനപ്പെട്ട രണ്ട് പരിപാടികളായി നമുക്ക് ഏറ്റെടുക്കാൻ കഴിയുന്നത്.

1000 പേരിൽ 5 പേർക്ക് തൊഴിൽ നൽകാനുള്ള പരിപാടി ഈ വരുന്ന മാസത്തോടെ ഏറ്റെടുക്കാൻ കഴിയണം. ഇതിന്റെ പ്രവർത്തനം വേഗത്തിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായം, സഹകരണം, ധനകാര്യം വകുപ്പ് മന്ത്രിമാരെ കൂടി ചേർത്ത് ഒരു സബ്കമ്മറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ഓരോ പഞ്ചായത്തിന്റേയും സാധ്യതയ്ക്ക് അനുസരിച്ച് തൊഴിൽ ആരംഭിക്കാൻ കഴിയണം.

കുടുംബശ്രീ ആരംഭിച്ചിട്ട് 23 വർഷമായി ഇന്ന് അതിൽ 45.44 ലക്ഷം കുടുംബങ്ങൾ അംഗങ്ങളാണ്. ഏതാണ്ട് 3 ലക്ഷം കുടുംബശ്രീ സംഘങ്ങളും ഇന്നുണ്ട്. ദാരിദ്ര ലഘൂകരണവും, സ്ത്രീശാക്തീകരണവുമാണ് കുടുംബശ്രീയുടെ മുഖമുദ്ര. 18 വയസ്സു മുതൽ 40 വയസ്സുവരെയുടെ യുവതികളെ ചേർത്ത് 20,000 ത്തോളം കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒക്ടോബർ 2 മുതൽ ഒരു മാസ്സം കൊണ്ട് ഇത്തരം യൂണിറ്റുകൾ ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയും.

മൂന്നരക്കോടി ജനത്തിന് വേണ്ട സേവനം നൽകുന്നതിൽ വലിയ ഉത്തരവാദിത്വമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. അത് ഫലപ്രദമാക്കി തീർക്കുന്നതിനാണ് നാം ഓൺലൈൻ സേവനം പ്രാവർത്തികമാക്കുന്നത്. ഓൺലൈൻ സേവനത്തിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു. അതൊക്കെ അതിവേഗം നമുക്ക് പരിഹരിക്കാം. വിരൽ തുമ്പിൽ സേവനമെന്ന ആശയം ഫലപ്രദമായി നടപ്പിലാക്കാൻ നമുക്ക് കഴിയും. തുടർന്ന് വന്ന സംശയങ്ങൾക്ക് അദ്ദേഹം മറുപടിയും നൽകി.

ഈ യോഗത്തിൽ വച്ച്, ഇതുവരെ ഉയർന്ന് വന്ന പ്രശ്നങ്ങൾ ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിച്ചു. കൂടാതെ 45 പഞ്ചായത്തുകളിൽ നിന്നും വന്ന കോവിഡിന്റെ ചെലവ് സംബന്ധിച്ച കണക്ക് ക്രോഡീകരിച്ച് മന്ത്രിക്ക് സമർപ്പിച്ചു. ഈ സെഷനിൽ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് വൈസ് പ്രസിഡന്റ്മാരിൽ ഒരാളായ ശ്രീ. രാജു കട്ടക്കയം സംസാരിച്ചു. സെക്രട്ടറിമാരിൽ ഒരാളായ ശ്രീ. കെ.കെ രാജീവൻ കൃതജ്ഞത അർപ്പിച്ചു.

ആദ്യദിവസം ഉച്ചക്ക് ശേഷം MGNREGS പുതുതായി ഏറ്റെടുക്കാവുന്ന പരിപാടികൾ, സംശയ നിവാരണം എന്നിവ MGNREGS ന്റെ സംസ്ഥാന പ്രോഗ്രാം ഓഫീസർ ശ്രീ. **പി. ബാലചന്ദ്രൻ** നിർവ്വഹിച്ചു. ഈ ക്ലാസ്സിന്റെ വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. ക്ലാസ്സിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് വൈസ് പ്രസിഡന്റ്മാരിൽ ഒരാളായ ശ്രീ. വി.വി മുഹമ്മദ് അലി സംസാരിച്ചു.

ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കമ്പനിയുടെ എം.ടി **ശ്രീ. പി. കേശവൻ നായർ** ക്ലാസ്സെടുത്തു. അദ്ദേഹം നടത്തിയ അവതരണത്തിന്റെ വിശദവിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്. നന്ദി പ്രകാശിപ്പിച്ചുകൊണ്ട് വൈസ് പ്രസിഡന്റ്മാരിൽ ഒരാളായ ശ്രീമതി പുഷ്പലത മധു സംസാരിച്ചു.

വൈകുന്നേരം അഞ്ച് മണിമുതൽ പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ട പ്രധാന പ്രവർത്തനങ്ങളെ സംബന്ധിച്ച്, പഞ്ചായത്ത് പ്രസിഡന്റ്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ **ശ്രീ. എം.പി അജിത് കുമാർ** സംസാരിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പഞ്ചായത്ത് ഡയറക്ടറേറ്റും ഒരുമിച്ചിരുന്ന് കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുന്ന തരത്തിൽ ഒരു കമ്മറ്റി ഉണ്ടാവണം. അവിടെ ഒട്ടേറെ കാര്യങ്ങൾക്ക് കൂട്ടായി പരിഹാരം കാണാൻ കഴിയും അതിനുള്ള വേദി ഒരുക്കാൻ അസോസിയേഷൻ അടിയന്തിരമായി ഇടപെടേണ്ടതുണ്ട്. സംസ്ഥാന തലത്തിൽ ഇത്തരത്തിൽ രൂപീകരിക്കുന്നത് പോലെ എല്ലാ ജില്ലകളിലും ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള സമിതിക്ക് രൂപം നൽകേണ്ടതാണ്.

IKM-ന്റെ ഗവേണിംഗ് ബോഡിയിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അംഗമാണ്. ആ യോഗത്തിൽ പങ്കെടുക്കുമ്പോൾ പഞ്ചായത്തുകളുടെ പൊതുവായ പ്രശ്നങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാൻ കഴിയണം. കിലയുടെ ഗവേണിംഗ് ബോഡിയിൽ അസോസിയേഷനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് പങ്കെടുക്കുന്നുണ്ട്. എന്നാൽ കിലയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അസോസിയേഷന് പ്രാധിനിത്യമില്ല, അത് ഉണ്ടാവേണ്ടതാണ്.

ഫീൽഡിൽ നിന്നും ലഭിക്കുന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വരുത്തേണ്ട മാറ്റം എന്തായിരിക്കണമെന്നത് കൃത്യമായി പറയാൻ കഴിയുന്നത് ജനപ്രതിനിധികൾക്കാണ്. അതിനുള്ള സംവിധാനമുണ്ടാവണം. മറ്റ് സംസ്ഥാനങ്ങൾ ചെയ്ത മാതൃകകൾ കണ്ട് പഠിക്കാനും പഞ്ചായത്ത് അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട അക്കാഡമിക്ക് ഇടപെടൽ നടത്താനും അസോസിയേഷന് കഴിയണം. ശുചിത്വ പ്രവർത്തനങ്ങൾക്ക് പോലീസ്സിന്റെ സഹായം തേടണം. ട്രാഫിക് കമ്മറ്റികൾ കൃത്യമായി ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കണം. ജാഗ്രതാ സമിതികൾ കൃത്യമായി കൂടുയെന്ന് ഉറപ്പ് വരുത്താനും അതുവഴി സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം.

ഓഫീസ്സ് മാനേജ്മെന്റിൽ, എന്തൊക്കെ തിരക്കുകൾ ഉണ്ടെങ്കിലും പ്രസിഡന്റ്മാർ മുന്തിയ പരിഗണനയോടെ പ്രത്യേകം ശ്രദ്ധിക്കണം. ഡിജിറ്റൽ സിഗ്നേച്ചർ മറ്റൊരാൾക്ക് കൈമാററുത്. ഫയലുകൾ പ്രസിഡന്റ്മാർ കൃത്യമായി പരിശോധിക്കണം. പെന്റിംഗ് വർക്കുകൾ പരിശോധിച്ച് ഒഴിവാക്കാൻ കഴിയണം. യോഗത്തിന്റെ അജണ്ട കൃത്യതയോടെയും വ്യക്തമായും തീരുമാനിക്കണം. അജണ്ട നോട്ട് കൊടുക്കുമ്പോൾ എല്ലാ ജനപ്രതിനിധികൾക്കും മനസ്സിലാകുന്ന തരത്തിൽ ആയിരിക്കണം തയ്യാറാക്കേണ്ടത്. അജണ്ട നോട്ട് ഇല്ലാതെ ഒരു യോഗവും നടത്തില്ലായെന്ന് തീരുമാനിക്കാൻ കഴിയണം. എത്ര സമയം എടുത്താലും വയ്ക്കുന്ന എല്ലാ അജണ്ടയും വിശദമായി ചർച്ച ചെയ്ത് തന്നെ തീരുമാനമെടുക്കണം.

എല്ലാ ഫയലും തപാലും  പ്രസിഡന്റ് കാണണം. എല്ലാ പ്രസിഡന്റ് മാർക്കും ഓഫീസ് മാനേജ്മെന്റ് പരിശീലനം നൽകണം. അതിനുള്ള ഉത്തരവാദിത്വം അസോസിയേഷൻ ഏൽക്കണം. സർക്കാർ ഉത്തരവുകൾ പ്രസിഡന്റ്മാർ പരിശോധിക്കണം. ഓഫീസ് ഓർഡർ ഇറക്കുമ്പോൾ പ്രസിഡന്റ്മാർ ശ്രദ്ധിക്കണം. ഓരേ പണിയിൽ തന്നെ കാലങ്ങളോളം ഒരാൾ ഇരിക്കുന്ന സ്ഥിതിയുണ്ടാകരുത്. മാറ്റി മാറ്റി ഉത്തരവാദിത്വം നൽകണം. ഒരു അപേക്ഷ വന്നാൽ എത്രയും വേഗം പരിഹരിച്ച് നൽകാൻ കഴിയണം. സ്റ്റാഫ് മീറ്റിങ്ങിൽ പൊതുജനത്തോടുള്ള പെരുമാറ്റം കൃത്യമായി ചർച്ച ചെയ്യപ്പെടണം. തെറ്റായ സമീപനങ്ങൾ പരിഹരിക്കാൻ കഴിയണം. ഏറ്റവും പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് മുൻഗണന നൽകണം. സേവനാവകാശ നിയമം പാസ്സാക്കണം. നമ്മൾ ചെയ്യുന്ന പ്രവർത്തനം സുതാര്യമായിരിക്കണം. നമ്മൾ റിപ്പോർട്ട് ചെയ്യേണ്ടത് പൊതുജനത്തോട് ആയിരിക്കണം. വാർഷിക ഭരണ നിർവ്വഹണ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കണം. ജില്ലകളിൽ തീർക്കേണ്ട പ്രശ്നങ്ങൾ ജില്ലകളിൽതന്നെ തീർക്കണം. നമുക്ക് ഒരുമിച്ചിരുന്ന് പരസ്പരം പഠിക്കാൻ സംവിധാനമുണ്ടാവണം. ഈ സെഷന് കൃതജ്ഞത അർപ്പിച്ചുകൊണ്ട് വൈസ് പ്രസിഡന്റ്മാരിൽ ഒരാളായ ശ്രീ. വി.വി മുഹമ്മദ് അലി കൃതജ്ഞത അർപ്പിച്ചു.

അഞ്ച് ഗ്രൂപ്പുകാളായി തിരിഞ്ഞ് ജില്ലാതല പ്രവർത്തനങ്ങൾ, ബ്ലോക്ക് തല പ്രവർത്തനങ്ങൾ, ഇതുവരെ നടന്ന ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ അസോസിയേഷൻ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണം, പഞ്ചായത്തുകളിലേക്ക് അയച്ച കത്തുകളുടെ അടിസ്ഥാനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളുടെ നിർദ്ദേശങ്ങൾ, ജനപ്രതിനിധികളുടെ വിവര ശേഖരണം, കോവിഡ് പ്രതിരോധത്തിന് പഞ്ചായത്തുകൾ ചെലവഴിച്ച തുക സംബന്ധിച്ച വിവരം, സമയബന്ധിതമായി പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കു

ന്നതിനുള്ള ഇടപെടൽ, വരിസംഖ്യയിലും പഞ്ചായത്ത് ഭവൻ ഫണ്ടിലും പഞ്ചായത്തുകൾക്ക് നില വിലുള്ള കുടിശ്ശിക ശേഖരിക്കുന്നതിനുള്ള മാർഗ്ഗം എന്നിവ സംബന്ധിച്ച് ചർച്ച ചെയ്തു.

മുൻ കേരള ചീഫ് സെക്രട്ടറി, 6-ാം ധനകാര്യ കമ്മീഷൻ ചെയർമാനായ **ശ്രീ. എസ്.എം.വിജയാനന്ദ് IAS** ക്ലാസ്സ് അവതരിപ്പിച്ചു. മുൻകാലങ്ങളിൽ രണ്ട് മാസത്തിൽ ഒരിക്കലെ ങ്കിലും അസോസിയേഷന്റെ എക്സിക്കുട്ടീവ് മീറ്റിങ്ങിൽ അദ്ദേഹം പങ്കെടുത്ത് പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുമായിരുന്നു എന്ന് പറഞ്ഞാണ് ക്ലാസ്സ് ആരംഭിച്ചത്. പഞ്ചായത്ത് അസോസിയേഷൻ ജലജീവൻ മിഷന്റെ കേന്ദ്ര ഗൈഡ്ലൈൻ അടിയന്തിരമായി ചർച്ചചെയ്യണം. ജലജീവൻമിഷൻ സംബന്ധിച്ച് കൃത്യമായ പഠനം നടത്തണം. കാരണം ഇതിന്റെ പൂർണ്ണ ഉത്തരവാ ദിത്വം പഞ്ചയത്തുകളിലേക്ക് വരാൻ പോവുകയാണ്. 6-ാം ധനകാര്യകമ്മീഷന് ആസൂത്രണം, നിർവ്വഹണം, നിയമങ്ങൾ എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അടിയന്തിര മായി പഠിച്ച് റിപ്പോർട്ട് നൽകണം. പഞ്ചായത്തുകൾക്ക് ഇന്നത്തെ സാഹചര്യത്തിൽ നേരത്തെ ഉണ്ടായിരുന്ന അത്രയും ട്രെയിനിംഗ് ഇപ്പോൾ ലഭിക്കുന്നില്ല. അത് പഞ്ചായത്ത് ഭരണത്തെ കാര്യ മായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ എന്തൊക്കെ ട്രെയിനിംങ്ങാണ് നിങ്ങൾക്ക് വേണ്ടത് എന്നതിനെ സംബന്ധിച്ച് നിങ്ങൾ തയ്യാറാക്കി കിലയോട് ആവശ്യപ്പെടണം. ധനകാര്യകമ്മീഷൻ നിർദ്ദേശ പ്ര കാരം പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പ്ലാൻഫണ്ട് 25ശതമാനത്തിൽ നിന്നും 26% ആക്കി ഉയർത്തി. കൂടാതെ ഓരോ വർഷവും .5% വീതം ഉയർത്തി 30% വരെയാക്കും. ജനറൽപർപ്പസ് ഗ്രാന്റ് ആരം ഭിച്ചകാലം മുതൽ മൂന്നരശതമാനമായിരുന്നു. അത് ഇപ്പൊ സംസ്ഥാനത്തിന്റെ തനത് വരുമാന ത്തിന്റെ 4% ആക്കി ഉയർത്തി. മെയിന്റനൻസ് ഗ്രാന്റ് 6% ആയിരുന്നത് ആറര ശതമാനമായി ഉയർത്തി. ഇതിൽ 4% റോഡ് മെയിന്റനൻസ് ഗ്രാന്റും 2.5% നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുമാണ്. പ്രത്യേക പ്രതിസന്ധി ഘട്ടത്തിൽ സംസ്ഥാനത്ത് പ്ലാൻഫണ്ട് കട്ട് ചെയ്യേണ്ടി വന്നാലും പഞ്ചായ ത്തിന്റെ വിഹിതത്തിൽ കട്ട് ഉണ്ടാവില്ല എന്ന നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. 20% തുക ക്യാരി ഓവർ ചെയ്യാനുള്ള തീരുമാനം പുനസംഘടിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ത്തിന്റെ ഫണ്ടിൽ കുറവ് വന്നാൽ അത് ജനറലിൽ നിന്നും മാറ്റിവക്കണം. ആസ്ഥിയുടെ അടിസ്ഥാ നത്തിൽ മെയിന്റനൻസ് ഫണ്ട് നൽകാനുള്ള തീരുമാനമുണ്ടായിട്ടുണ്ട്. ഫിനാൻസ് കമ്മീഷൻ കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതികളിൽ നിന്നും റിപ്പോർട്ട് വാങ്ങിയിരുന്നു. ആ റിപ്പോർട്ട് വീണ്ടും പുതിയ ഭരണസമിതി വന്നപ്പോൾ അയച്ചുകൊടുത്തിരുന്നെങ്കിലും പഞ്ചായത്തുകൾ വേണ്ട ഗൗരവത്തിൽ അതിനെ സമീപിച്ചില്ല. ഒരിക്കൽക്കൂടി അത് പഞ്ചായത്തുകളിൽ അയച്ചുതരാം എന്ന് അദ്ദേഹം യോഗത്തിൽ പറഞ്ഞു.

പഞ്ചായത്തുകൾക്ക് തനത് വരുമാനം ശേഖരിക്കുന്നതിനുള്ള താൽപര്യം കുറഞ്ഞ് വരുന്നു. എസ്ക്കേപ്പ് ടാക്സ് എന്നപരിപാടി പഞ്ചായത്തുകളിൽ ഉണ്ടാവരുത്. നല്ലമാതൃകകൾ മുന്നോട്ട് വന്നാൽ അതിനെ പ്രോത്സാഹിപ്പിക്കണം. ഇന്ന് ഏറ്റവും കൂടുതൽ പണം MGNREGS-ൽ ചെലവ ഴിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഈ വിനിയോഗിക്കുന്ന തുക കുറേക്കൂടി ഫലപ്രദ മായി വിനിയോഗിക്കാൻ കഴിയണം. വാട്ടർഷെഡ്ഡ് വികസനവും, മാനേജ്മെന്റും വളരെ ഫലപ്രദ മായി നമുക്ക് ഏറ്റെടുക്കാൻ കഴിയണം. കാർബൺന്യൂട്രലിനായി മീനങ്ങാടി ഗ്രാമപഞ്ചായത്ത് ചെയ്യുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. അത് പഠിക്കാനും പ്രവർത്തികമാക്കാനും നമുക്ക് കഴിയ ണം. 14-ാം പദ്ധതി ഗൈഡ്ലൈൻ പ്രവർത്തനം പ്ലാനിംഗ്ബോർഡ് ആരംഭിച്ചു. നമുക്ക് പഞ്ച വൽസര പദ്ധതിയിലേക്ക് പോകാൻ കഴിയണം. മൂന്ന് മാസം കഠിനാധ്വാനം ചെയ്താൽ അഞ്ച് വർഷത്തെ പദ്ധതി തയ്യാറാക്കാം. കുഞ്ഞ് പദ്ധതികളും മുറിച്ച് മുറിച്ച് പ്രവർത്തികൾ ഏറ്റെടുക്കുന്ന തിന് നാം തയ്യാറാവരുത്. നല്ല രീതിയിൽ പ്ലാൻ ചെയ്ത് സമഗ്രപരിപാടി തയ്യാറക്കണം. അതിന്റെ അടിസ്ഥാനത്തിൽ വലിയ പ്രോജക്ടുകൾ തയ്യാറാക്കണം, ഒരു ജില്ലയുടെ സമഗ്രപരിപാടികൾ ഉണ്ടാവണമെങ്കിൽ ജില്ലാപ്ലാനുകൾ ഉണ്ടാവണം. അതിന് അസോസിയേഷൻ മുൻകൈ എടുക്കണം.

കഴിഞ്ഞ 25 വർഷത്തെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തണം, രേഖയാക്കണം. 9-ാം പദ്ധതിക്ക് ശേഷം തയ്യാറാക്കിയ വികസനരേഖകൾ 9-ാം പദ്ധതിയിൽ തയ്യാറാക്കിയതിന്റെ ഒരു നിലവാരവും ഉണ്ടായിരുന്നില്ല. അത്കൊണ്ട് 14-ാം പദ്ധതിയിൽ സമഗ്രവും, സത്യസന്ധവും സ്ഥിതിവിവരണ കണക്കുകളുടേയും അടിസ്ഥാനത്തിൽ വികസനരേഖ തയ്യാറാക്കണം. നമ്മുടെ വർക്കിംഗ് ഗ്രൂപ്പുകൾ ഇന്ന് ഇന്ത്യയിൽ അംഗീകരിക്കുന്ന രീതിയിൽ മാറിയിട്ടുണ്ട്. നമ്മൾ കുറേക്കൂടി ഫലപ്രദമായി എക്സ്പെർട്ടുകളെക്കൂടി കൂട്ടിചേർത്ത് വർക്കിംഗ് ഗ്രൂപ്പുകളെ ശക്തിപ്പെടുത്തണം. ഗ്രാമസഭകൾ കൂടുതൽ ശക്തി പ്രാപിക്കേണ്ടതുണ്ട്. ഗ്രാമസഭ ശക്തി പ്രാപിക്കണമെങ്കിൽ പൊതു അയൽക്കൂട്ടങ്ങൾ ശക്തമാകണം, സേവാഗ്രാമങ്ങൾ ശക്തി പ്രാപിക്കണം. പ്രോജക്റ്റ് അഗീകരിക്കുന്നതിന് ഇന്ന് പത്ത് മിനിറ്റ്പോലും വേണ്ടന്നുള്ളതാണ് നിലവിലെ സ്ഥിതി. നേരത്തെ ഉണ്ടായിരുന്ന ജനകീയ വെറ്റിങ്ങ് സംവിധാനമായ വോളന്റിയർ ടെക്നിക്കൽ കമ്മറ്റികൾ(VTC) കൊണ്ട്വരണം. DPC യുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉതകുന്നതരത്തിൽ എക്സ്പെർട്ടുകളെ കൂട്ടിയിണക്കണം. ട്രൈബൽ സബ്പ്ലാൻ കാര്യക്ഷമമാക്കി നടപ്പിലാക്കാൻ കഴിയുന്നതരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. കോസ്റ്റൽ പഞ്ചായത്തുകൾക്ക് മത്സ്യതൊഴിലാളികൾക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കാൻ കഴിയണം. വിവിധ കേന്ദ്ര, സംസ്ഥാന സ്കീമുകളടക്കം ക്രോഡീകരിച്ച് പഞ്ചായത്തിൽ ആകെ ഓരോ വർഷവും എത്ര രൂപ ചെലവഴിക്കാൻ കഴിയും എന്ന് പറയുന്ന തരത്തിൽ ഇന്റഗ്രേറ്റ് ചെയ്യാൻ കഴിയണം. ഈ ഗവേണൻസിന് വളരെ പ്രസക്തിയുള്ള സമയമാണ്. ഇതേസമയം ഒട്ടേറെ പ്രശ്നങ്ങളും നിലനിൽക്കുന്നു. ഇത് പരിഹരിക്കാൻ അസോസിയേഷൻ IKM മായി ചർച്ചചെയ്യണം. സർവ്വീസ് ഡെലിവറിയുടെ ഭാഗമായി സിറ്റിസൺ ചാർട്ടർ നന്നായി തയ്യാറാക്കിയ 10% പഞ്ചായത്തുകൾ മാത്രമേ ഉണ്ടാവൂ. അത് മാറണം, സേവനങ്ങൾ മെച്ചപ്പെടുത്താൻ കഴിയണം. കർണ്ണാടക SIRD ചെയ്തതുപോലെ കേരളത്തിൽ കിലയുമായി ചേർന്ന് ചെലവില്ലാതെ, കുറഞ്ഞ ചെലവിൽ നൽകാൻ കഴിയുന്ന സേവനങ്ങൾ ലിസ്റ്റ് ചെയ്യണം. കുടുംബശ്രീയും പഞ്ചായത്തും തമ്മിൽ ഉറച്ച ബന്ധം ഇന്ന് ഉണ്ടോ. അതിന് പരിഹാരം കാണാൻ നമുക്ക് കഴിയണം. കുടുംബശ്രീയും പഞ്ചായത്തും ഒന്നിച്ച് പ്രവർത്തിക്കാൻ കഴിയണം. ആസ്ഥി രജിസ്റ്റർ പക്കയാക്കണം. ഉപയോഗ ശൂന്യമായി കിടക്കുന്ന ആസ്ഥികൾ ഉപയോഗിക്കുന്നതിന് എന്ത്ചെയ്യാം, നിലവിലെ ആസ്തികൾ പരിപാലിക്കാൻ എന്ത്ചെയ്യാം എന്നീകാര്യങ്ങൾ ആലോചിക്കണം.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യവും കാര്യക്ഷമവും ശാസ്ത്രീയവുമാക്കാൻ വേണ്ടി ഇടപെടണം. നമ്മുടെ ആസൂത്രണത്തിന്റെ ഗുണനിലവാരം ഇല്ലാതാക്കുന്നത് വാർഡ് തലത്തിൽ വിഭജിക്കുന്നു എന്നതാണ് നിലവിലെ സ്ഥിതി. ഇത് നാടിന് ഒരുഗുണവും ഉണ്ടാക്കുന്നില്ല. ആയതിനാൽ ദീർഘവീക്ഷണമുള്ള പ്രോജക്റ്റുകൾ ഉണ്ടാവണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അഴിമതി കൂടിവരുന്നു. എന്നാൽ സംസ്ഥാനത്തെ മൊത്തത്തിൽ നോക്കുമ്പോൾ ഇത് കുറവാണ്. ഒരോ തദ്ദേശസ്വയംഭരണസ്ഥാപനത്തേയും അഴിമതിരഹിത തദ്ദേശസ്വയംഭരണസ്ഥാപനമാക്കിമാറ്റാൻ കഴിയുമോ? ഇന്ത്യയിൽ ഇത്തരത്തിലുള്ള അസോസിയേഷൻ കേരളത്തിൽ മാത്രമെയുള്ളു. രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കാൻ നമുക്ക് കഴിയണം. ചില മാതൃകകൾ സൃഷ്ടിക്കാൻ വേണ്ടുന്ന ഇടപെടൽ ഉണ്ടാവണം. ലോക്കൽ എക്കണോമിക്ക് ഡവലപ്പ്മെന്റ്, സോഷ്യൽ സെക്യൂരിറ്റിയുമാണ് അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. അതിനനുസരിച്ച് മോഡലുകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം.

## ജില്ലാതല പരിശീലനങ്ങൾ

പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് കൊറോണ പശ്ചാത്തലത്തിൽ ആവശ്യത്തിന് പരിശീലനം ലഭിച്ചിരുന്നില്ല എന്ന പഞ്ചായത്ത് പ്രസിഡന്റ്മാരുടെ പരാതിയെ തുടർന്ന് ഗ്രാമപഞ്ചായത്ത് അസോ

സിയേഷന്റെ നേതൃത്വത്തിൽ കിലയുമായി ചേർന്ന് കേരളത്തിലെ മുഴുവൻ പ്രസിഡന്റ്മാർക്കും ജില്ലാ അടിസ്ഥാനത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു. പ്രസ്തുത പരിശീലനത്തിൽ ഓഫീസ് മാനേജ്മെന്റ്, സത്ഭരണം, പഞ്ചായത്തീ രാജ് നിയമം, MGNREGS, യോഗ നടപടി ക്രമങ്ങൾ, പഞ്ചായത്ത് പ്രസിഡന്റും വിവിധ കമ്മറ്റികളും, ബ്ലോക്ക്ജില്ലാ അസോസിയേഷന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ചായിരുന്നു ഈ ക്ലാസ്സുകൾ. ഇതിൽ 80% പഞ്ചായത്ത് പ്രസിഡന്റ്മാരും സജീവമായി പങ്കെടുത്തിരുന്നു. അസോസിയേഷന്റെ ജില്ലാ ബ്ലോക്ക് തല പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖ തയ്യാറാക്കി ഈ പരിശീലനത്തിൽ ചർച്ച ചെയ്തിരുന്നു.

പരിശീലനങ്ങൾ സംബന്ധിച്ച് പൊതുവിൽ നല്ല അഭിപ്രായമായിരുന്നു. പരിശീലനം ആരംഭിച്ചത് കാസർകോട് ജില്ലയിൽ നിന്നായിരുന്നു. ദ്വിദിന പരിശീലനങ്ങളാണ് സംഘടിപ്പിച്ചത്. കാസർകോട് ജില്ല കാസർകോട് വച്ചും, തിരുവനന്തപുരം ജില്ല തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ വച്ചും പത്തനംതിട്ട, കൊല്ലം ജില്ലകൾ CHRD കൊട്ടാരകരയിൽ വച്ചും ബാക്കി എല്ലാ ജില്ലകളുടെ പരിശീലനവും കിലയിൽ വച്ചാണ് നൽകിയത്. തൃശൂർ ജില്ലയുടെയുടെ പരിശീലനം അസോസിയേഷൻ നടത്തിയതിൽ നിന്നും വ്യത്യസ്തമായി ജില്ലയുടെ തനത് രീതിയിലാണ് സംഘടിപ്പിച്ചത്. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വലിയ ദിശാബോധം നൽകുന്നതിന് ഈ പരിശീലനങ്ങൾ ഏറെ സഹായകമായി എന്നാണ് പങ്കെടുത്ത പ്രസിഡന്റ്മാർ അഭിപ്രായപ്പെട്ടത്. ചുവടെ കൊടുത്തിട്ടുള്ള തുടർ പരിശീലനത്തേക്കാളും ഈ പരിശീലനത്തിൽ ഉയർന്ന് വന്നിരുന്നു.

- സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺസിനുള്ള പരിശീലനം
- പ്രസിഡന്റ്മാർക്കുള്ള കംപ്യൂട്ടർ പരിശീലനം

പഞ്ചായത്ത് പ്രസിഡന്റ്മാർക്കുള്ള കംപ്യൂട്ടർ പരിശീലനം കിലയുമായി ചേർന്ന് സംഘടിപ്പിച്ചു. എന്നാൽ 45% പങ്കാളിത്തം മാത്രമാണ് ഉണ്ടായിരുന്നത് പങ്കെടുത്തവർക്ക് വലിയ പ്രയോജനപ്രദമായിരുന്നുയെന്നാണ് അറിയിച്ചത്.

ജില്ലാതല ദ്വിദിന പരിശീലനങ്ങളിൽ പങ്കെടുത്തവർ

| **ജില്ല** | **പങ്കെടുക്കേണ്ടവർ** | **പങ്കെടുത്തവർ** |
|---|---|---|
| കാസർകോഡ് | 38 | 37 |
| കണ്ണൂർ | 71 | 66 |
| വയനാട് | 23 | 17 |
| കോഴിക്കോട് | 70 | 52 |
| മലപ്പുറം | 94 | 69 |
| പാലക്കാട് | 88 | 68 |
| എറണാകുളം | 82 | 68 |
| ഇടുക്കി | 52 | 36 |
| കോട്ടയം | 71 | 42 |
| ആലപ്പുഴ | 72 | 57 |
| പത്തനംതിട്ട | 53 | 28 |
| കൊല്ലം | 68 | 32 |
| തിരുവനന്തപുരം | 73 | 48 |

തൃശൂർ ജില്ലയിൽ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺസ് അടക്കമാണ് പങ്കെടുത്തത്. പ്രസ്തുത പരിശീലനത്തിൽ പ്രൊഫ: പി.കെ രവീന്ദ്രൻ, മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ: രവീന്ദ്രനാഥ് എന്നിവരും പങ്കെടുത്തു.

## കോവിഡുമായി

കോവിഡുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ ചെലവഴിച്ച തുക സംബന്ധിച്ച് പഞ്ചായത്തുകളിൽ നിന്ന് വിവരം ശേഖരിച്ച് ആകെ ചെലവായ തുക, ലഭിച്ച തുക ഇനി ലഭിക്കാനുള്ള തുക എന്നിവ സംബന്ധിച്ച് രേഖ തയ്യാറാക്കി നമ്മൾ സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാലയിൽ വച്ച് സർക്കാരിന് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായി കണക്കുകൾ നൽകിയ ഒട്ടേറെ പഞ്ചായത്തുകൾക്ക് പകുതിയിൽ കൂടുതൽ തുക തിരികെ ലഭിക്കുകയും ചെയ്തു. എന്നാൽ ഈ കണക്ക് ആവശ്യപ്പെട്ട് പഞ്ചായത്തുകളിൽ കത്ത് അയച്ചെങ്കിലും ആകെ 102 പഞ്ചായത്തുകൾ മാത്രമാണ് വിവരം ലഭ്യമാക്കിയത്. പഞ്ചായത്തുകൾ ലഭ്യമാക്കാത്തതിനാൽലഭിച്ച വിവരം മാത്രമാണ് ക്രോഡീകരിച്ച് പൊതുവേദിയിൽ വച്ച് ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർക്ക് കൈമാറാൻ കഴിഞ്ഞത്. ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തിന് പോലും പഞ്ചായത്തുകൾ വേണ്ട ഗൗരവത്തോടെ പ്രതികരിച്ചില്ല എന്നത് നിരാശാജനകമായിപ്പോയി.

## ഡി.പി.സി

അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സെക്രട്ടറിമാരെ ഡി.പി.സിയിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് എല്ലാ കളക്ടർമാർക്കും, ഡി.പി.സി ചെയർപേഴ്സൺസിനും കത്തുകൾ അയച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.സിയിലെ സ്ഥിരം ക്ഷണിതാക്കളായി അവരെ ഉൾപ്പെടുത്തി. സ്ഥിരം ക്ഷണിതാക്കളാണെങ്കിലും മറ്റ് മെമ്പർമാരെപ്പോലെ പരിഗണിച്ച് വേണ്ട അംഗീകരാവും, ഇരിപ്പിടവും, സിറ്റിംഗ് ഫീസ്സും അനുവദിക്കണമെന്ന് രേഖാമൂലം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പല ജില്ലകളിലും ഡി.പി.സി യോഗത്തിന് മുന്നെയും പിന്നെയും ഈ പ്രതിനിധികൾ ഡി.പി.സി യോഗത്തിൽ ഉന്നയിക്കേണ്ട കാര്യങ്ങളെ കുറിച്ചും, ഡി.പി.സി യിൽ നടന്ന കാര്യങ്ങളെ കുറിച്ചും പഞ്ചായത്തുകളുമായി ആശയ വിനിമയം നടത്തുന്നില്ലയെന്ന പരാതിയും വന്നിട്ടുണ്ട്.

### മുൻ ജനപ്രതിനിധികളുടെ വിവരം ശേഖരിക്കൽ

അധികാര വികേന്ദ്രീകരണം ആരംഭിച്ച് നാളിതുവരെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ ആയിരുന്നവരുടെ വിവരം ശേഖരിച്ചാൽ പഞ്ചായത്ത് ഡയറക്ട്രേറ്റിന്റേയും, കിലയുടേയും സഹായത്തോടെ ഒരു ഡയറക്ട്രി തയ്യാറാക്കാം എന്ന് സമ്മതിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുൻ ജനപ്രതിനിധികളുടെ വിവരം ശേഖരിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലേക്കും കത്തുകൾ അയച്ചെങ്കിലും 72 പഞ്ചായത്തുകൾ മാത്രമാണ് പൂർണ്ണമായും വിവരം ശേഖരിച്ച് അയച്ചു തന്നത്. ഇത് നമ്മൾ വേണ്ട ഗൗരവത്തോടെ അസോസിയേഷൻ പ്രവർത്തനങ്ങളെ കാണുന്നില്ല എന്നതിന്റെ ഉദാഹരണമാണിത്. ഇത് നമ്മുടെ കൂട്ടായ്മയേയും കെട്ടുറപ്പിനേയും മറ്റുള്ളവർ വിലയിരുത്തുന്നതിന് നൽകുന്ന അവസരമാണ്. ഇത്തരം സമീപനം നമ്മുടെ പ്രവർത്തനങ്ങളെ ആകെ ബാധിക്കും.

## ടെക്നിക്കൽ അസിസ്റ്റന്റ്മാർ

ടെക്നിക്കൽ അസിസ്റ്റന്റ്മാരെ പിരിച്ച് വിടുന്നതിന് പഞ്ചായത്ത് ഡയറക്ടർ 2021 ആഗസ്റ്റിൽ ഇറക്കിയ ഉത്തരവിന് എതിരെ കത്ത് തയ്യാറാക്കി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ നടപടിയിൽ നിന്നും പിൻവാങ്ങുകയും അവരുടെ കാലാവധി 2022 മാർച്ച് മാസം വരെ നീട്ടി നൽകുകയും ചെയ്തു. തുടർന്ന് നമ്മൾ നടത്തിയ നിരന്തരമായ ഇടപെടലിന്റെ ഭാഗമായി കോടതി ഉത്തരവ് ഉണ്ടായിരുന്നിട്ടും കൂടി 2022 ജൂൺ വരെ വീണ്ടും ഇവരുടെ കാലാവധി നീട്ടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്പോൾ ഉത്തരവിന്റെ കാലാവധി തീരാറായ സാഹചര്യത്തിൽ തുടർന്ന് ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ കാലാവധി നീട്ടി അനുവദിക്കണമെന്ന് അസോസിയേഷൻ നിരന്തരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പഞ്ചായത്തുകളിൽ നിന്നും വിവരം ശേഖരിക്കുന്നതിന്

ഒരു പെർഫോമ അയച്ചിരുന്നു. സമയത്തിന് ഈ പെർഫോമ ലഭിക്കാനും, അത് ഡയറക്ട്രേറ്റിൽ വേഗത്തിൽ ക്രോഡീകരിച്ച് സർക്കാരിന് ലഭ്യമാക്കാനും വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്.

പ്രോജക്റ്റ് അസിസ്റ്റന്റ് മാരുടെ കാലാവധി(2023 മാർച്ച് 31 വരെ) നീട്ടി തരണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് അപേക്ഷ നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് അവരുടെ കാലാവധി നീട്ടി ഉത്തരവായി.

23.03.2022 ൽ ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ കാലാവധി നീട്ടിതരണമെന്ന് ആവശ്യപ്പെട്ട് ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിക്കും ബഹു. തദ്ദേശസ്വയംഭരണ മന്ത്രിക്കും അപേക്ഷ നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ കാലാവധി നീട്ടി ഉത്തരവായിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ പരിഹരിക്കുന്നതിന്, തീരുമാനമെടുക്കാൻ ഭരണ സമിതിയെ സഹായിക്കുന്നതിന് ജില്ലാതലത്തിൽ അഞ്ച് പേരടങ്ങുന്ന ഒരു കമ്മറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് പേർ അസോസിയേഷൻ നിർദ്ദേശിച്ച ജനപ്രതിനിധികളാണ്.

## ലൈഫ് ഭവന നിർമ്മാണ പദ്ധതി

ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ വെരിഫിക്കേഷൻ എത്രയും വേഗം പൂർത്തിയാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. കൂടാതെ മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ നഗര സ്വഭാവമുള്ള പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിന് ഗ്രാമ സ്വഭാവമുള്ള പഞ്ചായത്തുകളിൽ വരികയും, അത്തരത്തിൽ സ്ഥലം വാങ്ങുന്നവർക്ക് ആ ഗ്രാമപഞ്ചായത്ത് വീട് വയ്ക്കാൻ അധികമായി തുക കണ്ടെത്തേണ്ടതുമായ അവസ്ഥയാണ് ഉണ്ടായിരുന്നത്. ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനമാണോ സ്ഥലം വാങ്ങാൻ തുക അനുവദിക്കുന്നത് ആ തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ വീട് വയ്ക്കാനും തുക അനുവദിക്കണമെന്ന് നമ്മൾ കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമുണ്ടാകുകയും ചെയ്തു. ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വെരിഫിക്കേഷൻ വേഗത്തിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനുള്ള ഇടപെടൽ നടത്തി.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച അപേക്ഷകളുടെ ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്നതിന് കൃഷി വകുപ്പ് ജീവനക്കാർ വിസമ്മതിച്ചപ്പോൾ പഞ്ചായത്ത് അവരുടെ മേൽ നടപടി സ്വീകരിക്കുന്ന അവസ്ഥയുണ്ടായി. ഈ അവസരത്തിൽ കൃഷി വകുപ്പിൽ നിന്നും കാർഷികേതര ആവശ്യങ്ങൾക്ക് കൃഷി വകുപ്പ് ജീവനക്കാരെ ഉപയോഗിക്കരുത് എന്ന് കാണിച്ച് ഉത്തരവ് ഇറങ്ങി ഇതിനെതിരെ ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ അസോസിയേഷൻ ഏറ്റെടുത്തു.

- പഞ്ചായത്തി രാജ് നിയമവും ചട്ടങ്ങളും ഉൾപ്പെടുത്തി കത്ത് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, കൃഷി മന്ത്രി, മുഖ്യ മന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകി. ചർച്ചകൾ സംഘടിപ്പിച്ചു.
- വേണ്ട ഇടപെടലുകൾക്കും, തുടർ പ്രവർത്തനങ്ങൾക്കുമായി ആക്റ്റിന്റേയും ചട്ടങ്ങളുടേയും കോപ്പി എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കി.
- ആര്യനാട് ഗ്രാമപഞ്ചായത്ത് ബഹു.ഹൈക്കോടതിയിൽ കേസ്സ് ഇപ്പോഴും നടന്ന് വരുകയാണ്. പഞ്ചായത്തുകൾ ഫയൽ ചെയ്ത കേസ്സിൽ അസോസിയേഷനും കക്ഷി ചേരാൻ തീരുമാനിച്ചു. ഈ കേസ്സ് ഇപ്പോഴും നടന്ന് വരുകയാണ്.

- ബഹു. കൃഷി വകുപ്പ് മന്ത്രി വിളിച്ച യോഗത്തിലും ഈ പ്രശ്നങ്ങൾ ഉന്നയിച്ചു.

**ജൽജീവൻ മിഷൻ**

ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആകെ എസ്റ്റിമേറ്റിന്റെ 15% തുക അടക്കണം കൂടാതെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നൽകണം, ഇതിന്റെ ഭാഗമായി കുഴിച്ച റോഡുകളുടെ അറ്റകുറ്റപണിയുടെ മൊത്തം ചെലവും പഞ്ചായത്തുകളുടെയായി മാറുന്നു. ഇത്തരത്തിൽ പഞ്ചായത്തുകൾക്ക് ഭീമമായ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന പഞ്ചായത്തുകളുടെ അടിത്തറത്തന്നെ ഇല്ലാതാക്കുന്ന ഈ പദ്ധതി നടപ്പിലാക്കണമെന്ന് നമ്മൾ ആവശ്യപ്പെടുന്നതോടൊപ്പം പഞ്ചായത്തിനെ ബാധിക്കുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിട്ടുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

- കൺസൾട്ടന്റുകളായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സന്നദ്ധ സംഘടനകളുമായി പഞ്ചായത്തുകൾ ത്രികക്ഷി കരാറിൽ ഒപ്പ് വയ്ക്കേണ്ടതില്ലയെന്ന് തീരുമാനിച്ചു.
- കട്ട് ചെയ്ത റോഡിന്റെ മെയിന്റനൻസ് മൊത്തം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
- പഞ്ചായത്തുകൾ അടയ്ക്കേണ്ട തുക സംബന്ധിച്ച് പഞ്ചായത്തുകളുടെ ധന സ്ഥിതിക്ക് അനുസരിച്ച് തീരുമാനമെടുക്കാമെന്ന് തീരുമാനിച്ചു.
- വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സംയുക്തമായി പ്രൊജക്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചു.
- പ്രവർത്തി പൂർത്തിയാക്കി കഴിഞ്ഞാൽ തുടർന്നുള്ള നടത്തിപ്പും മെയിന്റനൻസും പഞ്ചായത്തുകൾ നിർവ്വഹിക്കണമെന്ന് തീരുമാനം മാറ്റി അത് വാട്ടർഅതോറിറ്റി തന്നെ തൽകാലം ചെയ്യാമെന്നും ഇതിനായി പഞ്ചായത്തുകളെ പ്രാപ്തമാക്കിയ ശേഷം ക്രമേണ അതിനെ കുറിച്ച് ആലോചിക്കാമെന്നും തീരുമാനിച്ചു.

## നിലാവ് പദ്ധതി

നിലാവ് പദ്ധതിയിൽ ചേർന്ന പഞ്ചായത്തുകൾ അഭിമുഖീകരരിക്കുന്ന പ്രശ്നങ്ങൾ പഞ്ചായത്തിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ബഹു: മുഖ്യമന്ത്രിക്കും, തദ്ദേശസ്വയംഭരണ മന്ത്രിക്കും, വൈദ്യുതി മന്ത്രിക്കും കത്തുകൾ നൽകി. കൂടാതെ ഇതിന്റെ മെയിന്റനൻസ്സും പ്രവർത്തനങ്ങളുംയിൽ KSEB-യിൽ നിന്നും മാറ്റി പൂർണ്ണമായും പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനുള്ള പ്രപ്പോസലും തയ്യാറാക്കി നൽകി. എന്നാൽ ഇതിനെ ഇപ്പോഴും കൃത്യമായ തീരുമാനങ്ങൾ ഉണ്ടായില്ല.

## ആറാം ധനകാര്യ കമ്മീഷൻ

നമ്മൾ ചുമതലയേറ്റപ്പോൾ 6-ാം ധനകാര്യകമ്മീഷന്റെ പ്രവർത്തനങ്ങളുടെ 75 ശതമാനവും പൂർത്തിയായി കഴിഞ്ഞു. എന്നാലും ആറാം ധനകാര്യ കമ്മീഷന് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ആശയങ്ങൾ ക്രോഡീകരിച്ച് ധനകാര്യ കമ്മീഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കും നൽകി. 6-ാം ധനകാര്യകമ്മീഷൻ ചെയർമാൻ അസോസിയേഷൻ സംഘടിപ്പിച്ച ദ്വിദിന ക്യാമ്പിൽ പങ്കെടുക്കാൻ എത്തിയപ്പോൾ കമ്മീഷന് ഓൺലൈനായി നിർദ്ദേശങ്ങൾ നൽകാൻ ഒരവസരം കൂടി നൽകണമെന്ന് അസോസിയേഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാവശ്യം കൂടി സൈറ്റ് ഓപ്പൺ ചെയ്ത് കിട്ടിയെങ്കിലും ആകെ 63 പഞ്ചായത്തുകൾ മാത്രമാണ് പ്രതികരിച്ചത്.

തനത് ഫണ്ട് വളരെ കുറവ് ഉള്ള, മൈനസ് ഫണ്ടുള്ള പഞ്ചായത്തുകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനും ആറാം ധനകാര്യ കമ്മീഷനും നിവേദനം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ആറാം ധനകാര്യ കമ്മീഷൻ മൈനസ് പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന ഉറപ്പ് വരുത്തിയിട്ടുണ്ട്.

## പതിനാലാം പഞ്ചവത്സരപദ്ധതി

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി സർക്കാർ പുറത്ത് ഇറക്കുന്ന ഗൈഡ് ലൈനിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് അസോസിയേഷൻ രേഖ തയ്യാറാക്കി സമർപ്പിച്ചു. അതിനായി ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

- എല്ലാ പഞ്ചായത്തുകളിലും ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർ കൂടി ചർച്ച ചെയ്യേണ്ട വിഷയങ്ങളും ചർച്ച ചെയ്യേണ്ട രീതിയും സംബന്ധിച്ച് എല്ലാ പഞ്ചായത്തുകൾക്കും അയച്ചു.
- ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ ചർച്ച ചെയ്ത് തയ്യാറാക്കിയ കുറിപ്പുകൾ അസോസിയേഷനിലേക്ക് അയച്ചു. ആകെ 98 പഞ്ചായത്തുകൾ മാത്രമാണ് ഇത്തരത്തിൽ കുറിപ്പുകൾ തയ്യാറാക്കി അയച്ചത്.
- എല്ലാ ജില്ലയിലും ഇത് സംബന്ധിച്ച് ചർച്ചകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രത്യേക കുറിപ്പ് തയ്യാറാക്കി അയച്ചു. എന്നാൽ കണ്ണൂർ കാസർകോഡ് ജില്ലകൾ മാത്രമാണ് ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് രേഖ തയ്യാറാക്കി അയച്ചത്.
- ഇവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ കരട് രേഖ തയ്യാറാക്കി വിദഗ്ദ്ധരുമായി ചർച്ച നടത്തി എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അവതരിപ്പിച്ച് അന്തിമമാക്കി സർക്കാരിനും പ്ലാനിംഗ് ബോർഡിനും സമർപ്പിച്ചു.
- സർക്കാർ കരട് ഗൈഡ്ലൈൻ ചർച്ചക്കായി പ്രസിദ്ധീകരിച്ചപ്പോൾ ആ കോപ്പി എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കി അഭിപ്രായങ്ങൾ ആവശ്യപ്പെട്ടെങ്കിലും കേവലം 11 പഞ്ചായത്തുകളാണ് അഭിപ്രായങ്ങൾ നൽകിയത്. ഇത് കൂടി ഉൾപ്പെടുത്തി കിലയിൽ എക്സിക്യൂട്ടീവ് യോഗം ചേർന്ന് ഈ രേഖ ചർച്ച ചെയ്ത് അഭിപ്രായങ്ങൾ സർക്കാരിനും പ്ലാനിംഗ് ബോർഡിനും സമർപ്പിച്ചു.

അസോസിയേഷൻ നൽകിയ ഒട്ടുമുക്കാൽ നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് പതിനാലാം പദ്ധതിഗൈഡ്ലൈനിന് രൂപം നൽകിയിട്ടുള്ളത്.

14-ാം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി സ്റ്റാറ്റസ് റിപ്പോർട്ടും, വികസനരേഖയും തയ്യാറാക്കുന്നത് സംബന്ധിച്ച് പഞ്ചായത്തുകൾ ഒട്ടേറെ സംശയങ്ങൾ വിളിച്ച് ചോദിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇത് ചെയ്യാൻ കഴിയുന്ന തരത്തിൽ വിശദമായ കുറിപ്പ് തയ്യാറാക്കി പഞ്ചായത്തുകൾക്ക് അയച്ചിരുന്നു.

നൂതന പ്രൊജക്റ്റുകൾ , സമഗ്ര പരിപാടികൾ പദ്ധതികൾ എന്നിവ എങ്ങനെയായിരിക്കണം എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു. ഇത് സംബന്ധിച്ച് ഗൈഡ്ലൈനിൽ വലിയ മാറ്റമാണ് ഉണ്ടായത്.

ഗൈഡ്ലൈൻ പുറത്തിറക്കിയ ശേഷം സബ്സിഡി മാനദണ്ഡത്തിലുണ്ടായ പ്രശ്നങ്ങൾ അപ്പപ്പോൾ സർക്കാരിന്റേയും പ്ലാനിംഗ് ബോർഡിന്റേയും ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## തെരുവ്നായ ശല്യം

തെരുവ് നായ ശല്യം അതിരൂക്ഷമായ സാഹചര്യത്തിൽ അത് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പല ആവർത്തി സർക്കാരിൽ നിവേദനം നൽകി. എന്നാൽ കോടതിവിധിയുള്ളതിനാൽ ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നു. പഞ്ചായത്തുകളും വലിയ പ്രതിസന്ധിയിലായിരുന്നു. പട്ടിശല്യം, പേപിടിച്ച പട്ടികളുടെ ശല്യം, പട്ടികടിച്ചാൽ നൽകേണ്ടി വരുന്ന കോമ്പൻസേഷൻ തുടങ്ങി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഈ സാഹചര്യത്തിൽ പലപഞ്ചായത്തുകളും കോടതിയെ സമീപിക്കാൻ തീരുമാനിച്ചു. അത് ഓരോ പഞ്ചായത്തിനും വലിയ തുക ചെലവാക്കേണ്ടി വരും എന്നതിനാൽ, പഞ്ചായത്തുകൾ ആവശ്യപ്പെട്ടതിനാൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. അഡ്വ. റോമി ചാക്കോയാണ് നമുക്ക് വേണ്ടി സുപ്രീം കോടതിയിൽ സമീപിക്കുന്നത്. ഇദ്ദേഹത്തിന് ഫീസ് ഇനത്തിൽ 2,00,000 രൂപയാണ് നൽകേണ്ടത്. അഡ്വാൻസായി 50,000 രൂപ നൽകി. കൂടാതെ ഓരോ സിറ്റിങ്ങിനും 25,000 രൂപ വീതം നൽകണം. കൂടാതെ മറ്റ് ചെലവുകളും. എല്ലാം കൂടി വലിയൊരു സംഖ്യ ചെലവ് വരും ഇതിന്റെ ചെലവിലേക്ക് ഒരു പഞ്ചായത്തിൽ നിന്നും 3000 രൂപ വച്ച് ശേഖരിക്കാനുള്ള പെർമ്മിസ്സീവ് സാങ്ഷനും സർക്കാരിൽ നിന്നും ലഭിച്ചു.

**<u>ഫയൽ ചെയ്ത കേസ്സിലെ വിഷയങ്ങൾ</u>**

1. അക്രമാസക്തരായ, പേബാധിതരായ, മറ്റ് രോഗബാധിതരായി അവശത അനുഭവിക്കുന്ന തെരുവ് നായ്ക്കളെ കൊല്ലാൻ പഞ്ചായത്തിന് അനുമതി നൽകണം.
2. സിരിജൻ കമ്മറ്റി നിർദ്ദേശ പ്രകാരം, പട്ടികടിച്ചാൽ കോമ്പൻസേഷൻ നൽകേണ്ടത് പഞ്ചായത്തുകളാണ്. ഇത് പഞ്ചായത്തുകൾക്ക് വലിയ ബാധ്യത ഉണ്ടാക്കുന്നു. ഈ ബാധ്യതയിൽ നിന്നും പഞ്ചായത്തിനെ ഒഴിവാക്കണം.

കേസ്സിന്റെ ഒരു സിറ്റിംഗ് കഴിഞ്ഞു. അടുത്ത സിറ്റിങ്ങ് 2023 ഫെബ്രുവരി 24 ലേക്ക് മാറ്റി വച്ചിട്ടുണ്ട്. അതിന് മുന്നെ വരുന്ന ആവശ്യങ്ങൾക്ക് ഹൈക്കോടതിയെ സമീപിച്ച് ഉത്തരവ് വാങ്ങാമെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി.

## ജനപ്രതിനിധികളുടെ ഓണറേറിയം

തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും 1000 രൂപ വീതം വർദ്ധിപ്പിച്ചു. തുടർന്ന് ഈ വർഷത്തെ (2022) സർക്കാർ ബഡ്ജറ്റ് രൂപീകരണ സമയത്ത് ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ധനകാര്യ മന്ത്രിക്ക് നിവേദനം സമർപ്പിച്ചു. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു നടപടിയും ഉണ്ടായില്ല. പുതുതായി ചുമതലയേറ്റ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

### പ്രോട്ടോകോൾ

തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്ക് പ്രോട്ടോകോൾ നിശ്ചയിക്കാൻ കഴിയാത്തത് കൊണ്ട് നാട്ടിൽ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ടെന്ന് ജനപ്രതിനിധികൾ നിരന്തരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം അസോസിയേഷൻ സർക്കാരിനോട് ഉന്നയിക്കയുണ്ടായി. പഞ്ചായത്ത് ഡയറക്ട്രേറ്റിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രോട്ടോകോൾ നിശ്ചയിക്കുന്നതിന് ഒരു പ്രപ്പോസൽ തയ്യാറാക്കി അസോസിയേഷൻ നൽകി.

## ബജറ്റ് നിർദ്ദേശങ്ങൾ

31.01.2022 ൽ 2022-23 സാമ്പത്തിക വർഷത്തെ കേരള സർക്കാർ അവതരിപ്പിക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തേണ്ട, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിർദ്ദേശങ്ങൾ കാണിച്ച് ബഹു. മുഖ്യമന്ത്രിക്കും, ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്കും, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും പൊതുവായ ചില കാര്യങ്ങൾ അടങ്ങുന്ന കത്ത് നൽകി. ഈ കത്ത് തയ്യാറാക്കുന്നതിന് മുന്നെ ഇതിലേക്കുള്ള നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുകളിൽ കത്ത് അയച്ചിരുന്നു. 13 പഞ്ചായത്തുകൾ മാത്രമാണ് പ്രതികരിച്ചത് ഇതിന്റെ കൂടി അടിസ്ഥാനത്തിൽ അസോസിയേഷൻ ഒരു പ്രപ്പോസൽ തയ്യാറാക്കി സർക്കാരിന് നൽകുന്നതിന് മുന്നെ അഭിപ്രായങ്ങൾ ആരാഞ്ഞു കൊണ്ട് പഞ്ചായത്തുകളിലേക്ക് അയച്ചിരുന്നു. എന്നാൽ 14 പഞ്ചായത്തുകൾ മാത്രമാണ് പ്രതിക രിച്ചത്.

## കുടുംബകൂട്ടം

പഞ്ചായത്തുകൾക്ക് കുടുംബകൂട്ടം എന്ന പേരിൽ പൊതു അയൽകൂട്ടങ്ങൾ രൂപീകരിക്കുന്നതി നുള്ള വിശദമായ കുറിപ്പും ബൈലോയുടെ മാതൃകയും തയ്യാറാക്കി എല്ലാ പഞ്ചായത്തുകൾക്കും അയച്ചു. തിരുവനന്തപുരത്തെ ആര്യനാട് ഗ്രാമപഞ്ചായത്ത് മാത്രമാണ് ഇത് നിർവ്വഹണം നടത്തിയ തായി അറിയിച്ചിട്ടുള്ളത്

## ജാഗ്രതാ സമിതി

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംഘടിപ്പിച്ച ദ്വിദിന ക്യാമ്പിൽ അന്നത്തെ ബഹു തദ്ദേ ശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളിലും ജാഗ്രതാ സമിതി രൂപീകരിക്കുന്നതിനായി ജാഗ്രതാ സമിതിയുടെ മാർഗ്ഗ രേഖയുടെ കോപ്പി എല്ലാ ഗ്രാമപഞ്ചായത്തുകളിലും എത്തിച്ചു. എല്ലാ ഗ്രാമപഞ്ചായത്തും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച ജില്ലയായി പ്രഖ്യാപിക്കണമെന്ന് ശിൽപ്പശാലയിൽ വച്ച് നമ്മൾ തീരുമാനിച്ചിരുന്നു.

## 'ഹാപ്പി ആന്റ് ഹെൽപ്പിയെസ്റ്റ് സ്കൂൾ'

'ഹാപ്പി ആന്റ് ഹെൽപ്പിയെസ്റ്റ് സ്കൂൾ' എന്ന പേരിൽ വിശദമായ പ്രൊജക്റ്റ് തയ്യാറാക്കി എല്ലാ പഞ്ചായത്തുകളിലേക്കും അയച്ചു ഏകദേശം നൂറോളം പഞ്ചായത്തുകൾ ഇത് അവ രുടെ പദ്ധതിയുടെ ഭാഗമാക്കണം. അതിനായി ഈ രേഖയുടെ സോഫ്റ്റ് കോപ്പി ആവശ്യപ്പെട്ട് എഴു പത്തി അഞ്ചോളം പഞ്ചായത്തുകൾ കത്ത് അയച്ചിരുന്നു. ഇവർക്കെല്ലാം കോപ്പി അയച്ചുയെങ്കിലും കോഴിക്കോട് ജില്ലയിലെ കക്കോടി, ഒളവണ്ണ ഗ്രാമപഞ്ചായത്തുകൾ ഒഴികെ എത്ര പഞ്ചായത്തുകൾ ഇത് ആരംഭിച്ചുയെന്നതിന് കൃത്യമായ വിവരം ലഭിച്ചിട്ടില്ല.

## പഞ്ചായത്ത്ദിനാഘോഷം

കഴിഞ്ഞ വർഷം, പഞ്ചായത്ത് ദിനാഘോഷം വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി തദ്ദേശദി നാഘോഷമായി നടത്താനാണ് സർക്കാർ തീരുമാനിച്ചത്. നാളിതുവരെ 5000 ത്തോളം പേരെ പങ്കെ ടുപ്പിച്ച് പഞ്ചായത്ത് ദിനാഘോഷം നടത്തിയിരുന്ന ഗ്രാമപഞ്ചായത്ത് അസോസിയേഷന് വേണ്ട പരിഗണന ഇതിന്റെ സംഘാടനത്തിനും നിർവ്വഹണത്തിനും നൽകിയില്ലായെന്ന പ്രതി ഷേധം തുടക്കം മുതൽ തന്നെ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ രേഖാമൂലവും ചർച്ചകളിലൂ ടെയും സർക്കാരിനെ അറിയിക്കുകയുണ്ടായി.

## മാതൃകാപ്രവർത്തനങ്ങൾ

കേരളത്തിലെ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും അതിന്റെ മൂർത്തമായ അർത്ഥത്തിൽ നിലനിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. വിവിധ മേഖലയിൽ നിലവിൽക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്ത് അതിന്റെ ഉദാത്തമായ തലത്തിൽ സമഗ്ര സുസ്ഥിര വികസനം, ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്. അതിന് ഉതകുന്ന തരത്തിൽ ഓരോ വിഷയത്തിലും വരുന്ന മൂന്ന് വർഷം ഈ ലക്ഷ്യം സാധ്യമാക്കുന്നതിന് ആക്ഷൻ റിസർച്ച് മോഡലിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുത്ത്, ആ ലക്ഷ്യത്തിൽ എത്താൻ അവർ വിഭാവനം ചെയ്ത പരിപാടിക്ക് വേണ്ട എല്ലാ പിൻതുണയും ഉറപ്പാക്കുന്നതിനാണ് ഈ പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്.

പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് ഈ പരിപാടിയുടെ വിശദവിവരം കാണിച്ച് എല്ലാ പഞ്ചായത്തിലേക്കും രണ്ട് പ്രാവശ്യം കത്ത് അയച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ താൽപ്പര്യം പ്രകടിപ്പിച്ച പഞ്ചായത്തുകളെയാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| **വിഷയം** | **വേണ്ടിയിരുന്ന പഞ്ചായത്തുകൾ** | **ലഭിച്ചത്** | **ഇനി വേണ്ടത്** |
|---|---|---|---|
| ടൂറിസം | 28 | 17 | 11 |
| കൃഷി | 50 | 38 | 12 |
| SDG | 70 | 29 | 41 |
| ഫിഷറീസ് | 14 | 1 | 13 |
| കുട്ടികൾ/ ശിശുക്കൾ | 28 | 1 | 27 |
| സമഗ്ര ആരോഗ്യ | 14 | 2 | 12 |
| എനർജി മാനേജ്മെന്റ് | 14 | 2 | 12 |
| സമഗ്ര വികസനം | 14 | 5 | 9 |
| ശുചിത്വ പരിപാലനം | 28 | 6 | 22 |
| LED | 14 | 5 | 9 |
| വയോജനം | 100 | 89 | 11 |
| യുവജനം | 14 | 3 | 11 |
| ഭിന്നശേഷിക്കാർ | 28 | 1 | 27 |
| വനിത വികസനം | 28 | 0 | 28 |
| **ആകെ** | **444** | **199** | **245** |

- ഈ പരിപാടിയുടെ ഭാഗമായി വയോജന മേഖലയിൽ മാതൃകാ പ്രവർത്തനത്തിനായി ഈ പരിപാടിയിൽ ചേരാൻ തീരുമാനിച്ച 13 പഞ്ചായത്തുകൾക്കും മുന്നൊരുക്കം എന്ന നില യിൽ അവർ ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു കുറിപ്പ് തയ്യാറാക്കി ആ പഞ്ചായ ത്തുകളിലേക്ക് അയച്ചു.
- വയോജനങ്ങൾ, ചലഞ്ച്ഡ് പേഴ്സൺസ് എന്നീ മേഖലയിലെ ഇടപെടൽ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊ. മിനി സുകുമാർ, സാമൂഹ്യ നീതി വകുപ്പ് ജോ.ഡയറക്ടർ ജലജ, പ്ലാനിംഗ് ബോർഡ് ചീഫ് ജെ.ജോസഫൈൻ അസോസി യേഷൻ ഭാരവാഹികൾ എന്നിവർ 29.08.2022 ന് പഞ്ചായത്ത് ഭവനിൽ വച്ച് യോഗം ചേർന്നു. ഇതിന്റെ രണ്ടാമത് വിപുലമായ യോഗം അസോസിയേഷൻ സെക്രട്ടറി കെ.കെ രാജീവിന്റെ

അദ്ധ്യക്ഷതയിൽ പ്ലാനിംഗ് ബോർഡ് മെമ്പർമാരായ ഡോ. ജിജു പി അലക്സ്, പ്രൊഫ. മിനി സുകുമാർ, പ്ലാനിംഗ് ബോർഡ് ചീഫ്മാരായ ഡോ. ബിന്ദു പി വർഗ്ഗീസ്, വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, ഈ മേഖലയിലെ വിദഗ്ദ്ധർ എന്നിവരെ ചേർത്ത് പ്ലാനിംഗ് ബോർഡിൽ വച്ച് 2022 സെപ്റ്റംബർ 20 ന് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.

- വയോജന മേഖലയിൽ ഇടപെടുന്നതിന് വേണ്ടുന്ന ഒരു സ്ട്രാറ്റജി പേപ്പറും, സംഘടനാ സംവിധാനത്തിന്റെ ബൈലോയുടെ മോഡലും, ചോദ്യാവലിയും തയ്യാറാക്കി കഴിഞ്ഞു.
- താൽപര്യം പ്രകടിപ്പിച്ച പഞ്ചായത്തുകളുടെ യോഗം ചേരണം
- കാർഷിക സമഗ്ര സുസ്ഥിര വികസന പരിപാടിയുടെ പ്രഥമികകാര്യങ്ങൾ എങ്ങനെ ആയിരിക്കണം എന്നത് ആലോചിക്കുന്നതിന് ഈ മേഖലയിലെ വിദഗ്ദ്ധർ ഭാരവാഹികൾ എന്നിവരുടെ ദ്വിദിന ക്യാമ്പ് 2022 നവംബർ 22,23 തീയതികളിൽ കിലയിൽ വച്ച് നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ പ്രവർത്തന രൂപ രേഖ തയ്യാറാക്കി.
- ഈ പദ്ധതിയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകളിൽ നിന്നും 7 പേരെ വീതം ചേർത്ത് 2022 ഡിസംബർ 5 ന് പഞ്ചായത്ത് ഭവനിൽ വച്ച് നടത്തി 36 പഞ്ചായത്തുകളിൽ നിന്നും പ്രതിനിഎദികൾ പങ്കെടുത്തു. ബഹു. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പ്രസ്തുത ക്ലാസ്സിൽ ക്ലാസ്സ് അവതരിപ്പിച്ചു. അടിയന്തിരമായി നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ ധാരണയോടെയാണ് ഏകദിന ശിൽപ്പശാല പിരിഞ്ഞത്.
- 2022 ഡിസംബർ 15 ന് ഈ വിഷയവുമായി ബന്ധപ്പെട്ട എക്സ്പേർട്ട് കമ്മറ്റി യോഗം  ചേർന്ന് കൃഷിയും അനുബന്ധമേഖലയുടെ സ്റ്റാറ്റസ് തയ്യാറാക്കൽ കർഷകരുടെ ആവശ്യങ്ങൾ കണ്ടെത്തൽ, ഉപഭോഗത്തിന്റെ സ്റ്റാറ്റസ് തയ്യാറാക്കൽ എന്നിവക്കുള്ള രീതിശാസ്ത്രവും പ്രക്രിയയും തയ്യാറാക്കി കഴിഞ്ഞു.
- 2023 ന് ജനുവരി 3,4,5 തീയ്യതികളിൽ ഇതിന്റെ ഭാഗമായി ഡോക്യുമെന്റേഷന് ഒരു പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത മൂന്ന് പേർക്കുള്ള പരിശീലനവും, 5,6,7 തീയതികളിൽ ഒരു പഞ്ചായത്തിൽ നിന്നും നാല് വാർഡിന് ഒരാൾ എന്ന നിലയിൽ തെരഞ്ഞെടുത്ത അഗ്രികൾച്ചർ പ്രമോഷൻ ടീമിനുള്ള പരിശീലനവും ആരംഭിക്കും.

## രാജ്ഭവൻ മാർച്ച്

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ ശരാശരി വലിപ്പം ഏകദേശം 35 ച.കി.മീ. വരും കേരളത്തിലെ 941 പഞ്ചായത്തുകളിലായി 15962 വാർഡുകളാണുള്ളത് ഓരോ ഗ്രാമപഞ്ചായത്തിലും ഏകദേശം 25000 - 35000 ഇടക്ക് ജനസംഖ്യ വരും. 50000 വരെയുള്ള ഗ്രാമപഞ്ചായത്തുകളുമുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ നോക്കുകയാണെങ്കിൽ 3000 മുതൽ 3500 വരെ മാത്രമേ ഏകദേശ ജനസംഖ്യയുണ്ടാവുകയുള്ളൂ.

കേരളത്തിൽ 41.61 ലക്ഷം MGNREGS തൊഴിൽ കാർഡുള്ളവരുണ്ട്. ഒരു പഞ്ചായത്തിൽ ഇതനുസരിച്ച് ശരാശരി 4500ഓളം പേർ തൊഴിൽ കാർഡ് ഉളലവരായി ഉണ്ടാകും. എന്നാൽ ദേശീയ ശരാശരി നോക്കിയാൽ ഏകദേശം 600 പേർ മാത്രമേ ഉണ്ടാവുകയുള്ളൂ. ഇത്രയും ജനസാന്ദ്രതയുള്ള കേരളത്തിൽ തൊഴിലില്ലായ്മ പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ വളരെ കൂടുതലാണ്. അതുകൊണ്ട് തന്നെ തൊഴിൽ കാർഡ് ഉളലവരിൽ 60% പേരും അതിൽ തന്നെ 90% പേരും സ്ത്രീകളായ സജീവ തൊഴിലാളികളാണ്.

ഈ നിയമം അനുസരിച്ച് തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകാൻ പഞ്ചായത്തുകൾ ബാധ്യസ്തരാണ്. അതുകൊണ്ട് തന്നെ പരമാവധി തൊഴിൽ ഏറ്റെടു ക്കാൻ പഞ്ചായത്തുകൾ നിർബന്ധിതരാകുന്നത്. ഇത്തരത്തിൽ പരമാവധി തൊഴിൽ ഏറ്റെടുത്തെ ങ്കിൽ മാത്രമേ തൊഴിൽ ആവശ്യപ്പെടുന്നഎല്ലാവർക്കും പരമാവധി തൊഴിലും വരുമാനവും ഉറപ്പാ ക്കാൻ കഴിയൂ. ശരാശരി ഒരു ഗ്രാമപഞ്ചായത്ത് ഒരു വർഷത്തിൽ ഏകദേശം 470 പ്രവർത്തികൾ ഏറ്റെടുക്കാറുണ്ട്. എന്നാൽ ഇന്ത്യയിൽ മൊത്തത്തിൽ പരിശോധിച്ചാൽ 84 ഓളം വർക്കുകൾ മാത്രമേ ശരാശരി ഏറ്റെടുക്കാറുള്ളൂ.

ഈ സാഹചര്യത്തിലാണ് MoRD 18/7/22 ൽ ഇറക്കിയ F.No.J-11017/39/2017-RE-VII(E378816) എന്നത് പ്രകാരം, പ്ലാന്റേഷനുമായി ബന്ധപ്പെട്ടമെയിന്റൻസ് വർക്കുകൾ PMAY-G/ഭവന പദ്ധതികൾ ഒഴികെ 20 വർക്ക് ഏറ്റെടുത്താൽ അത് പൂർത്തിയാക്കാതെ അടുത്ത ഒരു വർക്കും ഏറ്റെടുക്കാൻ പാടില്ലായെന്നാണ് നിർദ്ദേശിക്കുന്നത്. പല സാഹചര്യങ്ങളാൽ ഇത് പൂർത്തി യാക്കും വൈകും എന്നതിനാൽ പുതിയ വർക്കുകൾ ഏറ്റെടുക്കാൻ കാലതാമസം വരും. ഇത് 100 ൽ താഴെ വർക്കുകൾ മാത്രമേ ഏറ്റെടുക്കാൻ കഴിയൂയെന്ന സാഹചര്യം സൃഷ്ടിക്കും. ഇത് ബഹു. ഭൂരിപക്ഷം പേർക്കും തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. എന്നാൽ ജില്ലയുടെ അംഗീ കാരം വാങ്ങി 20 ന് പുറത്ത് കുറച്ച് വർക്ക് ഏറ്റെടുക്കാമെന്ന് കരുതിയാൽ ഇത്രയും വർക്കുകളുടെ ബാഹല്യവും പഞ്ചായത്തുകളുടെ എണ്ണവും ഒരു ജില്ലയിൽ ഉള്ളതിനാൽ സമയ ബന്ധിതമായി ഇതും നിർവ്വഹിക്കാൻ കഴിയില്ല. ഈ ഉത്തരവിന്റെ പരിണിത ഫലമായി കേരളത്തിന്റെ പ്രത്യേകം പരിഗണിച്ച് കേരളത്തെ മാത്രമേ ഇത് ബാധിക്കാൻ സാധ്യതയുള്ളൂ.

PMSM- ൽ വെണ്ടർമാരുടെ രജിസ്ട്രേഷൻ ഇതുവരേയും പൂർത്തിയാക്കാൻ കഴിയാത്തതു കൊണ്ട് അവർക്ക് പണം നൽകാൻ കഴിയുന്നില്ല. ആയതിനാൽ അവർ സാധനങ്ങൾ നൽകുന്നതിൽ നിന്ന് പിൻമാറുകയാണ്.

മെറ്റീരിയൽ ഫണ്ട് കഴിഞ്ഞ കാലയളവിൽ ഒന്നര വർഷകാലത്തോളം കേന്ദ്രത്തിൽ നിന്നും ലഭിക്കാതിരുന്നത്, മെറ്റീരിയൽ വർക്കിനാവശ്യമായ സാധന സാമഗ്രഹികൾ വിതരണം ചെയ്യാൻ ഇപ്പോൾ ആരും തയ്യാറാകാത്ത അവസ്ഥയാണുള്ളത്. ഇത് മെറ്റീയൽ വർക്ക് ഏറ്റെടുക്കുന്നതിനും ഉപജീവന പ്രോത്സാഹന പ്രവർത്തനങ്ങൾക്കും ആസ്തികൾ സൃഷ്ടിക്കുന്നതിനും വലിയ തടസ്സ ങ്ങൾ സൃഷിടിക്കുന്നുണ്ട്. ആയതിനാൽ മൂന്ന് മാസത്തിനുള്ളിൽ മെറ്റീരിയൽ ഫണ്ട് നൽകുന്ന സംവിധാനമുണ്ടാകണം.

NMMS- ന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാലും ഇന്റർനെറ്റ് കണക്ഷന്റെ കണക്റ്റിവിറ്റി പ്രശ്നം മൂലവും ഹാജർ രേഖപ്പെടുത്താൻ കഴിയാതെ പോകുന്നു. ഇത് തൊഴിലാളികളുടെ വേതനം സമയത്ത് ലഭ്യമാകാതെ പോകുന്നതിനും ചിലപ്പോൾ അറ്റന്റൻസ് എൻട്രി ചെയ്യാൻ കഴി യാത്തതിനാൽ സമയത്തിന് ലഭിക്കാതെപോകുന്ന സാഹചര്യവും ഉണ്ടാകുന്നു. കൂടാതെ സമയ ത്തിന് ഫീൽഡിൽ എത്തിപ്പെടാൻ കഴിയാത്തതിനും കാരണമാകുന്നു. ഇതിന് പരിഹാരമുണ്ടാക ണം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തകർക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ രാജ്ഭവൻ മാർച്ച് അടക്കം വിവിധ ങ്ങളായ പ്രതിഷേധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുകയാണ്.

ഈ ആവശ്യം ഉന്നയിച്ച് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ചരിത്രത്തിൽ നമ്മൾ സംഘടിപ്പിച്ച ഏറ്റവും വലിയ പരിപാടിയായിരുന്നു നമ്മൾ നടത്തിയ രാജ്ഭവൻമാർച്ചും അനുബന്ധ പരിപാടികളും. രാജ് ഭവൻമാർച്ചിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ ഇംഗ്ലീഷിൽ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് 2022 സെപ്റ്റംബർ 28ന് മുൻപായി അയച്ചു. ഇതിനായി ഇംഗ്ലീഷിൽ കരട് പ്രമേയം തയ്യാറാക്കി എല്ലാ ഗ്രാമപഞ്ചായത്തുകൾ പ്രമേയം പാസാക്കി അയച്ചു. 2022 സെപ്റ്റംബർ 30 ന് മുന്നെ 480 ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് തൊഴിലാളികൾ, ഇതിന്റെ ഗുണഭോക്താക്കൾ, സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ചേർത്ത് പ്രതിഷേധ കൂട്ടായാമകൾ സംഘടിപ്പിച്ചു. 4000 ത്തോളം പേരെ സംഘടിപ്പിച്ച് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ച പഞ്ചായത്തുകളുമുണ്ട്. അവിടെ അവതരിപ്പിക്കാനുള്ള കുറിപ്പ് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തയ്യാറാക്കി നൽകി. ഈ പ്രതിഷേധ കൂട്ടായ്മക്ക് മുന്നോടിയായി ഒപ്പ് ശേഖരണം നടത്താനുള്ള പ്രവർത്തനവും സംഘടിപ്പിച്ചു. ഒപ്പ് ശേഖരിക്കുന്നതിന് ഇംഗ്ലീഷിലും മലയാളത്തിലും മാറ്റർ തയ്യാറാക്കി എല്ലാ പഞ്ചായത്തിലും അയച്ചു. ഏകദേശം 520 പഞ്ചായത്തുകൾ ഒപ്പ് ശേഖരണം നടത്തി, 350 ഓളം ഗ്രാമപഞ്ചായത്തുകൾ കേന്ദ്രസർക്കാരിന് അയക്കുകയും ചെയ്തു. ചില പഞ്ചായത്തുകൾ ജാഥയായി പോസ്റ്റ് ഓഫീസിൽ പോയാണ് ശേഖരിച്ച ഒപ്പ് കേന്ദ്രസർക്കാരിന് അയച്ചത്.

2022 ഒക്ടോബർ 1 ന് 1000 ത്തോളം ജനപ്രതിനിധികൾ പങ്കെടുത്ത രാജ്ഭവൻ മാർച്ച് സംഘടിപ്പിച്ചു. പാളയം രക്തസാക്ഷി മണ്ഡപത്തിൽ ചേർന്ന് രണ്ട് വരിയായിട്ടാണ് ജാള രാജ്ഭവനിലേക്ക് വന്നത്. ജാഥയിൽ വിളിക്കേണ്ട മുദ്രാവാക്യം തയ്യാറാക്കി ജാഥയിൽ പങ്കെടുത്തവർക്ക് നേരത്തേ അയക്കുകയും അന്ന് കോപ്പി എടുത്ത് നൽകുകയും ചെയ്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലയിലെ മുഴുവൻ ജനപ്രതിനിധികളും മറ്റ് ജില്ലകളിലെ പഞ്ചായത്തുകളിൽ നിന്നും രണ്ട് പേർവീതവുമാണ് പങ്കെടുക്കാൻ നിർദ്ദേശം നൽകിയിരുന്നത്. 250 ന് താഴെ പഞ്ചായത്തുകളിൽ നിന്ന് മാത്രമാണ് പങ്കാളിത്തമുണ്ടായിരുന്നത്.

ഇത്രയും വലിയൊര് പ്രശ്നത്തെ ഇത്രയും വലിയ മുന്നൊരുക്കങ്ങൾ നടത്തി നമ്മുടെ കരുത്ത് തെളിയിക്കുന്ന തരത്തിൽ ഒരു പ്രവർത്തനം നടത്താൻ വേണ്ട സഹകരണം പഞ്ചായത്തുകളിൽ നിന്നും കണ്ടില്ല. ഒരു പരിപാടിപോലും സംഘടിപ്പിക്കാത്ത പഞ്ചായത്തുകളുമുണ്ട്. നടത്തിയ പരിപാടിയുടെ വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ഒര് പഞ്ചായത്തും തന്നിട്ടില്ല, ഒര് ജില്ലാകമ്മറ്റിയും തന്നില്ലായെന്നത് വിമർശനാത്മകമായി നമ്മൾ കാണേണ്ടതാണ്.

രാജ്ഭവൻ മാർച്ചിന്റെ ഉത്ഘാടന കർമ്മം നിർവ്വഹിച്ചത് എൽ.ഡി.എഫ് കൺവീനറായ ശ്രീ. ഇ.പി ജയരാജനും, മുഖ്യപ്രഭാഷണം മുൻ ആരോഗ്യ, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ.വി.എസ് ശിവകുമാറും നിർവ്വഹിച്ചു. മാർച്ചിന്റെ ഭാഗമായി അസോസിയേഷൻ പ്രസിഡന്റ് ശ്രീ.കെ എം ഉഷയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനത്തിൽ അസോസിയേഷൻ ജനറൽസെക്രട്ടറി ശ്രീ.കെ. സുരേഷ് സ്വാഗതവും ആശംസ അറിയിച്ച് ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ബി.പി മുരളി, അസോസിയേഷൻ ഭാരവാഹികൾ എന്നിവർ സംസാരിച്ചു.

നമ്മൾ നടത്തിയ പ്രതിഷേധത്തിന്റെ ഫലം ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. ആ ഉത്തരവ് പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായി.

## മെയിന്റനൻസ് ഗ്രാന്റ്

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, ആറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചപ്പോൾ കുറേ പഞ്ചായത്തുകൾക്ക് വലിയ കുറവും (പ്രത്യേകിച്ച് റോഡ് മെയിന്റനൻസ് ഗ്രാന്റിൽ) കുറേ പഞ്ചായത്തുകൾക്ക് വളരെ കൂടുതൽ

തുകയും മാനദണ്ഡമനുസരിച്ച് അനുവദിക്കുകയുണ്ടായി. ഇതനുസരിച്ച് പഞ്ചായത്തുകൾ എല്ലാ നടപടി ക്രമങ്ങളും പാലിച്ച് പദ്ധതി രൂപീകരണം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റമേറ്റുകളും, തയ്യാറാക്കി കഴിയുകയും ചെയ്തു. ഡേറ്റാ എൻട്രി പൂർത്തിയാക്കി അംഗീകാരം വാങ്ങേണ്ട നടപടി ക്രമം മാത്രമേ ബാക്കിയുള്ള സാഹചര്യത്തിലാണ് 2020– 21 കാലത്തെ പദ്ധതി അലോട്ട്മെന്റിന് അനുസരിച്ച് പദ്ധതി തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായത്. ഇത് പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിൽ പൊതുജനങ്ങളുടെ വിശ്വാസ്യതയുടെ കാര്യത്തിൽ ഒക്കെ വലിയ ആഘാതം സൃഷ്ടിക്കുന്നതിന് കാരണമായി.

- ബജറ്റിൽ ഈ അലോക്കേഷൻ വന്ന സമയത്ത് തന്നെ ഇത്തരത്തിൽ ഒരു പ്രശ്നം വരാൻ സാധ്യതയുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനേയും ഫിനാൻസ് വകുപ്പിനേയും രേഖാമൂലം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അറിയിച്ചിരുന്നു.
- മെയിന്റനൻസ് ഗ്രാന്റിൽ കുറവ് വന്ന 320 ഓളം പഞ്ചായത്തുകൾക്ക് ആ തുക അനുവദിക്കണമെന്ന് കാണിച്ച് അസോസിയേഷൻ കത്ത് നൽകിയിരുന്നു.
- മെയിന്റനൻസ് ഗ്രാന്റ് മാനദണ്ഡ പ്രകാരം കൂടുതൽ അനുവദിക്കുകയും പിന്നീട് അത് കുറയ്ക്കേണ്ട സാഹചര്യം വന്നപ്പോൾ കുറയുകയും ചെയ്ത പഞ്ചായത്തുകളുടെ കണക്കുകൾ ശേഖരിച്ച് സർക്കാരിന് സമർപ്പിക്കാനായി ബഹു. തദ്ദേശസ്വയംഭരണ മന്ത്രിയും അസോസിയേഷൻ ഭാരവാഹികൾ നടത്തിയ ചർച്ചയിൽ തീരുമാനമുണ്ടായി. എന്നാൽ ആകെ 105 പഞ്ചായത്തുകൾ മാത്രമാണ് ഇതിനുവേണ്ടുന്ന വിവരം അയച്ചു തന്നത്.

## അതിദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോപ്ലാൻ

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ അതിദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപന അസോസിയേഷനുകളുടെ സംയുക്തയോഗം എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് 2022 ജൂലൈ 25 ന് വിളിച്ച് ചേർത്തിരുന്നു. പ്രസ്തുത ഏകദിന ശിൽപ്പശാലയിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷനെ പ്രതിനിധീകരിച്ച് ഭാരവാഹികളായ കെ. സുരേഷ്, വൈസ് പ്രസിഡന്റ് ശ്രീ. രാജുകട്ടക്കയം, സെക്രട്ടറിമാരായ ശ്രീമതി. തങ്കമ്മ ജോർജ്ജ് കുട്ടി, ശ്രീ. കെ.കെ രാജീവൻ, ശ്രീ.കെ. ആർ ജയകുമാർ എന്നിങ്ങനെ 5 പേരും ഇവരെ കൂടാതെ 10 എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും കാസർകോഡ് ജില്ലാ പ്രസിഡന്റ്, കണ്ണൂർ ജില്ലാ പ്രസിഡന്റ്, മലപ്പുറം ജില്ലാ പ്രസിഡന്റ്, കോഴിക്കോട് ജില്ലാ സെക്രട്ടറി, എറണാകുളം ജില്ലാപ്രസിഡന്റ്, സെക്രട്ടറി, കോട്ടയം ജില്ലാപ്രസിഡന്റ്, പത്തനംതിട്ട ജില്ലാസെക്രട്ടറി, കൊല്ലം ജില്ലാ പ്രസിഡന്റ് എന്നിങ്ങനെ 12 പേരും അടക്കം 27 പേരാണ് പങ്കെടുത്തത്.

തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, ജില്ലകളിൽ നിന്നുള്ള ആരും തന്നെ ഈ പരിപാടിയിൽ പങ്കെടുത്തില്ല. വയനാട് ജില്ലയിൽ നിന്നുള്ളവർ ഒര് യാത്രപോയതിനാൽ ആർക്കും പങ്കെടുക്കാൻ കഴിയില്ലായെന്ന് അറിയിച്ചിരുന്നു. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ പി.പി പ്രസന്നകുമാരി, കെ.പി രമണി, ജോർജ്ജ് മാസ്റ്റർ, ഉണ്ണി കൃഷ്ണൻ, അഡ്വ. ജോൺസൺ വിളവിനാൽ, കാസർകോഡ് ജില്ലാ സെക്രട്ടറി, അഡ്വ. എ.പി ഉഷ, കണ്ണൂർ ജില്ലാ സെക്രട്ടറി, പി.സി ഗംഗാധരൻ, മലപ്പുറം ജില്ലാ സെക്രട്ടറി ഉസ്മാൻ, തൃശൂർ ജില്ലാ പ്രസിഡന്റ് എസ്. ബസന്ത് ലാൽ എന്നിവർ ലീവ് അറിയിച്ചിരുന്നു.

ശിൽപ്പശാല രാവിലെ 10.45 ന് ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്, അതിദരിദ്രരെ കണ്ടെത്തുന്നതിന് പഞ്ചായത്തുകൾ നടത്തിയ മാതൃകാ പ്രവർത്തനങ്ങൾ, ദാരിദ്ര്യത്തിന്റെ കാരണങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ, മൈക്രോപ്ലാൻ ഉണ്ടാക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ അവതരിപ്പിച്ചു.

തുടർന്ന് കിലയുടെ ഡയറക്ടർ ജനറൽ ഡോ. ജോയി ഇളമൺ മാർഗ്ഗരേഖയുടെ അടിസ്ഥാന ത്തിൽ ഒര് അവതരണം നടത്തി. ഈ അവതരണത്തെ തുടർന്ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ വിഷയാവതരണം നടത്തി. തുടർന്ന് ഓരോ അസോസിയേഷ നുകളെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്ത് പ്രതികരിച്ചു. ഉച്ച ഭക്ഷണത്തെ തുടർന്ന് അസോ സിയേഷൻ തലത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി ആ കാര്യങ്ങൾ കൂടി അവതരിപ്പിച്ചു. തുടർന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ക്രോഡീകരിച്ച് യോഗം അവസാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉയർന്ന് വന്ന ചില നിർദ്ദേശങ്ങൾ.

1. ഇവിടെ വന്ന എല്ലാ അഭിപ്രായങ്ങളും പരിശോധിച്ച് ഉൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിക്കും.
2. ഈ യോഗം ഇത്തരത്തിൽ ഇടക്കിടക്ക് ചേർന്ന് ഇതിന്റെ പുരോഗതി വിലയിരുത്തുന്നതോ ടൊപ്പം മറ്റ് കാര്യങ്ങളും നടപ്പിലാക്കുന്നതിന് മുന്നെ ഇത്തരത്തിൽ ചർച്ച ചെയ്ത് മുന്നോട്ട് പോകും.
3. അതത് അസോസിയേഷനുകൾ എല്ലാ പ്രവർത്തനത്തിന്റേയും നേതൃത്വപരമായ പങ്ക് വഹിക്ക ണം.

എന്നീ കാര്യങ്ങൾ ബഹു മന്ത്രി യോഗത്തിൽ അറിയിച്ചു. ഈ വേദിയിൽ വച്ച് ചേർന്ന ഗ്രാമപ ഞ്ചായത്ത് അസോസിയേഷൻ പ്രത്യേക യോഗംചേർന്ന് ചുവടെ കൊടുത്തിട്ടുള്ള തീരുമാനങ്ങൾ കൈകൊണ്ടു.

1. ചർച്ചയിൽ ഉയർന്ന് വന്ന കാര്യങ്ങൾ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാ നിച്ചു.
2. ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ഇതിന്റെ നേതൃത്വം ഗ്രാമപഞ്ചായത്ത് അസോസിയേ ഷന് തന്നെ ആയിരിക്കണം. അതിനായി:-
   - ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും ക്രോഡീക രിച്ചതിന്റെ കണക്ക് കൃത്യമായി എപ്പോൾ എവിടെ അവതരിപ്പിക്കേണ്ടി വന്നാലും നമ്മുടെ കൈകളിൽ ഉണ്ടാവണം.
   - കൃത്യമായ വിലയിരുത്തൽ നടത്തി പ്രശ്നങ്ങൾ കണ്ടെത്തി അപ്പപ്പോൾ ഇടപ്പെട്ട് പരിഹരി ക്കണം.
   - ജില്ലാതല ഉദ്യോഗസ്ഥരുമായി നിരന്തര ബന്ധം ഉണ്ടായിരിക്കണം.
   - ജില്ലാ തല യോഗങ്ങൽ ചേരുന്നതിനും അവിടെ ചർച്ചകൾ ക്രിയാതാമകമാക്കുന്നതിനും വേണ്ട ഇടപെടൽ നടത്തണം.
   - ജില്ലാ ഭാരവാഹികൾ, അതത് ജില്ലയിൽ നിന്നുള്ള സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൽ എന്നിവർ ഇടക്കിടക്ക് കൂടി പ്രശ്നങ്ങൾ, തടസ്സങ്ങൾ എന്നിവ ചർച്ച ചെയ്യണം.
   - ജില്ലാ തലത്തിൽ വിഭവ സമാഹരണ മീറ്റിങ്ങുകൾ സംഘടിപ്പിക്കാൻ തീരുമാനിക്കണം. അതിന്റെ സംഘാടനത്തിന് നമ്മൾ നേതൃത്വം നൽകണം. ആരൊയൊക്കെ കൂട്ടാമോ അവ രെയെല്ലാം കൂട്ടുകയും വേണം.
   - മൈക്രോപ്ലാൻ തയ്യാറാക്കൽ, വിഭവ സമാഹരണം ഡോക്യുമെന്റേഷൻ എന്നിവയിൽ ആശയ കുഴപ്പം ഒഴിവാക്കാനായി ജനപ്രതിനിധികൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്ക ണം.

## സർക്കാരിന്റെ പരിഗണനക്കായി നൽകിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വളരെ ഉള്ളിലുള്ള ഗ്രാമപഞ്ചായത്തുകൾ, മൈനസ്സ് ഫണ്ടുള്ള പഞ്ചായത്തുകൾ എന്നിവർക്ക് CSRഫണ്ട് അടക്കം സ്വയമേവ കണ്ടെത്താനുള്ള സാഹചര്യവും, ശേഷിയുമില്ല. ഇത്തരം ഗ്രാമ പഞ്ചായത്തുകളെ സഹായിക്കുന്നതിന് സംവിധാനമുണ്ടാവണം. അതിന് ഡി.പി.സി യുടെ

നേതൃത്വത്തിൽ ഇത്തരത്തിൽ സഹായിക്കേണ്ട പഞ്ചായത്തുകളെ ലിസ്റ്റ് ചെയ്യണം. അവരെ സഹായിക്കുന്നതിന് ഡി.പി.സി തലത്തിൽ ഒര് ചലഞ്ച് ഫണ്ടിന് രൂപം നൽകണം. ഈ ഫണ്ടിൽ നിന്നും എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ സഹായിക്കണം എന്നത് നേരത്തേ തയ്യാറാക്കണം.

2. അതിദരിദ്ര നിർമ്മാർജ്ജന പരിപാടിയെ സഹായിക്കുന്നവർ ടാക്സ് കിഴിവ് നൽകാൻ സംവിധാനമുണ്ടാവണം. ഈ പരിപാടിക്ക് ഏത് വർഷം സഹായിച്ചാലും ഈ കിഴിവ് അനുവദിക്കണം.

3. അതിദരിദ്ര നിർമ്മാർജ്ജന പരിപാടിക്ക് പണം സമാഹരിക്കുന്നതിനും ഇതിന്റെ ആദ്യ പ്രവർത്തനങ്ങൾ വേഗത്തിൽ മുന്നോട്ട് നീക്കുന്നതിനും അഞ്ച് വർഷം മാത്രം ലക്ഷ്യം വച്ച് കൊണ്ട് ഒരു ലോട്ടറി ആലോചിക്കുന്നത് നന്നായിരിക്കും. ഇത് പൊതുജനത്തിന് ഇടയിൽ വലിയ ചർച്ച കൊണ്ട് വരുന്നതിനും വിഭവ സമാഹരണത്തിനും സഹായകമാകും.

4. സംസ്ഥാനതല ബാങ്കേർസ് കമ്മറ്റി വിളിച്ചു ചേർത്ത് ബാങ്കുകളുടെ CSR ഫണ്ട് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിക്ക് വിനിയോഗിക്കാൻ വേണ്ട ഇടപെടലും നിർദ്ദേശവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

5. സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട് അതിദാരിദ്ര്യ ലിസ്റ്റിൽപ്പെട്ട 60054 പേർക്കും സൗജന്യമായി ഭക്ഷ്യ കിറ്റ് ലഭ്യമാക്കാൻ കഴിയണം.

6. പഞ്ചായത്തുകൾ മരുന്ന് വാങ്ങുന്നതിന് നീക്കി വയ്ക്കുന്ന തുകയിൽ നിന്നും, ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് വാങ്ങുന്നതോടൊപ്പം അതിദരിദ്ര്യരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് ആവശ്യമായി വരുന്ന എല്ലാ മരുന്നുകളും കൂടി വാങ്ങി ആശുപത്രികളിൽ സൂക്ഷിക്കുകയും ഇവർക്ക് ആവശ്യാനുസരണം സൗജന്യമായി നൽകുകയും വേണം എന്ന നിർദ്ദേശം ആരോഗ്യ വകുപ്പിൽ നിന്ന് കൂടി ഉണ്ടാവണം. ഇത്തരത്തിൽ നിർദ്ദേശം ഉണ്ടായില്ലായെങ്കിൽ ആശുപത്രികൾ ഇത് കൃത്യമായി നിർവ്വഹിക്കില്ല.

7. ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്, തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് MGNREGS ന്റെ സേവനം ഏതൊക്കെ കാര്യങ്ങൾക്ക് ഉപയോഗിക്കാം എന്നത് സംബന്ധിച്ച് MGNREGS സംസ്ഥാന മിഷനുമായി ചർച്ച ചെയ്ത് ഒരു സർക്കുലറായി പഞ്ചായത്തുകൾക്ക് നൽകുന്നത് നന്നായിരിക്കും.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് നീക്കി വയ്ക്കുന്നതിൽ ചുവടെ കൊടുത്തിട്ടുള്ള രീതി അവലംബിക്കണം. ബ്ലോക്ക് , ജില്ലാതലത്തിൽ മാത്രം ചെയ്യേണ്ട പ്രവർത്തനം ഒഴികെ മറ്റ് 90% പ്രവർത്തനവും നടക്കേണ്ടത് ഗ്രാമപഞ്ചായത്ത് തലതത്തിലാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ അതി ദാരിദ്യ നിർമ്മാർജ്ജന മൈക്രോ പ്ലാനിൽ പദ്ധതി വിഹിതം ഉപയോഗിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ 60% ഗ്രാമപഞ്ചായത്തുകളും 25% ബ്ലോക്ക് പഞ്ചായത്തുകളും 15% ജില്ലാ പഞ്ചായത്തുകളും നീക്കി വയ്ക്കണം. ഇതിനായി ഓരോ വർഷവും പദ്ധതി രൂപീകരണത്തിന് മുന്നേ ഇതിനായുള്ള സംയുക്ത യോഗങ്ങൾ ചേരണം.

9. വിവിധ വകുപ്പുകളുടെ ഏകോപനം ഈ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ഓരോ പ്രവർത്തനത്തിനും ഏകോപനം ഉറപ്പ് വരുത്താൻ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി തേടേണ്ടി വന്നാൽ അത് ഈ പ്രവർത്തനത്തെ ലക്ഷ്യത്തിലെത്തിക്കുന്നതിന് സാരമായി ബാധിക്കും. കൂടാതെ സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ പോകും. ആയതിനാൽ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ പ്രവർത്തികളും പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ ഓരോ വകുപ്പിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണം.

10. അതി ദരിദ്രരുടെ ലിസ്റ്റിലുള്ള എല്ലാ കുടുബത്തിനും ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തണം. ഇത് എത്രയും വേഗം പ്രഖ്യാപിച്ചുകൊണ്ട് ഇതിന്റെ നിർവ്വഹണ പരിപാടി സംസ്ഥാനതല ത്തിൽ ആരംഭിക്കണം.

11. അതിദരിദ്ര ലിസ്റ്റിൽപ്പെട്ടവർക്ക് വീട്, വീടും സ്ഥലവും ലഭ്യമാക്കുന്നതിന് ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ആദ്യ മുൻഗണന നൽകണം. ഇവരുടെ വീടുകൾ നേരിട്ട് പണിതു നൽകാൻ കഴിയണം. വീട് നിർമ്മാണത്തിന് പട്ടിക വർഗ്ഗത്തിന് നൽകുന്ന പരിഗണനയും വിഭവവും ലഭ്യമാക്കണം.

12. അതിദരിദ്ര്യരരുടെ ലിസ്റ്റിൽപ്പെട്ടവർ എന്തെങ്കിലും കാരണവശാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാതെ പോയിട്ടുണ്ടെങ്കിൽ അവരെ ലിസ്റ്റിൽ ആദ്യം മുൻഗണനയിൽ തന്നെ ഉൾപ്പെടു ത്താൻ സംവിധാനം ഉണ്ടാവണം.

13. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രൊജക്റ്റിൽ അതിദരിദ്ര്യരുടെ ലിസ്റ്റിൽപ്പെട്ടവരെ കൂടി ഉൾപ്പെടുത്തേണ്ടി വരുന്നുയെങ്കിൽ അപേക്ഷ വാങ്ങാതെ തന്നെ ആദ്യ മുൻഗണന നൽകി ഉൾപ്പെടുത്താൻ കഴിയണം.

14. അതിദരിദ്ര്യ ലിസ്റ്റിൽപ്പെട്ടവർക്ക് വീട് മെയിന്റനൻസിന് ഒരു ലക്ഷം രൂപവരെ എന്ന പരിധി ഒഴി വാക്കണം. മെയിന്റനൻസിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പൂർണ്ണമായും മെയിന്റനൻസ് ചെയ്തു നൽകാൻ കഴിയണം.

15. അതിദരിദ്ര്യരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് മുൻഗണനാ കാർഡ്, കഴിയുമെങ്കിൽ AAY കാർഡ് തന്നെ നൽകുന്നതിന് വേണ്ട നടപടി ഉണ്ടാവണം.

16. അതിദരിദ്ര്യരുടെ ലിസ്റ്റിൽപ്പെട്ട എല്ലാവർക്കും ഭൂമിയുടെ പരിധിയില്ലാതെ വീട് നൽകാൻ കഴിയ ണം. ചിലപ്പോൾ അവരുടെ പേരിൽ/ കുടുംബത്തിന്റെ പേരിൽ ഉപയോഗ ശൂന്യമായ, വില ലഭി ക്കാത്ത 25 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കും. ലൈഫിന്റെ നോംസ് അനുസരിച്ച് ഇവർക്ക് വീട് കൊടുക്കാൻ കഴിയില്ല ആയതിനാൽ വസ്തുവിന്റെ പരിധി അതിദരിദ്ര്യരുടെ കാര്യത്തിൽ ഒഴിവാക്കണം.

17. ഗൈഡ് ലൈനിൽ വരുത്തേണ്ട മറ്റ് ചിലമാറ്റങ്ങൾ കൂടി.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ കൂടാതെ (സ.ഉ(കൈ)നം. 146/2022/ത.സ്വ.ഭ.വ തീയ്യതി 08.07.2022) വരുത്തേണ്ട, ഉൾപ്പെടുത്തേണ്ട ചില മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

17-1 ഉടൻ നടപ്പിലാക്കാൻ കഴിയുന്നത്, ഹ്രസ്വകാലത്തിൽ നടപ്പിലാക്കാൻ കഴിയുന്നതിന്, ദീർഘകാലത്തിൽ നടപ്പിലാക്കാൻ കഴിയുന്നത് എന്നതിൽ 3 വർഷത്തിനുള്ളിൽ നടപ്പി ലാക്കാൻ കഴിയുന്ന മധ്യകാലം എന്ന് കൂടി ചേർത്താൽ അത് ഈ ഭരണ സമിതിയുടെ കാലയളവിൽ പൂർത്തിയാക്കാൻ കഴിയുന്നത് എന്ന് കൂടിയാവും.

17-2 ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും അതിദാരിദ്ര്യ മൈക്രോ പ്ലാൻ ക്രോഡീകരിക്കേണ്ടത് എങ്ങനെ എന്നും അതിനുളളൊരു ഫോർമാറ്റും നൽകി യാൽ നന്നായിരിക്കും ഈ ക്രോഡീകരണം രണ്ട് തരത്തിൽ ആയാൽ നല്ലത്. 1. ബ്ലോക്ക് ജില്ലാതല പ്ലാൻ തയ്യാറാക്കാനായി (ഗ്രാമ പഞ്ചായത്തിൽ ചെയ്യുന്ന പ്രവർത്തനത്തിന് സഹായകമായി) ക്രോഡീകരിക്കേണ്ടത്. 2. ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകൾ ചെയ്യുന്ന മൊത്തം പ്രവർത്തനങ്ങളുടെ ക്രോഡീകരണം ജില്ലയിലും ജില്ലയിലെമൊത്തം ഗ്രാമപ ഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ചെയ്യുന്ന പ്രവർത്തനങ്ങൾ ജില്ലാതല ത്തിലും ക്രോഡീകരിച്ചാൽ അത് അറിയാനും സമഗ്രത ഉറപ്പ് വരുത്താനും പിൻതുണ ഉറപ്പാക്കാനും സഹായകമാകും.

17-3 പഞ്ചായത്ത് ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മറ്റികൾ, വാർഡ് മെമ്പർ, ആസൂത്രണ സമിതി എന്നിവർ വഹിക്കേണ്ട ഉത്തരവാദിത്വങ്ങൾ പ്രത്യേകം ലിസ്റ്റ് ചെയ്യുന്നത് നന്നായിരിക്കും.

## പഞ്ചായത്ത് വാഹനം

പഞ്ചായത്ത് വാഹനങ്ങൾ മാറ്റി വാങ്ങുന്നതിന് സർക്കാരിന്റെ സാമ്പത്തിക പരിപാലനത്തിന്റെ ഭാഗമായി അനുമതിയില്ലാത്ത സാഹചര്യമുണ്ടായിരുന്നു. കൂടാതെ പഞ്ചായത്തുകൾക്ക് 10 ലക്ഷത്തിന് മുകളിലുള്ള വാഹനങ്ങൾ വാങ്ങാനുള്ള അനുമതിയും ഉണ്ടായിരുന്നില്ല. അസോസിയേഷന്റെ നിരന്തരമായ ആവശ്യത്തെ തുടർന്ന് വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും വാഹനം ഇല്ലാത്തവർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും അനുമതി ലഭ്യമാക്കുകയും 10 ലക്ഷം രൂപയെന്നത് 13 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് പ്രത്യേകം വാഹനം വാങ്ങാനുള്ള അനുമതിക്കും അസോസിയേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ പി.എസ്.സി വഴി നിയമിതരായ ഡ്രൈവർമാരിൽ പലരേയും 5 മണിക്ക് ശേഷവും രാവിലെ 10 മണിക്ക് മുന്നെയും അത്യവശ്യകാര്യങ്ങൾക്കായി ലഭ്യമാകുന്നില്ലായെന്ന പഞ്ചായത്ത് പ്രസിഡന്റ്മാർ പരാതിപ്പെട്ടിരുന്നു. കൂടാതെ 10 വർഷത്തിനുമുകളിൽ ജോലി നോക്കി വരുന്ന താൽകാലിക ജീവനക്കാരായ ഡ്രൈവർമാരെ സ്ഥിരപ്പെടുത്താനും അവരുടെ വേതനത്തിൽ വർദ്ധനവ് വരുത്താനും ഉള്ള ആവശ്യവും ഉയർന്നു വന്നിരുന്നു. ഇവ അസോസിയേഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. 10 മണിക്ക് മുന്നേയും 5 മണിക്ക് ശേഷവും ഡ്രൈവർമാരുടെ സേവനം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ക്രമീകരണം വരുത്താമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട് കൂടാതെ താൽകാലിക ജീവനക്കാരുടെ വേതനത്തിൽ വർദ്ധനവ് വരുത്താമെന്നും അറിയിച്ചിട്ടുണ്ട്

## ജനപ്രതിനിധികളുടെ ഇൻഷ്വറൻസ്

ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കിലയോട് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സ്വീകരണം

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എംബി രാജേഷ് മന്ത്രിയായി ചുമതലയേറ്റപ്പോൾ 16.09.2022 ന് പഞ്ചായത്ത് ഭവനിൽ വച്ച് സ്വീകരണ പരിപാടി നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ക്രൂസ്സ് ചെയർമാൻ ശ്രീ.പി.ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം ജില്ലാ അസോസിയേഷൻ പ്രസിഡന്റ് വി.വിജുമോഹൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് വേണ്ടി ജനറൽ സെക്രട്ടറി എന്നിവർ സ്വീകരണം നൽകി.

## പഠനയാത്രകൾ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, ജില്ലാപ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവർ രണ്ട് ബാച്ചുകളായി കിലയുടെ സഹായത്തോടെ പഠനയാത്ര സംഘടിപ്പിച്ചു. ആദ്യബാച്ചിൽ 21 പേർ സിക്കിം, ഡാർജലിംഗ്, സിലിഗുരി എന്നിവിടങ്ങളാണ് സന്ദർശിച്ചത്. ഈ യാത്രയിൽ ഒരു ജില്ലാപഞ്ചായത്ത്, ഒരു ജില്ല പഞ്ചായത്ത്, ഒരു ബ്ലോക്ക് പഞ്ചായത്ത് നാല് ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചിരുന്നു. രണ്ടാമത്തെ ബാച്ച് 12 പേർ രാജസ്ഥാനിലാണ് പോയത് ഇവർ ഒര് ജില്ലാപഞ്ചായത്തും മൂന്ന് ഗ്രാമപഞ്ചായത്തുകളുമാണ് സന്ദർശിച്ചത് യാത്രാ ചെലവിലേക്ക് കില ഒരാൾക്ക് 25000 രൂപയും പങ്കെടുക്കുന്ന ഓരോരുത്തരും 13000 രൂപയും ബാക്കി അസോസിയേഷനും എന്ന നിലയിലാണ് വഹിച്ചത്.

ഇത് കൂടാതെ വയനാട് ജില്ലയിലെ എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരും പൂനയിലെ മാലിന്യസം സ്ക്കരണത്തെ കുറിച്ച് പഠിക്കാൻ കിലയുടെ സഹായത്തോടെ സന്ദർശിച്ചിരുന്നു. കൂടാതെ മൈസ റിലൂം ഒര് വിസിറ്റിന് പോയിരുന്നു.

## ജില്ലകളിലൂടെ

### കണ്ണൂർ ജില്ല

നിലവിലെ കണ്ണൂർ ജില്ലാ കമ്മറ്റി 21.06.2021 നാണ് നിലവിൽ വന്നത്. ഇരുപത്തിരണ്ട് എക്സി ക്യൂട്ടീവ് കമ്മറ്റി അംഗങ്ങളാണ് ഈ കമ്മറ്റിയിലുള്ളത്. ഇതിൽ നിന്നും എം. ശ്രീധരനെ പ്രസി ഡന്റായും കെ.കെ റിഷ്ന, സഹീദ് കായിക്കാരൻ എന്നിവർ വൈസ്പ്രസിഡന്റ്മാരായും, പി.സി ഗംഗാധരൻ മാസ്റ്റർ സെക്രട്ടറിയായും, സി.റ്റി അനീഷ്, പി. ശ്രുതി എന്നിവർ ജോയിന്റ് സെക്രട്ടറിമാ രായും തെരഞ്ഞെടുത്തു. ജില്ലകളിൽ നിന്നും പഞ്ചായത്തുകളുടെ പ്രശ്നങ്ങളും അഭിപ്രായങ്ങളും അപ്പപ്പോൾ സംസ്ഥാന കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും ജില്ല ഭരണകൂടങ്ങളുടെ ശ്രദ്ധ യിൽപ്പെടുത്തുന്നതിനും കൃത്യമായി ശ്രദ്ധിച്ചിരുന്നു. അസോസിയേഷന്റെ കുടിശ്ശിക തീർക്കുന്നതിൽ കൂട്ടായ പരിശ്രമം ഉണ്ടായിരുന്നു. കോവിഡ് മഹാമാരി നിയന്ത്രിക്കുന്നതിൽ ജില്ലയിലെ തദ്ദേശസ്വ യംഭരണ വകുപ്പും അസോസിയേഷനും ദുരന്ത നിവാരണ വകുപ്പും കൂട്ടായി ശ്രമിച്ചിരുന്നു. സംസ്ഥാന ജനറൽ സെക്രട്ടറിയെ പങ്കെടുപ്പിച്ച് 2022 സെപ്റ്റംബർ 12 ന് ജനറൽബോഡി സംഘടി പ്പിച്ചു.

### കോട്ടയം ജില്ല

ജില്ലയിൽ ആകെ 10 എക്സിക്യൂട്ടീവ് കമ്മറ്റികൾ നടന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വാക്സിനേഷൻ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ട ഇട പെടലുകൾ നടത്തി. എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠന സൗകര്യം ഉറപ്പാക്കുന്നതിന് ജില്ല യിൽ പ്രസിഡന്റ്മാരുടെ പ്രത്യേകം യോഗം ചേർന്നു. കോവിഡാനന്തരം പദ്ധതിപ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നത് ഡി.പി.സിയുമായി ചേർന്ന് പ്രത്യേക യോഗം സംഘടിപ്പിച്ച് പ്രവർത്തന ങ്ങൾ സജീവമാക്കി. ജലജീവൻ മിഷന്റെ നിർവ്വഹണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിച്ചു. അതിദരിദ്ര്യരെ കണ്ടെ ത്തുന്നതിനുള്ള സർവ്വെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഭരണകൂടവുമായി ചേർന്ന് ശിൽപ്പ ശാല സംഘടിപ്പിക്കുകയും നിരന്തരമായി മോണിറ്റർ ചെയ്യുകയും ചെയ്തതിനാൽ സംസ്ഥാനത്ത് ആദ്യമായി സർവ്വെ പൂർത്തിയാക്കിയത് കോട്ടയം ജില്ലയായി മാറി. ഇതിന്റെ ഭാഗമായി 1071 അതിദ രിദ്ര്യരെ കണ്ടെത്തി. വാതിൽപ്പടി സേവനം ഫലപ്രദമാക്കാൻ പ്രസിഡന്റ്മാർക്ക് പ്രത്യേക പരിശീല നങ്ങൾ നടത്തി. തൊഴിൽ സഭ, വാതിൽപ്പടി സേവനം എന്നിവയുടെ വിലയിരുത്തലിന് പ്രസി ഡന്റ്മാരെ വിളിച്ച് ചേർത്ത് ഡി.ഡി.പിയെ കൂടി പങ്കെടുപ്പിച്ച് റിവ്യൂ നടത്തി. ബ്ലോക്ക് തല അസോ സിയേഷൻ രൂപീകരണ ചുമതലകൾ നൽകിയെങ്കിലും പൂർത്തിയാക്കാനായില്ല.

### കൊല്ലം ജില്ല

ജില്ലാ എക്സിക്യൂട്ടീവ് യോഗം ഇതിനകം അഞ്ച് പ്രാവശ്യം ചേർന്നു. രണ്ട് ജനറൽബോഡി യോഗവും ഒരു ശിൽപ്പശാലയും സംഘടിപ്പിച്ചു. ബ്ലോക്ക്തല അസോസിയേഷനുകളുടെ രൂപീക രണം ആസൂത്രണം ചെയ്തെങ്കിലും പൂർത്തിയാക്കാനായില്ല. 14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് നട ത്തിയ ദ്വിദിന പരിശീലനം ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ എൻ ബാലഗോപാൽ ഉത്ഘാ ടനം ചെയ്തു. 2022 ഒക്ടോബർ 12 ന് കുളത്തുപ്പുഴയിലെ ഡാമിന് സമീപം സംഘടിപ്പിച്ച വാർഷിക പൊതുയോഗത്തിന്റെ സംഘാടനത്തിനും സംഘടിപ്പിച്ച സ്ഥലം കൊണ്ടും ചർച്ച ചെയ്ത വിഷയ

ങ്ങൾകൊണ്ടും ഒരു പുതിയ അനുഭവമായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ ഡാനിയൽ ഉത്ഘാടനം ചെയ്തു. ജില്ലയിൽ സംഘടിപ്പിച്ച സമ്പൂർണ്ണ ഭരണ ഘടനാ സാക്ഷരതപരിപാടിയിൽ അസോസിയേഷൻ വളരെ വലിയ പങ്കാണ് വഹിച്ചത്.

കാസർകോഡ് ജില്ലാ അസോസയേഷന്റെ പ്രവർത്തനങ്ങൾ വളരെ സജീവവും ശ്രദ്ധേയവുമായ നിലയിലാണ് നടന്നു വരുന്നത്. ആലപ്പുഴ ജില്ല ഒഴികെ അത്യാവശ്യം മറ്റ് എല്ലാ ജില്ലകളും യോഗങ്ങൾ ചേരുന്നതിനും പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

## പൊതു ഇടപെടലുകൾ

### 2021 ആഗസ്റ്റ് 2 മുതൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ

- 2020-21 ലെ സ്പിൽ ഓവർ ലഭിക്കുന്നതിന് വേണ്ട നിരന്തരമായ ഇടപെടൽ നടത്തി അതിന്റെ ഭാഗമായി 50% തുക സർക്കാർ അനുവദിച്ചു.
- പഞ്ചായത്തുകളിൽ നിന്നുള്ള ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്ക് റൂമിന്റെ ആവശ്യത്തിനും പഞ്ചായത്തുമായി ബന്ധപ്പെട്ട ഫയലുകൾ തിരുവനന്തപുരത്തുള്ള ഓഫീസുകളിൽ തിരക്കി വിവരം അറിയിക്കുന്നതിനും ഓഫീസിൽ 2 ജീവനക്കാർക്ക് ചുമതല നൽകുകയും ആ വിവരം എല്ലാ പഞ്ചായത്തുകളേയും അറിയിക്കുകയും ചെയ്തു.
- ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പലകാര്യങ്ങളും പഞ്ചായത്തുമായി കൂടിയാലോചിക്കുന്നില്ല എന്ന പഞ്ചായത്തുകളുടെ പരാതി ചൂണ്ടികാണിച്ച് സർക്കാരിന് നിവേദനം നൽകി.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേർൺ കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഏകീകൃത തദ്ദേശസ്വയംഭരണം വകുപ്പ് വരുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് സർക്കാർ അറിയിച്ചു.
- ബിൽഡിംഗ് പെർമിറ്റും ഡവലപ്പ്മെന്റ് പെർമ്മിറ്റും പാസാക്കി ജിയോളജി വകുപ്പിന് അയച്ച് അനുമതിയും പാസ്സും വാങ്ങിയാണ് മണ്ണ് നീക്കം ചെയ്തിരുന്നത്. എന്നാൽ പഞ്ചായത്ത് ഡയറക്ടർ 03.05.2021 ലെ PAN3370/2021- C6 DPനമ്പർ കത്ത് അനുസരിച്ച് ഡെവലപ്മെന്റ് പെർമിറ്റ് ആദ്യം നൽകിയതിന് ശേഷം മണ്ണ് നീക്കാനും തുടർന്ന് സ്ഥല പരിശോധന നടത്തിയ ശേഷം ബിൽഡിങ്ങ് പെർമിറ്റ് നൽകാനുമാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ബിൽഡിങ്ങ് പെർമിറ്റ് ഇല്ലാതെ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിക്കാൻ കഴിയില്ല എന്നാണ് ജിയോളജി വകുപ്പ് പറയുന്നത്. ഇതേ അവസരത്തിൽ ബിൽഡിംഗ് പെർമിറ്റ് എടുക്കുന്ന ഗുണഭോക്താവിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലത്തെ മണ്ണ് മാറ്റുന്നതിനോ മണ്ണ് നിറയ്ക്കുന്നതിനോ പ്രത്യേകം അനുവാദം ആവശ്യമാല്ലായെന്ന് ചീഫ് ടൗൺ പ്ലാനറുടെ TCPCTP/2164/2020/E3 നമ്പർ കത്തിൽ നിഷ്കർഷിക്കുന്നു. ഈ നിർദ്ദേശങ്ങൾ എല്ലാം പരസ്പര വിരുദ്ധമാണ്. ഇതിന്റെ മറവിൽ മണ്ണ് മാഫിയയുടെ വൻകൊള്ളയും നടക്കുന്നു. നിർദ്ദേശങ്ങളുടെ വൈരുദ്ധ്യം മാറ്റി ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറങ്ങുകയും ചെയ്തു.
- ഗോത്രസാരഥി പദ്ധതി ഇപ്പോൾ പഞ്ചായത്തുകൾ മാത്രമാണ് തുക വകയിരുത്തേണ്ടി വരുന്നത്. നേരത്തേ ഉണ്ടായിരുന്നത് പോലെ ത്രിതല പഞ്ചായത്തുകളും വകുപ്പും ചേർന്ന് ഇതിന്റെ തുക കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കും പട്ടികജാതി വകുപ്പ് മന്ത്രിക്കും നിവേദനങ്ങൾ നൽകിയെങ്കിലും ഇതുവരേയും ഒരു തീരുമാനം ഉണ്ടായില്ല.

- പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് വാഹനം ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിനും ധനകാര്യ വകുപ്പിനും അപേക്ഷ നൽകി എന്നാൽ പ്രസിഡന്റ്മാർക്ക് വാഹനം ആവശ്യമുള്ള പ്പോൾ കോൺട്രാക്റ്റ് വ്യവസ്ഥയിൽ വാഹനം ഉപയോഗിച്ചാൽ മതിയെന്ന് തീരുമാനം അറിയിക്കുകയും ചെയ്തു.
- ത്രിതല പഞ്ചായത്തുകൾക്ക് പ്രോട്ടോക്കോൾ നിശ്ചയിക്കുന്നതിന് അസോസിയേഷന്റെ നിർദ്ദേശം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു രേഖ തയ്യാറാക്കി സമർപ്പിച്ചു.
- പദ്ധതി റിവിഷൻ വേണം എന്ന് പഞ്ചായത്തുകൾ ആവശ്യപ്പെട്ട സമയത്ത് എല്ലാം അസോസി യേഷൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ റിവിഷന് സമയം അനുവദിച്ച് നൽകിയിരു ന്നു.
- ആശ്വാസ കിരണിന്റെ അപേക്ഷകൾ സംസ്ഥാന തലത്തിൽ കെട്ടികിടക്കുന്ന അവസ്ഥയു ണ്ടെന്ന് പഞ്ചായത്തുകൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്തുകളിൽ തന്നെ ഇത്തരം അപേക്ഷകൾ വാങ്ങി പാസ്സാക്കി നൽകാൻ കഴിയുന്ന തരത്തിൽ ഉത്തരവ് ഉണ്ടാകണ മെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് നൽകിയെങ്കിലും തീരുമാനം ഉണ്ടായില്ല.
- ടേക്ക് എ ബ്രേക്ക് സ്ഥാപിക്കാൻ പഞ്ചായത്തുകൾക്ക് റവന്യൂ ഭൂമി ലഭ്യമാക്കണമെന്ന് സർക്കാരി നോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഭൂമി ടേക്ക് എ ബ്രേക്ക്, പൊതു കൃഷി എന്നിവയ്ക്ക് ലഭ്യമാക്കുന്നതിന് തീരുമാനമായിട്ടുണ്ട്.
- പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗിന് ഒരു ക്ലർക്കിനെ അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി ഒരാളെ പോസ്റ്റ് ചെയ്യാനു ള്ള അനുവാദം ലഭിക്കുകയുണ്ടായി.
- വിരമിക്കുന്ന ജീവനക്കാർക്ക് ഏത് പഞ്ചായത്തിൽ നിന്നാണോ വിരമിക്കുന്നത് ആ പഞ്ചായ ത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുന്ന അവസ്ഥയാണുള്ളത് ഇത് പഞ്ചായത്തുകൾക്ക് വലിയ ബാധ്യതയുണ്ടാക്കുന്നു. ഇതിന് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് പ്രോപ്പോസൽ നൽകിയെങ്കിലും ഇതുവരേയും തീരുമാനം ആയില്ല.
- പഞ്ചായത്തുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചപ്പോൾ ഒട്ടേറെ പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസിനും കുറച്ച് പഞ്ചായത്തുകൾക്ക് നോൺ റോഡ് മെയിന്റനൻസിലും വലിയ കുറവ് സംഭവിച്ചു. ഇത്തരത്തിൽ കുറവ് സംഭവിച്ച പഞ്ചായത്തുകളിൽ നിന്നും വിവരം ശേഖരിച്ച് ക്രോഡീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനും ധനകാര്യ വകുപ്പിനും സമർപ്പിച്ചു. ഇതിന്റെ അടി സ്ഥാനത്തിൽ ഡി.ഡി.സി മുഖേന സർക്കാർ നേരിട്ട് കുറവ് വന്ന പഞ്ചായത്തുകളെ സംബന്ധിച്ച അന്വേഷണം പൂർത്തിയാക്കാറായി.
- പെൻഷൻ മസ്റ്ററിംഗിനായി സൈറ്റ് ഓപ്പൺ ചെയ്ത് ലഭിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെ ട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് ഓപ്പൺ ചെയ്ത് ഉത്തരവ് ഇറങ്ങി.
- നിർവ്വഹണത്തിന്റെയും ആസൂത്രണത്തിന്റേയും സമയത്ത് VEO- മാർ ICDS- സൂപ്പർവൈ സർമാർ എന്നിവർക്ക് ദീർഘകാല പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇത് നിർത്തി വയ്ക്കണ മെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പ്രൊബേഷൻ കാലയ ളവ് പൂർത്തിയാകുന്നവർക്ക് ഒഴികെയുള്ള എല്ലാവരുടേയും പരിശീലനം നിർത്തി വച്ചു.
- ജനുവരി 31 ന് മുന്നെ CFCഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതി രൂപീകരണം പൂർത്തിയാക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ട് ആ വിവരം വിശദീകരിക്കാനായി വിളിച്ച യോഗത്തിന്റെ അടിസ്ഥാന ത്തിൽ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് കത്ത് തയ്യാറാക്കി എല്ലാ പഞ്ചായത്തുകൾക്കും അയച്ചു. കൂടാതെ ജില്ലാ പഞ്ചായ ത്തുകളുടെ നേതൃത്വത്തിൽ സമയബന്ധിതമായി ഈ പ്രവർത്തനം പൂർത്തിയാക്കാൻ വേണ്ട ഇട

പെടലും നടത്തി. കൂടാതെ ഇതിന്റെ ഡേറ്റ എൻട്രി ചെയ്യുന്നതിന് സോഫ്റ്റ് വെയറിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായ ഇടപെടലുകളും നടത്തി.

- രണ്ടാം ഘട്ട കോവിഡ് തരംഗം ആരംഭിച്ചപ്പോൾ CFLTC, DCC, War Room തുടങ്ങിയവ ആരംഭിക്കുമ്പോൾ പഞ്ചായത്തിന് അത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നുവെന്നും അത് പരിഹരിക്കുന്നതിന് അഡ്വാൻസായി തുക അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.
- സപ്ലൈകോ, മാവേലി സ്റ്റോറുകൾ എന്നിവയുടെ വാടക നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കി നൽകി. ഇതിൽ അഞ്ച് വർഷത്തിൽ കൂടുതൽ വാടക കൊടുക്കാൻ കഴിയില്ലയെന്നത് ഒഴികെ നമ്മുടെ എല്ലാ പ്രപ്പോസലും സർക്കാർ അംഗീകരിച്ച് കോഡിനേഷൻ കമ്മറ്റി തീരുമാനമെടുക്കണം.
- ILGMS-സോഫ്റ്റ്‌വെയറിൽ ഉണ്ടായ പ്രശ്നങ്ങൾ പഞ്ചായത്ത് ചൂണ്ടി കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി ആദ്യ ആഴ്ചയിൽ തന്നെ പ്രശ്നങ്ങൾ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും അഡീഷണൽ ചീഫ് സെക്രട്ടറിക്കും കത്ത് നൽകുകയുണ്ടായി.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലാപ്ടോപ്പ് വാങ്ങുന്നതിന് പ്രൊജക്റ്റ് വച്ചിരുന്നു. എന്നാൽ നിലവിലെ സ്പെസിഫിക്കേഷൻ അനുസരിച്ച് സർക്കാർ നിശ്ചയിച്ചിരുന്ന വിലയ്ക്ക് ലാപ്ടോപ്പുകൾ ലഭ്യമല്ല. ഈ ഇഷ്യൂ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ജനുവരി അവസാന വാരം തന്നെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും കത്ത് നൽകി.
- വൈദ്യുതി നിരക്ക് വർദ്ധനവിനെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ബാധ്യതയെ കുറിച്ച് ബഹു. മുഖ്യ മന്ത്രി, ബഹു: വൈദ്യുതി വകുപ്പ് മന്ത്രി, ബഹു. തദ്ദേശസ്വയംഭരണ മന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്ക് കത്ത് നൽകി.
- മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഇലക്ട്രിക് പിക്ക് അപ്പ് വാങ്ങുന്നതിനെ സംബന്ധിച്ച് 16.03.2022 ൽ അഡീഷണൽ ചീഫ് സെക്രട്ടിക്ക് കത്ത് വീണ്ടും നൽകി.
- ജെം വഴി സാധനങ്ങൾ വാങ്ങുന്നതിലെ കാലതാമസവും ലഭ്യതകുറവും സംബന്ധിച്ച് ഒരു കത്ത് ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിക്കും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും നൽകി. ഈ പ്രശ്നം പരിഹരിക്കുന്നതിന് വിശദമായ റിപ്പോർട്ട് പ്ലാനിംഗ് ബോർഡിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.
- ട്രഷറിയിൽ മാർച്ച് 31 ന് കൂടി ബില്ലുകൾ സ്വീകരിക്കാനുള്ള തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്കും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിക്കും അപേക്ഷ നൽകുകയും ബഹു.മന്ത്രിമാരേയും, ധനകാര്യ വകുപ്പിലേയും തദ്ദേശസ്വയംഭരണ വകുപ്പിലേയും പ്രൈവറ്റ് സെക്രട്ടറിമാരെ ട്രഷറി ഡയറക്ടറേയും നിരന്തരമായി ബന്ധപ്പെട്ട് 31 ന്കൂടി ബില്ല് സ്വീകരിക്കാൻ വേണ്ട ഇടപെടൽ നിരന്തരം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ബില്ലുകളും സ്വീകരിക്കാനുള്ള നടപടിയുണ്ടായില്ലെങ്കിലും 30 നും 31 നുമായി അനുവദിച്ച ഗ്യാപ് ഫണ്ട് ക്യാരി ഓവർ തുകയുടെ 50% എന്നിവയുടെ ബില്ലുകൾ സ്വീകരിക്കാനുള്ള സംവിധാനമുണ്ടായി. ഫെബ്രുവരി മാസം മുതൽ ക്യാരി ഓവർ തുക തരണമെന്ന് നമ്മൾ നിരന്തരം ആവശ്യപ്പെട്ടെങ്കിലും മാർച്ച് 31 നാണ് 50% തുക അനുവദിച്ചത്. ഈ തുക റീ അലോട്ട് ചെയ്യാമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി സമ്മതിച്ചിട്ടുണ്ട്.

ഇന്നത്തെ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31 ന് അനുവദിച്ച തുകകൾ റീ അലോട്ട് ചെയ്യാനും, ക്യാരി ഓവറിന്റെ ബാക്കി 50% തുക അനുവദിക്കാനും, 2020-21 ലെ ധന

കാര്യ കമ്മീഷൻ വിഹിതത്തിൽ ബാക്കി വന്ന തുകയിൽ വിനിയോഗിക്കാൻ കഴിയാത്ത തുകയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകി

- പദ്ധതി ആസൂത്രണം സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റികൾ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവർ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് വിശദമായ കുറിപ്പ് തയ്യാറാക്കി എല്ലാ പഞ്ചായത്തുകൾക്കും അയച്ചു കൊടുത്തു.
- മേൽകൂര മാറ്റി വീട് വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് 75,000 രൂപയും പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് 1 ലക്ഷം രൂപയുമാണ്. വീട് വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് 1.5 ലക്ഷം രൂപയുമാണ്. ഇത് മേൽകൂര പുതുക്കി പണിയാൻ ജനറൽ 1,00,000 രൂപയും പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക 1,25,000 രൂപയും വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിന് 1,50,000 രൂപയും പട്ടിക ജാതി വിഭാഗത്തിന് 2,00,000 രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 2,25,000 രൂപയും ആക്കണമെന്ന് ആവശ്യപ്പെട്ടു.
- ഒരു ലക്ഷം രൂപ വരെയുള്ളത് ഇ-ടെന്റർ ചെയ്യണ്ടയെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഗൈഡ്ലൈൻ പരാമർശം നിലനിൽക്കെ എല്ലാ വർക്കുകളും ഇ-ടെന്റർ ചെയ്യണമെന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവ് ഇറങ്ങുകയുണ്ടായി. ഉത്തരവുകളിലെ ഈ കൺഫ്യൂഷൻ പരിഹരിക്കാനും ഇ-ടെന്റർ പരിധി വർദ്ധിപ്പിക്കാനും സർക്കാരിനോട് ആവശ്യപ്പെട്ടു.
- തനത് ഫണ്ടിന്റെ 15% അധീകരിച്ച് മാത്രമെ പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂയെന്നത് ഈ വർഷത്തേക്ക് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു.
- നിലവിലെ ആശ്രയ പ്രോജക്റ്റ് വേണ്ട ഭേദഗതികളോടെ നടപ്പിലാക്കാൻ ഉതകുന്ന തരത്തിൽ അസോസിയേഷൻ നിർദ്ദേശം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു.
- പൊതുടാപ്പുകൾ ഉപയോഗിക്കാത്തതിന് പോലും വാട്ടർ അതോറിറ്റി ബില്ല് ചെയ്ത് പൈസ വാങ്ങുന്നുണ്ട്. അടിയന്തിരമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഇതിന് പരിഹാരം ഉണ്ടാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.
- മരാമത്ത് പണികളുടെ ജി.എസ്.റ്റി 18% ആക്കി വർദ്ധിപ്പിച്ചപ്പോൾ അത് വർക്ക് പൂർത്തിയായതിനും ടെന്റർ ചെയ്തതിനും ബാധകമാക്കരുത് എന്ന് ചൂണ്ടികാണിച്ച് സർക്കാരിന് കത്ത് നൽകി. ഇത് പരിഗണിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങുകയും ചെയ്തു.
- സകർമ്മ സോഫ്റ്റ് വെയറിൽ വരുത്തിയ മാറ്റം ഉണ്ടാക്കിയ പ്രശ്നങ്ങൾ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച് സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

## കില

ഒരു പരിശീലന കേന്ദ്രം എന്നതിനപ്പുറം അധികാര വികേന്ദ്രീകരണത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിനും മുന്നോട്ടുള്ള പ്രയാണത്തിൽ നിർണ്ണായ പങ്ക് വഹിക്കാനും ഒരു സ്ഥാപനമായി മാറി. ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന പരിഗണിക്കപ്പെടുന്ന ഒരു സ്ഥാപനമായി കില അടുത്തകാലങ്ങളിൽ വളർന്ന് കഴിഞ്ഞുയെന്നത് നമുക്ക് ഏവർക്കും അഭിമാനിക്കാം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കിലയുടെ ജനറൽ കൗൺസിൽ അംഗമാണ്.

ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ എല്ലാ അക്കാഡമിക് പ്രവർത്തനങ്ങൾക്കും എല്ലാവിധ സഹായവും പിൻതുണയും നൽകുന്നത് കിലയാണ്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടേയും ശ്രമത്തിന്റെ ഫലമായാണ് കില രൂപം കൊള്ളുന്നത് തന്നെ. ഏത് പഞ്ചായത്ത് എന്ത് പരിശീലനവും അക്കാഡമിക് പിൻതുണയും ആവശ്യപ്പെട്ടാൽ കില ആ സഹായം നൽകുന്നുയെന്നത് കില നമ്മുടേതാണ് എന്നതിന്റെ ലക്ഷണമാണ്.

കാലാവസ്ഥാ വ്യതിയാനത്തിൽ, പ്രളയകാലത്ത് കോവിഡ് പ്രവർത്തനങ്ങളിൽ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ ലോക്കലൈസ് ചെയ്യുന്നതിൽ പുത്തൻ ദിശാബോധം സൃഷ്ടിക്കുന്നതിന് കിലക്ക് കഴിഞ്ഞു. കില പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ ആരംഭിച്ച് ഒര് പുത്തൻ കാൽവയ്പ്പ് കൂടി നടത്തിയിരിക്കുന്നു. ഇത്തരത്തിൽ വളർച്ചയുടെ പടികൾ കയറുമ്പോഴും ചില വിമർശനങ്ങളും അഭിമുഖീകരിക്കേണ്ടതായുണ്ട്.

- വികേന്ദ്രീകരിച്ച് നടത്തുന്ന പരിശീലനങ്ങളുടെ ക്വാളിറ്റി കുറയുന്നു. പരിശീലകർ പലപ്പോഴും സ്ലൈഡ് വായിക്കുക, നോട്ട് വായിക്കുക, വേഗത്തിൽ പറഞ്ഞ് തീർക്കുക എന്ന അവസ്ഥയിലേക്ക് മാറിയിരിക്കുന്നതായി പലഭാഗത്ത് നിന്നും പരാതി ഉയർന്നു. ഇത് പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു.
- കിലയുടെ തനതായിട്ടുള്ള പരിശീലനങ്ങളേക്കാൾ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവരുടെ പരിശീലനങ്ങൾ നടത്തേണ്ടി വരുമ്പോൾ അതിന്റെ അക്കാഡമിക് നിലവാരം കുറയുന്നതിന് നിയന്ത്രിക്കാൻ കഴിയാതെ പോകുന്നു.
- അധികാര വികേന്ദ്രീകരണത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിനും പുത്തൻ ദിശാബോധം സൃഷ്ടിക്കുന്നതരത്തിലുള്ള റിസേർച്ച് പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

# IKM

ഇന്ത്യയുടെ ചരിത്രത്തിൽ ആസൂത്രണവും, നിർവ്വഹണവും മോണിറ്ററിംഗും, സേവന പ്രദാനവും ഓൺലൈനാക്കാൻ കഴിഞ്ഞത് ചരിത്രസംഭവം തന്നെയാണ്. അതിന് നേതൃത്വം നൽകുന്ന ഇൻഫർമേഷൻ കേരളാ മിഷൻ പ്രശംസ അർഹിക്കുന്നു. അസോസിയേഷൻ പ്രസിഡന്റ് ഇതിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമാണ്. സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് അപ്പപ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ IKM-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സോഫ്റ്റ് വെയറുകളുടെ വേഗത വർദ്ധിപ്പിക്കുന്നതിൽ അപ്പപ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ IKM ഇനിയും മാറേണ്ടിയിരിക്കുന്നു.

## സംസ്ഥാന ആസൂത്രണബോർഡ്

പഞ്ചായത്തുകളുടെ ആസൂത്രണ നിർവ്വഹണ ഗൈഡ് ലൈൻ തയ്യാറാക്കുന്നതിൽ മോണിറ്റർ ചെയ്യുന്നതിൽ, പഞ്ചായത്തുകൾക്ക് വേണ്ട പിൻതുണ നൽകുന്നതിൽ, അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും പുത്തൻ ദിശാബോധം ഉണ്ടാക്കുന്നതിൽ ഒക്കെ വളരെ വലിയ പങ്കാണ് സംസ്ഥാന ആസൂത്രണ ബോർഡും അതിന്റെ ഭാഗമായിട്ടുള്ള SRG യും വഹിക്കുന്നത്. മുൻകാലങ്ങളിൽ ആസൂത്രണബോർഡ് ഇതുമായി ബന്ധപ്പെട്ട് ഏത് പരിപാടി ആസൂത്രണം ചെയ്യുമ്പോഴും കൂടിയാലോചനകൾ ഉണ്ടായിരിന്നതാണ്. എന്നാൽ ഇപ്പോൾ അസോസിയേഷനിൽ നിന്ന് അഭിപ്രായം വാങ്ങുകയെന്നതിനപ്പുറം കൂട്ടായ ചർച്ചകൾ ഇല്ലാതായിരിക്കുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസ്സുകൾ, ഡി.ഡി.പി ഓഫീസ്സുകൾ എന്നിവ അസോസിയേഷൻ ജില്ലാ കമ്മറ്റികളുമായി ഒട്ടുമിക്ക ജില്ലകളിലും നല്ല നിലയിൽ ആശയ വിനിമയം നടത്തി മുന്നോട്ട് പോകുന്നു.

## കുടുംബശ്രീ മിഷൻ

പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഏറ്റവും അടുത്ത് നിന്ന് പ്രവർത്തിക്കുന്ന ഏറ്റവും വലിയ സ്വതന്ത്ര സംഘടനാ സംവിധാനമാണ് കുടുംബശ്രീ. കുടുംബശ്രീയിൽ നടപ്പിലാക്കുന്ന വലിയ പരി

പാടികൾ വിഭാവനം ചെയ്യുമ്പോൾ ഗ്രാമപഞ്ചായത്ത് അസോസിയേഷനുമായി മുൻകാലങ്ങളിൽ കൂടിയാലോചനകൾ ഉണ്ടായിരുന്നു. ഇന്ന് അത്തരത്തിലുള്ള ഒരുവിധം കൂടിയാലോചനകളും നടക്കുന്നില്ല. പലപ്പോഴും പഞ്ചായത്തുകളിൽ CDS ചെയർപേഴ്സൺസ് വന്ന് പറയുമ്പോഴാണ് പഞ്ചായത്തുകൾ ആ വിവരം അറിയുന്നത് തന്നെ. സുഖമമായ ആശയ വിനിമയം നടക്കാത്ത പഞ്ചായത്തുകളിൽ ചില പരിപാടികൾ അറിയുകപോലും ഇല്ല. എന്നാൽ പ്രശ്നങ്ങൾ വരുമ്പോൾ പഞ്ചായത്തുകൾ ഇടപെടുകയും വേണം. പല പരിപാടികളും അതിന്റെ വിജയത്തിലെത്തിക്കാൻ കഴിയാതെ പോകുന്നത്, ഇന്റഗ്രേഷൻ ഉറപ്പാക്കാൻ കഴിയാതെ പോകുന്നത് ഇത്തരത്തിലുള്ള ആശയ വിനിമയത്തിന്റെ അഭാവമാണ്.

## ശുചിത്വ മിഷൻ

കേരളത്തിലെ ശുചിത്വപരിപാലനത്തിൽ പഞ്ചായത്തുകളെപ്പോലെ നിർണ്ണായകമായ പങ്കാണ് ശുചിത്വമിഷൻ വഹിക്കുന്നത്. ശുചിത്വ മിഷനും ഗ്രാമപഞ്ചായത്ത് അസോസിയേഷനും പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും നിരന്തര ആശയ വിനിമയം നടത്തിയിരുന്നു. എന്നാൽ ഇന്ന് കേവലം ചില പരിപാടികളിലെ പങ്കാളിത്തം മാത്രമായി ഇത് ഒതുങ്ങിയിരിക്കുന്നു. കൊല്ലം ജില്ലയിൽ അടുത്തിടെ ഒരു പരിപാടിയിൽ നിന്നും അസോസിയേഷന് ഒഴിവാക്കുന്ന അവസ്ഥവരെ ഉണ്ടായിട്ടുണ്ട്. പ്രാദേശികമായി ശുചിത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഗ്രാമപഞ്ചായത്തുകളോട് തോളോട് തോളോട് ചേർന്ന് പ്രവർത്തിക്കാൻ, നിരന്തരം ആശയ വിനിമയം ഉറപ്പാക്കാൻ, ആവശ്യപ്പെടുന്നിടത്ത് കൃത്യമായ സാങ്കേതിക സഹായം ഉറപ്പാക്കാൻ ശുചിത്വ മിഷന് ഉത്തരവാദിത്വം ഉണ്ട്. ഇത് ഫലപ്രദമാകണമെങ്കിൽ കൃത്യമായ ആശയ വിനിമയം അനിവാര്യമാണ്.

# MGNREGS Mission

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംഘടിപ്പിച്ച പ്രസിഡന്റുമാർക്കുള്ള ദ്വിദിന പരിശീലനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിഷയ അവതരണത്തിൽ എല്ലാ ജില്ലകളിലുംപരിശീലകരെ ലഭ്യമാക്കിയിരുന്നു. എന്നാൽ MGNREGS- ൽ പുതിയ മാറ്റങ്ങൾ സംബന്ധിച്ച് പഞ്ചായത്തുകളുമായി ആശയ വിനിമയം നടത്താൻ ജനറൽ സെക്രട്ടറി പങ്കെടുത്ത യോഗത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് തീയതി അടക്കം നിശ്ചയിച്ചെങ്കിലും തുടർന്ന് ഒരു നീക്കവും മിഷന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വാട്സ് ആപ്പ് ഗ്രൂപ്പുവഴി ആശയ വിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പ്രശ്നങ്ങൾ പരിഹരിക്കാനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- ചില ജില്ലകളിൽ നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച് പൂർണ്ണരൂപം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നില്ല.
- സ്പെസിഫിക്കേഷൻ സമയാസമയങ്ങളിൽ മാനേജ് ചെയ്യുന്നതിലുള്ള പരാജയം.
- ആവശ്യമായ മെറ്റീരിയലുകൾ ഉൾപ്പെടുത്തുന്നതിലും, മെറ്റീരിയൽ കോസ്റ്റ് അപ്ഡേറ്റ് ചെയ്യുന്നതിലും പലയിടത്തും വീഴ്ചയുണ്ട്.
- MGNREGS - AE, ഓവർസിയർ എന്നിവർക്ക് വേണ്ടുന്ന ട്രെയിനിംഗ് സമയത്ത് നൽകുന്നില്ല.
- MGNREGS- ന്റെ പരിശീലനത്തിനായി KILA യിൽ പ്രത്യേകം വിങ്ങ് ഉണ്ടാവണം.
- വ്യക്തിഗത ആസ്തി വികസനത്തിന്റെ ഭാഗമായുള്ള മെറ്റീരിയൽ കോസ്റ്റ് ST:6 ലക്ഷം, SC:5 ലക്ഷം, മറ്റുള്ളവർ 4 ലക്ഷം എന്നിങ്ങനെ ലേബറോടുകൂടി പദ്ധതി ഉണ്ടെങ്കിലും ചില ജില്ലകളിൽ

ഗ്രാമപഞ്ചായത്തിൽ ആസൂത്രണം ചെയ്യുവാനുള്ള നടപടി എടുക്കുന്നതിൽ ഡയറക്ടറേറ്റ്, ജെ. പി.സി, ബ്ലോക്ക് എന്നിവരുടെ പ്രവർത്തനം പരാജയമാണ്. അത് ഗൗരവത്തോടെ ശ്രദ്ധിക്കേണ്ട താണ്.

- ഇത്രയേറെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയും ഇത്രകണ്ട് തുക വിനിയോഗിക്കുകയും ചെയ്യുന്ന MGNREGS- ന്റെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ ജില്ല, ബ്ലോക്ക് തല ത്തിലെങ്കിലും സ്ഥിരം അല്ലെങ്കിൽ ഡെപ്യൂട്ടേഷൻ ജീവനക്കാരെ ടെക്നിക്കൽ വിങ്ങിൽ ഉൾപ്പെ ടുത്തണം.
- SC,ST, BPL എന്നിവർക്ക് ആദ്യ പരിഗണന നൽകണം. എന്നാൽ മറ്റുള്ളവരാണ് സംരംഭത്തി ലേക്ക് വരുന്നവരെങ്കിൽ അവരേയും പരിഗണിക്കണം. ഗുണഭോക്താക്കളെ പരിഗണിക്കുമ്പോൾ ഒരു കാറുള്ളവരെ ഒഴിവാക്കുന്നത് ശരിയല്ല. ഇടത്തരം കുടുംബങ്ങളാണ് കൃഷി, മൃഗസംരക്ഷണ മെഖലയിൽ സംരംഭകരായി വരുന്നത് അവർക്ക് MGNREGS-ന്റെ ആനുകൂല്യം പരമാവധി ലഭ്യ മാക്കാൻ കഴിയണം.
- SC/ST വിഭാഗങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് വിവിധ ഡിപ്പാർട്ട്മെന്റുകൾ ഏകോ പനം ഉണ്ടാവണം. (SC/ST ഡിപാർട്ട്മെന്റുകൾ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, ഡയറി ഡെവലപ്മെന്റ്, SHM, SFAC)
- ഒരു ഗ്രാമപഞ്ചായത്തിലേക്ക് ആവശ്യമായ മെറ്റീരിയൽസ് സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തു വാൻ ഡിപ്പാർട്ട്മെന്റ് കൂടുതൽ ശ്രദ്ധിക്കണം.
- മെറ്റീരിയൽ വർക്ക് ചെയ്തതിന്റെ തുക ഇനിയും ലഭിക്കാത്ത ജില്ലകളുണ്ട്.
- MGNREGS-ന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയാൽ നിലവിലെ സാഹചര്യത്തിൽ റിവൈസ് ചെയ്യാൻ കഴിയുന്നില്ല. MGNREGS-ന്റെ എസ്റ്റിമേറ്റുകൾ അടിയന്തിര ഘട്ടങ്ങളിൽ റിവിഷൻ വരുത്താൻ അനുമതി നൽകണം.
- പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളെ ജീവനക്കാരുടെ പട്ടികയിൽപ്പെടുത്തി MGNREGS-മായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നില്ല. എന്നാൽ ലയങ്ങളിൽ താമസി ക്കുന്ന ഇവരുടെ ജീവിതം വലിയ ദുരന്തത്തിലാണ്. ഇവർക്ക് MGNREGS-ന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയണം.
- വ്യക്തിഗത ആനുകൂലങ്ങളുടെ പരിധി 4 ലക്ഷവും ഗ്രൂപ്പ് സംരക്ഷണങ്ങൾക്കുള്ള ആനുകൂല്യ ങ്ങൾ എസ്റ്റിമേറ്റിന് അനുസരിച്ച് പൂർണ്ണമായും നൽകാൻ കഴിയുമായിരുന്നു. എന്നാൽ കോഴി ഫാം, ഗ്രൂപ്പായി തുടങ്ങിയ ഇപ്പോൾ ആനുകൂല്യം 5 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് വീണ്ടും നേരത്തെയുണ്ടായിരുന്ന രീതിയിൽ തന്നെ നടപ്പിലാക്കാൻ വേണ്ടുന്ന സംവിധാനമുണ്ടാ ക്കണം.

അസോസിയേഷൻ നൽകിയ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബഹു. തദ്ദേ ശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എം.വി ഗോവിന്ദൻ മാസ്റ്റർ MGNREGS-ഡയറക്ടർക്ക് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ അസോസിയേഷൻ ജനറൽസെക്രട്ടറിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ഭൂരിഭാഗം പ്രശ്നങ്ങളും പരിഹരിക്കുകയുണ്ടായി.

## വരവ് ചെലവ് കണക്ക്

## 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ

| Sl. No | Particulars | Amount (Debit) | Particulars | Amount (Credit) |
|---|---|---|---|---|
| | | | **To Opening Balance**<br>By Cash - 1040.00<br>By Bank(Canara) - 6245.52<br>By Bank(SIB) -19,12,896.17 | 19,20,181.69 |
| 1 | Academic Programs | 1,29,583.00 | Rental Income | 97,4820.00 |
| 2 | Advance Refund | 90,000.00 | Panchayath Bhavan Fund | 23,45,000.00 |
| 3 | Bank Charges | 1299.00 | Subscription Fee | 31,62,683.00 |
| 4 | Onam Bonus for Staffs | 22750.00 | KILA | 9,11,599.00 |
| 5 | Committee Food Expenses | 1,02,201.00 | Bank Interest | 12,750.00 |
| 6 | Electricity Expences | 10355.00 | | |
| 7 | Electricity Charges | 4,01,633.00 | | |
| 8 | AMC | 3245.00 | | |
| 9 | Executive Committee Exp. | 4,26,342.00 | | |
| 10 | Fuel Charges | 88029.00 | | |
| 11 | General Body Exp(02.08.2021) | 9,18,732.00 | | |
| 12 | GST | 65910.00 | | |
| 13 | Insuarance (Car& Two wheeler) | 8853.11 | | |
| 14 | News Paper | 7002.00 | | |
| 15 | Photo Documentation | 13800.00 | | |
| 16 | Postal Expenses | 19205.00 | | |
| 17 | Printing & Stationery | 30192.00 | | |
| 18 | Repair & Maintance | 81741.00 | | |
| 19 | Salary & Allowances | 21,42,916.00 | | |
| 20 | TA & DA | 9,94,637.00 | | |
| 21 | Telephone Charges | 23,103.00 | | |
| 22 | Traveling Expenses(Staff) | 893.00 | | |
| 23 | Cable Charges(TV) | 25,398.00 | | |
| 24 | Wages and Labour Charges | 47,055.00 | | |
| 25 | Water Charges | 518.00 | | |
| 26 | Building Renovation | 29,09,893.00 | | |
| 27 | Miscellianeous Exp | 35,024.00 | | |
| 28 | **Expense Total** | **86,00,309.11** | | |

| | | | | |
|---|---|---|---|---|
| 29 | **Closing Balance**<br>By Cash - 1526.00<br>By Bank(Canara) - 5,26,635.39<br>By Bank(SIB) - 1,98,563.19 | 726724.58 | | |
| | | **93,27,033.69** | | **93,27,033.69** |

### തുടർ പ്രവർത്തനങ്ങൾ

അടുത്ത ഒരു വർഷ കാലയളവിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഗ്രാമപഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, തടസ്സങ്ങൾ എന്നിവ ഏറ്റെടുത്ത് പരിഹരിക്കാൻ ഇടപെടുന്നതോടൊപ്പം സർക്കാർ വിഭാവനം ചെയ്യുന്ന പരിപാടികൾ വിജയിപ്പിക്കാനും പുത്തൻ ആശയങ്ങൾ രൂപപ്പെടുത്താനും വരുത്തേണ്ട മാറ്റങ്ങൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് സർക്കാരിൽ എത്തിക്കാനും ശ്രമിക്കും. അതോടൊപ്പം ഏറ്റെടുക്കുന്ന മറ്റ് ചില പ്രവർത്തനങ്ങളും നിങ്ങളുടെ അറിവിലേക്കും നിർദ്ദേശങ്ങൾക്കും പുതിയ ആശയങ്ങൾ രൂപപ്പെടുത്തുന്നതിനുമായി സമർപ്പിക്കുന്നു.

1. ബ്ലോക്ക്തല അസോസിയേഷനുകളുടെ രൂപീകരണം എല്ലാ ജില്ലയിലും പൂർത്തിയാക്കണം
2. എല്ലാ ജില്ലയിലും ഏപ്രിൽ മാസം മുതൽ, വിവിധ മേഖലയിലെ പ്രധാന ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സംസ്ഥാന ഭാരവാഹികൾ എന്നിവരെ പങ്കെടുപ്പിച്ച് ജനറൽ ബോഡികൾ സംഘടിപ്പിക്കണം.
3. ഏപ്രിൽ മാസത്തിൽ പഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെയുള്ള പഞ്ചായത്ത് കലോത്സവങ്ങൾ സംഘടിപ്പിക്കണം.
4. കാർഷിക ഉത്പാദനോപാധികൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, നൂതന ആശയങ്ങൾ, സാങ്കേതിക വിദ്യ, മാതൃകാ പ്രവർത്തനങ്ങളുടെ അവതരണങ്ങളും പ്രദർശനവും തുടങ്ങിയവ കോർത്തിണക്കി അഗ്രിഫെസ്റ്റ് സംഘടിപ്പിക്കും.
5. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ സംവിധാനങ്ങൾ സ്ഥാപനങ്ങൾ എന്നിവ വഴി നൽകുന്ന സേവനങ്ങൾ സ്കീമുകൾ തുടങ്ങിയ വിവരങ്ങൾ പഞ്ചായത്തുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ലിസ്റ്റ് ചെയ്ത് പുസ്തകമാക്കി പരിശീലനം സംഘടിപ്പിക്കും.
6. പ്രസിഡന്റ്മാർക്ക് നേതൃത്വം വിവിധ മാനേജ്മെന്റുകൾ, മോണിറ്ററിംഗ്, ഡോക്യുമെന്റേഷൻ, നൂതന ആശയങ്ങൾ വികസിപ്പിക്കൽ തുടങ്ങിയവയുടെ സാങ്കേതികത്വം ടെക്നിക്സ് എന്നിവ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ദ്വിദിന പരിശീലനങ്ങൾ സംഘടിപ്പിക്കും.
7. എല്ലാ പ്രസിഡന്റ്മാർക്കും നൂതന ആശയങ്ങൾ, മാതൃകാ പ്രവർത്തനങ്ങൾ എന്നിവ കാണാനും പഠിക്കാനുമുള്ള കൂട്ടായ യാത്രകൾ കിലയുമായി ചേർന്ന് സംഘടിപ്പിക്കാനുള്ള സംവിധാനമൊരുക്കും.
8. സർക്കാർ, ഹൗസിംഗ് ബോർഡ്, ഹഡ്കോ, കോസ് ഫോർഡ്, മൈത്രി തുടങ്ങിയവരുമായി ആലോചിച്ച് വീട് മെയിന്റനൻസിനുള്ള ഒരു മോഡൽ പ്രൊജക്റ്റ് തയ്യാറാക്കാനുള്ള സംവിധാനമൊരുക്കും.
9. റോഡ് കുഴികൾ നികത്തി സംരക്ഷിക്കുന്നതിന് അപ്പപ്പോഴുള്ള മെയിന്റനൻസുകൾ നടത്തുന്നതിനും വേണ്ടി ഒരു സമഗ്ര പ്രപ്പോസൽ തയ്യാറാക്കും.
10. എല്ലാ ജില്ലയിലും അസോസിയേഷനുകൾക്ക് ഓഫീസ് ആരംഭിക്കാനുള്ള പരിപാടികൾ ആലോചിക്കണം.

11. നമ്മൾ പ്രവർത്തനങ്ങൾ ആരംഭിച്ച കാർഷിക സമഗ്ര സുസ്ഥിര വികസനം, വയോജന ക്ഷേമം, ചലഞ്ചിഡ് പേഴ്സൺസിനുള്ള സമഗ്ര പദ്ധതി, ഹെൽത്തി ആന്റ് ഹാപ്പിയസ്റ്റ് സ്കൂൾ എന്നീ പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിലെത്തിക്കാനുള്ള പരിപാടികൾ നടപ്പിലാക്കും.
12. സുസ്ഥിര വികസന ലക്ഷ്യങ്ങൾ, പട്ടികജാതി, പട്ടിക വർഗ്ഗം, സമഗ്ര ആരോഗ്യം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കണം.
13. അനുഭവങ്ങൾ പങ്ക് വയ്ക്കാൻ ഉതകുന്ന തരത്തിൽ പഞ്ചായത്ത് ടു പഞ്ചായത്ത് പരിപാടി നടപ്പിലാക്കും.
14. പഞ്ചായത്തുകൾ ചെയ്യുന്ന മാതൃകാ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാനും വിഷയാടിസ്ഥാനത്തിൽ അവതരണങ്ങൾ നടത്താനുള്ള സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യും.
15. ഓഫീസ്സിൽ ലൈബ്രറി സംവിധാനമൊരുക്കാനും രണ്ട് ലിഫ്റ്റും, ഒരു എ.സി ഡോർമെട്രിയും സജ്ജീകരിക്കും.
16. മറ്റ് സംസ്ഥാനങ്ങളിലേയും മറ്റ് രാജ്യങ്ങളിലേയും നമ്മളോട് സമാന സ്വഭാവമുള്ള അസോസിയേഷനുകളുടെ സംഗമം കിലയുമായി ചേർന്ന് സംഘടിപ്പിക്കും.
17. വരിസംഖ്യ, പഞ്ചായത്ത് ഭവൻ പുനരുദ്ധാരണ ഫണ്ട് എന്നിവയുടെ കുടിശ്ശിക ഈ വർഷം തീർക്കാനുള്ള ശ്രമം നമ്മൾ ഒരുമിച്ച് നടത്തും.

റിപ്പോർട്ടും വരവ് ചെലവ് കണക്കും ജനറൽബോഡിയുടെ അംഗീകാരത്തിനും അഭിപ്രായങ്ങൾക്കുമായി സമർപ്പിക്കുന്നു.

കെ.സുരേഷ്
ജനറൽ സെക്രട്ടറി